~~1414~~ 14
884

# സിനിമയുടെ ജനനം

[illegible] V. SMARAKA GRANDHASALA
[illegible]
THENNOORKONAM,
VIZHINJAM

[illegible] GRANDHA SALA
THENNOORKONAM
VENGANOOR A. O.

MALAYALAM

# Cinemayudaye Jananam

(BIRTH OF THE CINEMA)

BY

**N. K. SUKUMARAN**

Advocate, Trivandrum.

First Impression March 1959

RIGHTS RESERVED

PUBLISHED BY THE AUTHOR

---

DISTRIBUTORS

NATIONAL BOOKSTALL

KOTTAYAM KERALA STATE

Rs. 1-50

No: 1415
884

# സിനിമയുടെ ജനനം

അഥവാ

## വില്യം ഫ്റീസ്ഗ്രീനിന്റെ ജീവിതകഥ

എൻ. കെ. സുകുമാരൻ

C.V. SMARAKA GRANDHASALA
Reg. No: 988/50
THENNOORKONAM,
VIZHINJAM

NATIONAL BOOK
TRIVANDRUM

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം - തിരുവനന്തപുരം - എറണാകുളം - തൃശ്ശൂർ.

വില ക. 1-50.

PRINTERS
SANTHARAM PRESS
Pettah-Trivandrum

Cover page design & Block making
PRINTERS BLOCKS TRIVANDRUM

Printed at the Santharam Press, Pettah, Trivandrum-Copies 100

എൻ. കെ. സുകുമാരൻ,
അഡ്വക്കേററ്.

തിരുവനന്തപുരം,
1-3-1959.

പുതിയ ഗ്രന്ഥോപഹാരങ്ങളെ ഹൃദയംഗമമായി സ്വാഗതം ചെയ്യുന്ന മലയാളസാഹിത്യത്തിൽ, ശാസ്ത്രീയ ഗവേഷണങ്ങളേയും, കണ്ടുപിടിത്തങ്ങളേയും പശ്ചാത്തലമാക്കിക്കൊണ്ട് നടത്തുന്ന ഒരു ഗ്രന്ഥരചനാസംരംഭം അസ്ഥാനത്താവുകയില്ല. ഈ വിശ്വാസത്തോടുകൂടി, മലയാളമാതാവിന്റെ മടിത്തട്ടിൽ ഞാൻ ഈ എളിയ ഉപഹാരം അർപ്പിക്കുകയാണ്. മഹാമനസ്കരായ മലയാളികൾ, ഈ ചെറുഗ്രന്ഥത്തിന്, സ്വീകരണം നല്കി അനുഗ്രഹിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

C.V. SMARAKA GRANDHASALA
Reg. No. /60
VIZHINJAM

എൻ. കെ. സുകുമാരൻ.

# സിനിമയുടെ ജനനം

## 1. പ്രാരംഭം.

മനുഷ്യന് അപ്രാപ്യമെന്നു കരുതിയിരുന്നതും, അവന് അസാദ്ധ്യമെന്നു വിധിക്കപ്പെട്ടിരുന്നതുമായ മണ്ഡലങ്ങളിൽ ജിജ്ഞാസുവായ മനുഷ്യൻ ഒളിഞ്ഞും പതുങ്ങിയും കടന്നു്, അവിടുള്ള രഹസ്യങ്ങളെ അപഗ്രഥനം ചെയ്തു് ചൂഷണം നടത്തിത്തുടങ്ങിയതിനു് മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുണ്ടു്. അങ്ങനെയുള്ള രഹസ്യാന്വേഷണങ്ങളിൽവച്ചു്, അവന്റെ സഹജീവികൾക്ക പ്രയോജനം വരത്തക്കവിധത്തിൽ ഉപയോഗപ്പെടുത്താവുന്ന പലതും കണ്ടെത്തുകയും, അവയെ പ്രചാരത്തിൽ കൊണ്ടുവരികയും അവൻ ചെയ്തിട്ടുണ്ടു്. അത്യത്ഭുതങ്ങളുടെ മാറാലകൾ അവൻ യാതൊരു പ്രതീക്ഷയും മുന്നറിവും കൂടാതെ കീറി മാററി, നവംനവങ്ങളായ ശാസ്ത്രീയരഹസ്യങ്ങൾ ലോകത്തിനു് തുറന്നു കാട്ടിയിട്ടുണ്ടു്. അപ്രതീക്ഷിതമായി തന്റെ ശ്രദ്ധയിൽപ്പെടുന്ന ചില യാഥാർത്ഥ്യങ്ങളുടെ പ്രതികരണത്തെ വിടാതെ പിൻതുടർന്നുകൊണ്ടു്, അവ ശംസനീയങ്ങളായ പല ഭാവനകളേയും യാഥാർത്ഥ്യമാക്കിത്തീർത്തവനാണു് മനുഷ്യൻ. അങ്ങനെ കൈ

വരുത്തിയ നിരവധി നേട്ടങ്ങളുടെ പ്രാരംഭചരിത്രങ്ങൾ ഭാവിതലമുറകളെ ഇരുത്തിച്ചിന്തിപ്പിയ്ക്കുന്ന വിധം വികാരവും ഗാംഭീര്യവും തുളുമ്പുന്ന വിശദാംശങ്ങളെ ഉൾക്കൊള്ളുന്നവയാണ്. അത്തരം ചരിത്രങ്ങളിൽ അന്തർല്ലീനമായ ശാസ്ത്രജ്ഞാനത്തോടൊപ്പമോ ഒരു പക്ഷേ അതിലേറെയോ രസോദ്ദീപകമാണ് അതിലേർപ്പെട്ടിട്ടുള്ള മഹാന്മാരുടെ ജീവിതത്തിൻെറ പഠനം.

വിനോദം മനുഷ്യൻെറ ലളിതകലാവാസനകളിൽ മുഖ്യമായതാണ്. വിനോദത്തെ ലോകത്തിലെ ഒന്നാംകിട വ്യവസായമായുംകൂടി ഉയർത്തിയതു് ഈ ഗ്രന്ഥത്തിൽ നാം പരിചയപ്പെടുന്ന കഥാനായകനാണെന്നു പറയുന്നതിൽ അപാകത കാണുകയില്ല. തൻെറ ശ്രദ്ധയിൽപ്പെട്ട ഏതാനും ശാസ്ത്രജ്ഞാനശകലങ്ങളെ, നിസ്സ്വാർത്ഥവും നിഷ്കാമവുമായ ചിന്താസരണിയിലൂടെ പിന്തുടൎന്ന് ക്ലേശഭൂയിഷ്ഠമായ ജീവിതസാഹചര്യങ്ങളിൽപ്പോലും, അവയെ ഭാവനാപൂൎണ്ണമായ വിധത്തിൽ കൂട്ടിയിണക്കി, ഇന്നത്തെ സിനിമാപ്രസ്ഥാനത്തിനു ജനനം നൽകിയ 'ഫ്രെയിസു്' ഗ്രീനിൻെറ വികാരോജ്ജ്വലമായ ജീവിതകഥയാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. ചലച്ചിത്രങ്ങളുടെ മായാവിഭ്രാന്തിയിൽ വിലയം പൂണ്ടു് ആൎത്താദചിത്തരായിക്കഴിയുന്ന കോടാനുകോടി മനുഷ്യരിൽ ആരെങ്കിലും ഈ അമൂല്യശാസ്ത്രസമ്പത്തിനെ ലോക

ത്തിനു കാഴ്ചവെച്ച മഹാത്മാവിനെപ്പററിയും അദ്ദേഹം, ജീവിതായോധനത്തിൽ തരണംചെയ്ത നിരവധി പരാജിതഘട്ടങ്ങളെപ്പററിയും ചിന്തിക്കാറുണ്ടെന്നു തോന്നുന്നില്ല. ക്രിസ്തുവർഷം 1869-ാമാണ്ടിലേയ്ക്കു നമുക്കു പോകാം.

## 2. സ്ററുഡിയോയിലെ ശിഷ്യൻ.

ഇംഗ്ലണ്ടിൽ 'ബ്രിസ്റ്റോൾ' എന്നൊരു പട്ടണമുണ്ടു്. അവിടെ 'ക്വീൻസ്റോഡ്' (Queen's Road) എന്നു തെരുവിൽ 'ഗട്ടൺബെർഗ്' (Guttenburg) എന്ന ഒരു മാന്യൻ 1860-ാമാണ്ടുമുതൽ ഒരു ഫോട്ടോ സ്ററുഡിയോ നടത്തിവന്നിരുന്നു. പത്തൊൻപതാംനൂററാണ്ടിൻെറ രണ്ടാമർദ്ധത്തിൽ ഫോട്ടോ എടുപ്പു വ്യവസായം ലാഭകരമായ ഒരു തൊഴിലായി ഇംഗ്ലണ്ടിൽ പലരും സ്വീകരിച്ചിരുന്നു. അക്കാലത്താണു് രാസദ്രവ്യങ്ങൾ പുരട്ടിയ കണ്ണാടിച്ചില്ലുകളിൽ സൂര്യപ്രകാശത്തിൻെറ സഹായംകൊണ്ടു് ഛായ പതിപ്പിക്കാമെന്നും അതിൽനിന്നും ഫോട്ടോകൾ പകർത്തിയെടുക്കാമെന്നുമുള്ള അറിവിനെ ധാരാളമായി പ്രയോഗത്തിൽ കൊണ്ടുവന്നതു്. അതിനു മുമ്പുള്ള കാലങ്ങളിൽ കലാകാരന്മാർ വരച്ചെടുക്കുന്ന പടങ്ങൾ മാത്രമേ ഫോട്ടോയുടെ സ്ഥാനത്തു് അറിയപ്പെട്ടിരുന്നുള്ളു. മനുഷ്യൻെറ മുഖഛായ വിജയപ്രദമായി വരച്ചെടുക്കുക എന്നതു് വളരെ ചെലവുള്ള ഒരു സംരംഭം ആയി

രുന്നു. അതിനുവേണ്ടി പ്രഭുക്കന്മാരായ ചില കലാരസികന്മാർ വിദഗ്ദ്ധന്മാരായ ചിത്രകലാകാരന്മാരെ ചുമതലപ്പെടുത്തി, അവക്ക് ഭാരിച്ച തുകകൾ പ്രതിഫലം കൊടുത്തു്, തങ്ങളുടെയോ തങ്ങളുടെ ഉററവരുടെയോ ഛായാചിത്രങ്ങൾ വരപ്പിച്ചിരുന്നു. ഈ സംരംഭം ഒരപൂൎവ്വസംഭവമായേ നടന്നിരുന്നുള്ളു. കലാകാരന് വലിയ തുകകൾ പാരിതോഷികം കൊടുക്കുക എന്നതിനു പുറമേ, വളരെ നേരം അയാളുടെ മുമ്പിൽ ഭാവപ്രകടനങ്ങൾക്കു വ്യത്യാസം വരുത്താതെ നിശ്ചലരായി നിന്നുകൊടുക്കുക എന്ന ബുദ്ധിമുട്ടും അങ്ങനെ പടം വരപ്പിച്ചിരുന്ന ധനികന്മാർ സഹിക്കേണ്ടിയുണ്ടായിരുന്നു. ഫോട്ടോഗ്രാഫി നടപ്പിൽ വന്നതോടുകൂടി, ഞൊടിയിടയിൽ വിശദാംശങ്ങളെ യാതൊരു വ്യത്യാസവും കൂടാതെ അപ്പാടെ പകൎത്തി എടുത്തു ചിത്രം നിൎമ്മിക്കാൻ സാധിച്ചു.

ചുരുങ്ങിയ ചെലവിൽ നടത്തുന്ന ഈ പ്രവൎത്തനംകൊണ്ടു്, സാധാരണക്കാൎക്കും തങ്ങളുടെ ഫോട്ടോകൾ സമ്പാദിക്കാമെന്നു വന്നതു് ഈ കലയുടെ പ്രചാരത്തിനു് വളരെ ഉപകരിച്ചു. വ്യക്തികളുടെയും കുടുംബങ്ങളുടെയും സീനറികളുടെയും മററും ഫോട്ടോ പിടിച്ചെടുക്കുക എന്നതു് ഫോട്ടോഗ്രാഫിയുടെ പ്രാരംഭദശയിൽ ഇന്നത്തേക്കാളും കൗതുകകരമായിത്തോന്നിയിരുന്നു. അനേകം ആളുകൾക്കു് ആദായം ഉണ്ടാക്കി

ക്കൊട്ടുക്കുന്ന ഒരു തൊഴിലായി ഫോട്ടോഗ്രാഫി അങ്ങനെ വളൻവരികയും ചെയ്തു.

ഗട്ടൺബെർഗ്ഗിനു് തൻെറ തൊഴിലിൽ ഒരു സഹായി ആവശ്യമായി വന്നു. നല്ല ബുദ്ധിയും അനുസരണയും, ഉത്സാഹശീലവുമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു അദ്ദേഹത്തിനാവശ്യം. അങ്ങനെയുള്ള ഒരാൾക്കു് നല്ലൊരു ഭാവി വാഗ്ദാനം ചെയ്യാൻ അദ്ദേഹം ഒരുക്കമായിരുന്നു. 1869-ാമാണ്ടു് ജൂലായ്മാസം 12-ാംനു- ബ്രിസ്റ്റോളിലുള്ള ഒരു കൊല്ലപ്പണിക്കാരൻെറ മകൻ ശിഷ്യത്വം സ്വീകരിക്കാനുള്ള സന്നദ്ധതയോടുകൂടി അദ്ദേഹത്തെ സമീപിച്ചു. "വില്ല്യം ഗ്രീൻ" എന്നു പേരുള്ള പ്രസ്തുത ബാലനു് അന്നു പതിന്നാലു വയസ്സുമാത്രമായിരുന്നു പ്രായം. ഇത്ര ചെറുപ്പമായ ഒരാളെ ശിഷ്യനായി സ്വീകരിക്കുവാൻ ഗട്ടൺബെർഗ്ഗ് അല്പം മടിച്ചു. എന്നാലും പ്രഥമനോട്ടത്തിൽ അയാളൊരു സമർത്ഥനാണെന്നു തോന്നിയതിനാൽ ഗ്രീനിനെ അദ്ദേഹം ശിഷ്യനാക്കി.

അഞ്ചു് ആൺമക്കളും രണ്ടു പെൺമക്കളും ഉള്ള ഒരു കുടുംബത്തിലെ ഏററവും ഒടുവിലത്തെ സന്താനമായിരുന്നു ഗ്രീൻ. വളരെ കഷ്ടപ്പെട്ടാണു് അദ്ദേഹത്തിൻെറ പിതാവു വീടു പുലത്തിപ്പോന്നിരുന്നതു്. പഠിത്തത്തിൽ ഗ്രീൻ വളരെ ബുദ്ധിമാനാണെന്നു് തെളിയിച്ചിരുന്നു. കെമിസ്റ്ററിയിലും ഫിസിക്സിലും

അയാൾക്കു് പ്രത്യേകം താല്പര്യമുണ്ടായിരുന്നു. പള്ളിക്കൂടത്തിൽ വിദ്യാഭ്യാസം തുടർന്നു നടത്താതെ തൊഴിലിനു പുറത്തിറങ്ങുക എന്നതായിരുന്നു സാധാരണക്കാർക്കു് ജീവിതത്തിനു് കൂടുതൽ വക നല്കിയിരുന്ന വഴി. ഉന്നതമായ വിദ്യാഭ്യാസം ചെയ്യിക്കുവാൻ കഴിവും സാവകാശവുമുള്ളവർ മാത്രമേ തങ്ങളുടെ കുഞ്ഞുങ്ങളെ ഒരു ഘട്ടം കഴിഞ്ഞാൽ വിദ്യാലയങ്ങളിൽ തുടർന്നു പഠിപ്പിച്ചിരുന്നുള്ളു. എഴുതാനും വായിച്ചു മനസ്സിലാക്കുവാനും നല്ലപോലെ കഴിവുണ്ടാകുന്ന ഘട്ടമായപ്പോഴേയ്ക്കും ഗ്രീൻ പഠിത്തം നിറുത്തി. തൊഴിലന്വേഷിച്ചു തുടങ്ങിയപ്പോഴാണു് ഗട്ടൻബർഗ്ഗിന്റെ ശിഷ്യനായിത്തീരുന്നതിനു് സംഗതി വന്നതു്. ഈ ശിഷ്യത്വമായിരിക്കണം, ഗ്രീനിന്റെ ഭാവിജീവിതത്തെ രൂപപ്പെടുത്തിയതു്.

## 3. ഗുരുവിനെ വെല്ലുന്നു.

ഗ്രീൻ ഒരു നല്ല ഫോട്ടോഗ്രാഫറായി വന്നു. പക്ഷേ, അനുസരണയുടെ കാര്യത്തിൽ അയാൾ അല്പം പിന്നോക്കമായിരുന്നു. എല്ലാ കാര്യത്തിലും ഗുരുവിന്റെ ചൊൽപടിയിൽ നില്ക്കാൻ അയാൾ പലപ്പോഴും കൂട്ടാക്കാതിരുന്നു. സ്വന്തം തൊഴിലിന്റെ കലാപരമായ വശങ്ങൾ അയാൾ വളരെവേഗം പഠിച്ചു. ഗുരുവിനെക്കാളും ഭംഗിയായി അയാൾ പല വിദ്യകളും ഫോട്ടോഗ്രാഫിയിൽ പ്രയോഗിച്ചുതുടങ്ങി. സ്റ്റുഡി

യോയിലെ സന്ദർശകരുമായി അയാൾ തൻെറ ഗുരു വിനെക്കാൾ സമത്ഥമായ രീതിയിൽ ഇടപെട്ടുകയും അവക്ക് തൃപ്തി നൽകുകയും ചെയ്തിരുന്നു. സ്ത്രീകളു ടേയും കുഞ്ഞുങ്ങളുടേയും ഫോട്ടോകൾ എടുക്കുമ്പോൾ പുഞ്ചിരികളും പ്രത്യേക വിധത്തിലുള്ള നോട്ടങ്ങളും അവരിൽ വരുത്തി, അതിനെ അപ്പാടെ ഫോട്ടോയിൽ പകത്തുന്നതിനു അയാൾ പല വിദ്യകളും സമത്ഥ മായും വിജയകരമായും പ്രയോഗിച്ചു വന്നിരുന്നു. ഇതൊക്കെ ഗുരുവിനു് പുത്തരിയായിരുന്നു. അക്കാല ത്തെ ഫോട്ടോഗ്രാഫറന്മാർ അതൊന്നും ശ്രദ്ധിച്ചിരു ന്നില്ല. ഗുരുവിനു് അയാളുടെ കഴിവിൽ പലപ്പോഴും അസൂയപോലും തോന്നിത്തുടങ്ങി. ഫോട്ടോ പിടിക്കു ന്നിടത്തുനിന്നു മാറി ഫോട്ടോ കഴുകി ശരിപ്പെടുത്തുന്ന മുറിയിൽപ്പോയി ജോലി നോക്കുവാൻ അദ്ദേഹം പല പ്പോഴും ഗ്രീനിനെ നിർബ്ബന്ധിച്ചിരുന്നു.

## 4. <u>ചരിത്ര പരിശോധന.</u>

ഫോട്ടോഗ്രാഫി എന്ന കലയെപ്പററി എഴുത പ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ വായിച്ചു ഹൃദിസ്ഥമാക്കുന്ന തിനാണു് ഗ്രീൻ തൻെറ വിശ്രമവേളകൾ ഏററവും കൂടുതൽ ഉപയോഗിച്ചുവന്നിരുന്നതു്. കഴിഞ്ഞ കാല ങ്ങളിൽ ഈ രംഗത്തു പണി എടുക്കുകയും കഷ്ടത അനുഭവിക്കുകയും ചെയ്ത മഹാന്മാരുടെ പ്രവത്തന ങ്ങളെ ഗ്രന്ഥങ്ങളിൽക്കൂടി പിൻതുടരുകയും അവരോ

ടൊത്തു സങ്കടപ്പെട്ടുകയും സന്തോഷിക്കുകയും ചെയ്യു വാൻ ഗ്രീനിന്ന് കഴിവുണ്ടായിരുന്നു. "വിൻചി", "നിശിഫോർ", "നയപ്സി" തുടങ്ങി ഈ രംഗത്തു് വളരെ പരീക്ഷണങ്ങൾ നടത്തിയിട്ടും പ്രായോഗിക മായി വിജയിക്കാത്ത പല മഹാന്മാരേയും ഗ്രീൻ ഗ്രന്ഥങ്ങളുടെ ഏടുകളിൽ കണ്ടുമുട്ടി. "നയപ്സി" എന്ന മഹാൻ നെപ്പോളിയൻെറ കാലത്തു ഒരു സക്കാർ ഉദ്യോഗസ്ഥനായിരുന്നു. ഉദ്യോഗത്തിൽ നിന്നും വിരമിച്ച ശേഷം സൂര്യകിരണങ്ങൾകൊണ്ടു രാസദ്രവ്യങ്ങൾ പൂശിയ കണ്ണാടിച്ചില്ലിൽ സാധനങ്ങ ളുടെ രൂപം രേഖപ്പെടുത്തുവാൻവേണ്ടി തൻെറ സകല സമ്പത്തും ചെലവഴിച്ചു് നിരവധി പരീക്ഷണങ്ങൾ അദ്ദേഹം നടത്തിവന്നിരുന്നു. 1814-ാമാണ്ടു മുതൽ തുട ങ്ങിയ പരീക്ഷണങ്ങൾ യാതൊരു കരയിലും അടു ക്കാതെ, അദ്ദേഹത്തിൻെറ സകല സ്വത്തു ക്കളേയും നശിപ്പിച്ചുകൊണ്ടു്, 1833-ൽ അദ്ദേഹം മരി ക്കുന്നതുവരെ സ്വപ്നമായി അവശേഷിച്ചതേയുള്ളൂ.

നയപ്സിയുടെ സഹപ്രവത്തകനായ ലൂയിദാഗ്രർ (Louis Dauguerre) എന്നഒരു പാരീസുകാരൻ 'ഡയോ ഡ്രാമാ' മാനേജർ, നയപ്സിയുടെ ശ്രമങ്ങളെ പിൻ തുടൻകൊണ്ടു് സുപ്രധാനമായ ഒരു കണ്ടുപിടിത്തം നടത്തി. ചില പ്രത്യേകതരം രാസദ്രവ്യങ്ങൾ പുരട്ടു കയും, മററുചില രാസദ്രവ്യങ്ങളുടെ ആവിക്കു് അഭിമു ഖീകരിപ്പിക്കുകയും ചെയ്യുന്ന ഒരു ലോഹത്തകി

ടിൽ ഇത്തരം ആവിക്കു് സാധനങ്ങളുടെ ഛായ പകർത്താൻ കഴിയുമെന്നതായിരുന്നു കണ്ടുപിടിത്തം. 1837-ൽനടന്ന ഈ കണ്ടുപിടിത്തത്തിന്റെ വിജയം ദാഗ്വറിന്റെ എന്നപോലെ ഗ്രീനിന്റെ ഹൃദയത്തിലും സന്തോഷം കോരിച്ചൊരിച്ചു. ഫോട്ടോ പിടിക്കുന്നതിന്റെ പ്രഥമപടിയായ ഈ കണ്ടുപിടിത്തം നടത്തിയ മഹാനെ ഗ്രീൻ ആരാധിക്കുകതന്നെ ചെയ്തു. കുറെ നാളത്തെ പുസ്തകപാരായണം ഗ്രീനിന്റെ ഭാവനയെ തട്ടിയുണർത്തി.

## 5. ടാൽബർട്ടു്

ഒരു ദിവസം ഗ്രീൻ സ്റ്റുഡിയോയുടെ മുൻവാതലിൽ ഓടിച്ചെല്ലുന്നതു ഗട്ടൺബർഗ്ഗ് ശ്രദ്ധിച്ചു. റോഡിൽക്കൂടി കടന്നുപോയ ഒരു പൊക്കമുള്ള മനുഷ്യനെ അത്ഭുതം നിറഞ്ഞ കണ്ണുകളോടെ നോക്കിക്കൊണ്ടു ഗ്രീൻ വളരെനേരം അനങ്ങാതെ നിന്നു. ജോലികളുമടക്കം വരുത്തി ഇങ്ങനെ വാതലിൽ പോയി നില്ക്കുന്നതു കണ്ടു് യജമാനൻ ദേഷ്യപ്പെട്ടു. "അങ്ങേയ്ക്കു് ഈ മനുഷ്യനെ അറിഞ്ഞുകൂടെ. അദ്ദേഹമാണു് ടാൽബർട്ടു്. അദ്ദേഹമാണു് നെഗററീവ് പ്ലേററുകളിൽ നിന്നും പാസററീവ് ചിത്രങ്ങൾ പകർത്തി എടുക്കാനുള്ള വിദ്യ കണ്ടുപിടിച്ചതു്. ഫോട്ടോ ചിത്രങ്ങൾ കൂടി അച്ചടിച്ച ആദ്യത്തെ പുസ്തകം ഭൂമുഖത്തു് പ്രസിദ്ധീകരിച്ചതു് അദ്ദേഹമാണു്." ഗ്രീൻ മറുപടി

പറഞ്ഞു. പക്ഷെ ഈ വത്തമാനത്തിൽ യജമാനന്നു് യാതൊരു താല്പൎയ്യവും ഉണ്ടായില്ല. "ഓഹോ, അങ്ങനെ പലതും എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്യു പലരും ഉണ്ടു്. നമുക്കതൊക്കെ അറിഞ്ഞിട്ടു് എന്തുകാൎയ്യം? നീ ചെന്നു നിൻെറ ജോലിചെയ്യു" എന്നു മാത്രം അദ്ദേഹം മറുപടി പറഞ്ഞു. ആ രംഗം അങ്ങനെ അവസാനിച്ചു. ആറു കൊല്ലം ഗ്രീൻ ഗട്ടൺ ബൎഗ്ഗിൻെറ സ്റ്റുഡിയോയിൽ വല്ലവിധവും കഴിച്ചുകൂട്ടി. പിന്നെ ആ യുവാവു് മറെറാരു ജീവിതരീതി തുടങ്ങി.

## 6. കുടുംബജീവിതം

പത്തൊൻപതു വയസ്സായപ്പോൾ ഗ്രീൻ വിവാഹം കഴിച്ചു. 'ഫ്രീസു് ഹെലന' എന്നായിരുന്നു ഭാൎയ്യയുടെ പേരു്. അവരുടെ പേരിൻെറ ആദ്യഭാഗമായ 'ഫ്രീസു്' എന്ന പദം തൻെറ പേരിനോടു ചേൎത്തു. അങ്ങനെ വില്ല്യംഗ്രീൻ "വില്യംഫ്രീസു' ഗ്രീൻ" ആയി. വിവാഹത്തോടുകൂടി സ്വതന്ത്രമായ കുടുംബജീവിതം നയിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഗട്ടൺബൎഗ്ഗുമായി യോജിച്ചു കഴിച്ചുകൂട്ടുവാൻ നിവൃത്തിയില്ലാത്ത ഒരു നിലവന്നു്, അവിടെനിന്നും പിണങ്ങി പിരിയുകയും ചെയ്തു. ബാത്തു് എന്ന മറെറാരു ചെറിയ പട്ടണത്തിൽ ഒരു സ്ത്രീ ഒരു ഫോട്ടോസ്റ്റുഡിയോ നടത്തിയിരുന്നു. ഗ്രീനിനു് അവിടെ ഒരു ജോലി കിട്ടി. അദ്ദേഹവും

ഭാര്യയും ബാത്തിലേയ്ക്കു താമസം മാററി. ഒരു കൊല്ലം ജോലി ചെയ്തപ്പോൾ അവിടത്തെ ജോലികൾ പുറമെ ബ്രിസ്റ്റോളിലും പ്ലിമത്തു് എന്ന പട്ടണത്തിലും ഓരോ സ്റ്റുഡിയോകൂടി തുടങ്ങി പ്രവത്തിപ്പിക്കുവാൻ ഗ്രീനിനു് സാധിച്ചു. അത്രയ്ക്കു് വരവും, തൊഴിൽപരമായ അഭിവൃദ്ധിയും അദ്ദേഹം നേടിയെടുത്തു. ബാത്തു എന്ന സ്ഥലത്തു താമസിച്ചിരുന്നപ്പോൾ ഗ്രീൻ ഒരു പെൺകുട്ടിയുടെ പിതാവായി. കുട്ടിയ്ക്കു് 'എത്തൽ' (Ethel) എന്നു പേരുമിട്ടു.

## 7. പുതിയ നിർദ്ദേശം.

വെളിച്ചവും നിഴലും ആണല്ലൊ ഫോട്ടോഗ്രാഫിയിലെ പ്രധാനമായ രണ്ടുപാധികൾ. അവയെ പല വിധത്തിൽ ഉപയോഗിച്ചും നിയന്ത്രിച്ചും നിരവധി പരീക്ഷണങ്ങൾ നടത്തി, പരീക്ഷണങ്ങളുടെ ഫലങ്ങളെ നിരീക്ഷണം ചെയ്യുന്നതിൽ ഗ്രീൻ അതീവ തല്പരനായിരുന്നു. അവ ഉപയോഗിച്ചു ഫോട്ടോഗ്രാഫിയിൽ വളരെ പുതുമയുള്ള പരിഷ്ക്കാരങ്ങൾ അദ്ദേഹം ഏർപ്പെടുത്തി. ഒരു സ്റ്റുഡിയോയുടെ സ്വതന്ത്രമായ മേൽനോട്ടം അദ്ദേഹത്തിനുണ്ടായിരുന്നതു് പരീക്ഷണത്തിനു് കൂടുതൽ സൗകര്യം അദ്ദേഹത്തിനു നൽകിയിരുന്നു. അദ്ദേഹത്തിൻെറ തൊഴിലിൽ നിന്നും നല്ല വരവു കിട്ടിത്തുടങ്ങി. എന്നാൽ ഭാര്യയ്ക്കു് ആസ്ത്മാരോഗം പിടിപ്പെട്ടതിനാൽ അദ്ദേഹത്തിൻെറ കുടുംബത്തിനു പലപ്പോഴും വളരെ ക്ലേശിക്കേണ്ടിയും വന്നിരുന്നു.

ബാത്തു് എന്ന പട്ടണത്തിൽ ഗ്രീൻപത്തുകൊല്ലം താമസിച്ചു. ഈ താമസത്തിന്നിടയിൽ ഗ്രീന്നിനു് മുൻ പറഞ്ഞ "ടാൽബട്ട്" എന്ന മഹാനെ കൂടക്കൂടെ സൗകര്യമായി കാണുന്നതിനു് സാധിച്ചിരുന്നു. ടാൽബട്ടിൻെറ സ്വന്തസ്ഥലം "ലീക്കോക്കു് ആബി"(Lecock Abbey) ആയിരുന്നു. ഗട്ടൺബർഗ്ഗിൻെറ സ്റ്റുഡിയോയുടെ വാതില്ക്കൽവച്ചു് അദ്ദേഹത്തെ ഗ്രീൻ ആദ്യമായി കണ്ട രംഗം ഗ്രീൻ അദ്ദേഹത്തെ പലപ്പോഴും പറഞ്ഞുകേൾപ്പിച്ചുരസിപ്പിച്ചിരുന്നു. അദ്ദേഹവുമായി ഗ്രീൻ രസകരമായ ശാസ്ത്രീയ ചർച്ചകളിലും ഏർപ്പെടുക പതിവായിത്തീൎന്നു. ഈ ചർച്ചകളെ വലിയ നേട്ടമായിട്ടാണു ഗ്രീൻ കരുതിയതു്. ഫോട്ടോഗ്രാഫിക്കു് പരിഷ്കൃതലോകത്തിൽ വലിയൊരു സ്ഥാനം ലഭിക്കുമെന്നു ടാൽബർട്ടു് എപ്പോഴും ഗ്രീനിനോടു പറയുമായിരുന്നു. "പണം സമ്പാദിക്കുന്നതിനുള്ള ഒരു മാർഗ്ഗം മാത്രമല്ല ഫോട്ടോഗ്രാഫി; അതു് ശാസ്ത്രീയ പുരോഗതിയുടെ അസ്ഥിവാരക്കല്ലുകൂടിയാണു്" എന്നു ടാൽബർട്ടു് അവകാശപ്പെട്ടിരുന്നു. നക്ഷത്രലോകത്തെ ചിത്രങ്ങളിൽ പകൎത്തുക എന്നതു മുതൽ അണുക്കളുടെ ജീവിതദശകളെ വിവിധ രൂപത്തിൽ രേഖപ്പെടുത്തുക എന്നതുവരെയുള്ള എണ്ണമററ കാര്യങ്ങൾക്കു ഫോട്ടോഗ്രാഫി ഉപയോഗപ്രദമാകുമെന്നു് അദ്ദേഹം സ്വപ്നംകണ്ടു. ഒരു പക്ഷേ, ഒരു കാലത്തു സംഭവങ്ങളേയും ചലനത്തേയുംതന്നെ അപ്പാടെ ചിത്രത്തിൽ കാണിക്കുന്നതിനും ഈ കല പ്രയോജനപ്പെടരുതെന്നില്ല, എന്നു്

അദ്ദേഹം ദീർഘദർശനം ചെയ്തു. ഈ വിജ്ഞാനശാഖയിൽ നൂതനമായ പാതകൾ വെട്ടിത്തുറക്കുവാൻ കെൽപ്പുള്ള ഒരു സാഹസികനാണ് ഗ്രീൻ എന്ന് അദ്ദേഹം കണ്ടിരുന്നു. ഇംഗ്ലണ്ടിൻെറ തലസ്ഥാനമായ ലണ്ടനിൽ ഗ്രീൻ താമസം മാററണമെന്നും അവിടെ നിരവധി സാങ്കേതിക സ്ഥാപനത്തിൽ നിന്നും മററും ലഭിക്കാവുന്ന ശാസ്ത്രീയ വിജ്ഞാനത്തെ പ്രയോജനപ്പെടുത്തി മുൻപോട്ടു പോകണമെന്നും ടാൽബർട്ട് നിർദ്ദേശിച്ചു.

## 8. റഡ്ജുമായുള്ള പരിചയം.

ആയിടയ്ക്ക് ജോൺ ആർതർ റോബക്ക് റഡ്ജ് (John Arthur Roebuk Rudge) എന്ന ഒരാൾ ഗ്രീനിൻെറ സ്നേഹിതനായി. യുവാവായ ഗ്രീൻ റഡ്ജുമായി പരിചയപ്പെടുന്ന കാലത്ത് റഡ്ജ് വളരെ വൃദ്ധനായി കഴിഞ്ഞിരുന്നു. നീണ്ടു നരച്ച താടിയോടു കൂടിയ ആ വൃദ്ധൻ ഗ്രീനിൻെറ മനസ്സിൽ വളരെ സ്വാധീനം ചെലുത്തി. ജീവിതത്തിൻെറ നല്ലൊരു ഭാഗം കണ്ടുപിടിത്തങ്ങൾക്ക വേണ്ടി ചെലവഴിച്ചിരുന്ന ഒരാളായിരുന്നു റഡ്ജ്. ബാത്തുപട്ടണത്തിലുള്ള അദ്ദേഹത്തിൻെറ വീട്ടിൽ ഒരു ചെറിയ പരീക്ഷണശാല അദ്ദേഹം നിർമ്മിച്ചിരുന്നു. അദ്ദേഹം കണ്ടുപിടിച്ച് അവിടെ സ്ഥാപിച്ചിരുന്ന 'ബയോഫാൻറിക് ലാൻേറൺ' (Biophantic Lantern) എന്ന ഒരു സാമഗ്രി

കാണാൻ അദ്ദേഹം ഗ്രീനിനെ ക്ഷണിച്ചു. യാദൃശ്ചികമായി കണ്ടുമുട്ടിയ ഈ സാമഗ്രിയാണ് ഗ്രീനിൻെറ കർമ്മമാർഗ്ഗം അദ്ദേഹത്തിനു തെളിയിച്ചുകൊടുത്തതു്. അതിൽനിന്നും കിട്ടിയ വിജ്ഞാനമാണ് സിനിമാ (ചലച്ചിത്രം)യുടെ കണ്ടുപിടിത്തത്തിൽ ഗ്രീനിനെ കൊണ്ടുചെന്നെത്തിച്ചതു്. പക്ഷേ ആദ്യമായി അതു കണ്ടപ്പോൾ ആ കാഴ്ചകൊണ്ടു വികസിക്കാനിരുന്ന ശാസ്ത്രത്തിൻെറ ഭാവിയെപ്പററിയുള്ള യാതൊരു രൂപവും ഗ്രീനിൻെറ ഭാവനയിൽ ഇല്ലായിരുന്നു.

## 9. "ബയോഫാൻറിക ലാൻേറൺ".

റഡ്ജിൻെറ കണ്ടുപിടിത്തം ഗ്രീനിനു് കാണിച്ചുകൊടുക്കുവാൻ അദ്ദേഹം തുടങ്ങി. ഇരുട്ടുള്ള ഒരു മുറിയിൽ അദ്ദേഹം ഗ്രീനിനെ കൊണ്ടുചെന്നു് ഒരു കസേരയിൽ ഇരുത്തി. തൻെറ മുൻപിൽ അല്പം അകലെയുള്ള ഒരു വെള്ള ചുവരിൽ നോക്കി ഇരിക്കാൻ നിർദ്ദേശിച്ചിട്ടു് തൻെറ അത്ഭുതവിളക്ക് റഡ്ജ് കത്തിച്ചു. എന്നിട്ടു് അതിൻെറ വെളിച്ചത്തെ ഏതോ ഒരു ചില്ലുകൊണ്ടു് മറച്ചു. ഉടനെ ഒരു മനുഷ്യരൂപത്തിൻെറ വ്യക്തമായ ഛായ ചുവരിൽ തെളിഞ്ഞുകണ്ടു. വെളിച്ചത്തെ മറച്ച ചില്ലിൽ വരച്ചിരുന്ന പടത്തിൻെറ രൂപമായിരുന്നു അതു്. ചില്ലിലെ പടത്തെക്കാൾ വളരെ വലുതായിരുന്നു ആ നിഴൽ എന്നു മാത്രം. അല്പംകഴിഞ്ഞപ്പോൾ ഗ്രീനിൻെറ അത്ഭുതം വർദ്ധിക്കുമാറു് ആ

പടം ചലിക്കുന്നതുപോലെ തോന്നി. ഈ ചലനം ഒന്നാകെ നോക്കിയപ്പോൾ ആ മനുഷ്യരൂപം ഒന്നു തലകീഴായി കരണംമറിഞ്ഞു് വീണ്ടും മുൻപിലത്തെപ്പോലെ വന്നു നിന്നതായി ഗ്രീനിനു തോന്നി. വീണ്ടും ഈ പ്രവൃത്തി ആവർത്തിക്കപ്പെട്ടു. ചുവരിനു ജീവനുണ്ടോ എന്നു ഗ്രീൻ സംശയിച്ചുപോയി. അല്പനേരം ഈ വിദ്യ ആവർത്തിച്ചാവർത്തിച്ചു കാണിച്ചശേഷം റഡ്ജ് മുൻ വിവരിച്ച ചില്ലിനെ മാററിയതോടുകൂടി ചുവരിൽ യാതൊരു ഛായയും കാണാനില്ലായിരുന്നു. മുൻപിലത്തേപ്പോലുള്ള വെള്ള ചുവരുമാത്രം ശേഷിച്ചു.

ഗ്രീനിൻെറ അത്ഭുതം നിറഞ്ഞ കണ്ണുകൾ ഇമവെട്ടാതെ ചുവരിലേയ്ക്കു തുറിച്ചു നോക്കിയ മട്ടിൽ ഇരിക്കുകയായിരുന്നു. റഡ്ജ് അദ്ദേഹത്തിൻെറ തോളിൽ തട്ടി സ്വപ്നലോകത്തിൽ നിന്നും അദ്ദേഹത്തെ ഉണർത്തി. "ലോകത്തിലേയ്ക്കു് ഏററവും വലിയ അത്ഭുതം ഞാൻ കണ്ടിരിക്കുന്നു." ഗ്രീൻ താനറിയാതെ പതുക്കെ ഉച്ചരിച്ചു. വളരെ തണുത്ത സ്വരത്തിൽ ആ ഗൃഹനാഥൻ ഗ്രീനിനോടു് സംഭാഷണം തുടങ്ങി. "ഓ! ഇതിൽ മഹാത്ഭുതം യാതൊന്നുമില്ല. എനിക്കു പല പുസ്തകങ്ങളിൽനിന്നുമായി കിട്ടിയ രണ്ടു മൂന്നറിവുകളെ പ്രയോഗത്തിൽ കൂട്ടിയിണക്കി ഈ സൂത്രം പററിച്ചെട്ടതേന്നേയുള്ളു. ഈ കളിപ്പാട്ടത്തിൻെറ രഹസ്യം ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം. വരിക. ഇതു പൊളിച്ചു നോക്കി മനസ്സിലാക്കുക" എന്നു മാത്രം അദ്ദേഹം

മറുപടി പറഞ്ഞു. അദ്ദേഹത്തിൻെറ കണ്ടുപിടിത്ത ത്തിൻെറ വിശദാംശങ്ങൾ അദ്ദേഹം ഗ്രീനിനെ ധരി പ്പിച്ചു.

## 10. വിശദാംശങ്ങൾ.

അതു് ഒരു ദീപസ്തംഭത്തിൻെറ മാതൃകയിൽ കൂട്ടി യിണക്കിയ ഒരു സംപ്രദായമായിരുന്നു. ഏതാണ്ടു് ഒന്ന രയടി പൊക്കമേ കാണുകയുള്ളൂ. ഏററവുംമുകളിലായി നടുവിൽ നല്ല പ്രകാശം പരത്തുന്ന ഒരു വിളക്കു്. വിളക്കിൻെറ രണ്ടുമൂന്നിഞ്ചു അകലത്തിൽ ചുററുമായി ഏഴു കണ്ണാടിച്ചില്ലുകൾ കൂട്ടിയിണക്കിയ ഒരു ആവ രണം. ഈ ഓരോ കണ്ണാടിച്ചില്ലും ഒരു മനുഷ്യരൂപം കരണംമറിഞ്ഞു വരുന്നതിൻെറ ഓരോ ഘട്ടത്തെ കാണിക്കുന്ന ഓരോ പടം കറുത്ത മഷിയിൽ വരയ്ക്ക പ്പെട്ടിരുന്നു. ആദ്യത്തെ പടം മനുഷ്യൻ നേരെ നിൽ ക്കുന്നതു്; രണ്ടും മൂന്നും പടങ്ങൾ കരണംമറിച്ചിലിൻെറ ഓരോ ഘട്ടം പുരോഗമിക്കത്തക്ക വിധത്തിൽ ചരിഞ്ഞു ചരിഞ്ഞു വരുന്നതു്; നാലാമത്തെപടം കരണംമറിഞ്ഞു തലകീഴായി നിൽക്കുന്നതു്; അഞ്ചും, ആറും, ഏഴും പടങ്ങൾ തലകീഴായി നിൽക്കുന്ന സ്ഥിതിയിൽ നിന്നും തിരിയെ പഴയനിലയിൽ വരുന്നതിൻെറ ഓരോ ഘട്ടം; അങ്ങനെയാണു് ഏഴു ചില്ലുകളും ക്രമീ കരിക്കപ്പെട്ടിരുന്നതു്. ഒരു കൈപിടിയിൽ പിടിച്ചു കറക്കുമ്പോൾ ഈ ചില്ലുകൾ ചേർത്താവരണം നടു

ക്കിരിക്കുന്ന വിളക്കിനു ചുററും സാമാന്യം വേഗത്തിൽ കറങ്ങുമായിരുന്നു. ഈ യന്ത്രത്തിൽ ഒരു ഭാഗത്തു് ചില്ലിൽ നിന്നും അല്പം അകലെയായി കണ്ണാടി കൊണ്ടുണ്ടാക്കിയ ഒരു ലെൻസും (Lens) ഘടിപ്പിക്കപ്പെട്ടിരുന്നു. വിളക്കിൽ നിന്നും പുറപ്പെടുന്ന വെളിച്ചം എല്ലാ വശത്തും ഈ വിധത്തിൽ വീശുന്നതിനു് അനുവദിക്കപ്പെട്ടിരുന്നില്ല. ഈ ലെൻസു് ഇരിക്കുന്നതിനു നേരെയുള്ള ഭാഗത്തു മാത്രം, അതിനു സമീപം വരുന്ന കണ്ണാടി ചില്ലിൽക്കൂടി വെളിച്ചം കടക്കുന്നു. അതിനെ ലെൻസുവഴി പുറത്തേയ്ക്കു പോകാൻ അനുവദിക്കത്തക്കവണ്ണമാണു് അതു ക്രമീകരിച്ചിരിക്കുന്നതു്. മററു ഭാഗങ്ങളിലുള്ള വെളിച്ചം അതാതു ഭാഗത്തുള്ള കണ്ണാടി ചില്ലുകളിൽ തട്ടാതിരിക്കത്തക്കവണ്ണം മറെറാരു മറ ഒരു ചെറിയ ഇരുമ്പു തകിടുകൊണ്ടു് നിർമ്മിച്ചുവച്ചിട്ടുണ്ടു്. കണ്ണാടി ചില്ലുകൾ കൂട്ടിയിണക്കിയ ആവരണത്തെ കറക്കുമ്പോൾ ഇരുമ്പു തകിടുകൊണ്ടുള്ള മറ ഇല്ലാത്ത ഭാഗത്തുകൂടെ പുറത്തുപോകുന്ന വെളിച്ചം മാറിമാറി വരുന്ന ഓരോ ചില്ലിൽ പതിയ്ക്കുന്നു. കണ്ണാടി ചില്ലുകളിൽ കൂടി കടന്നുവരുന്ന വെളിച്ചം ചില്ലിൽ വരച്ചിരിക്കുന്ന പടത്തിന്റെ രൂപം ചുവരിൽ പതിപ്പിക്കുന്നു. ചില്ലുകളിൽക്കൂടി കടന്നുവരുന്ന ഈ വെളിച്ചം ചില്ലിന്റെ അല്പം അകലത്തായി വച്ചിരിക്കുന്ന ലെൻസിൽക്കൂടി കടന്നുവരുമ്പോൾ പടത്തിന്റെ ഛായ വളരെ വലുതായി ചുവരിൽ പതിയുന്നു.

ഗ്രീനിനെ അത്ഭുതപ്പെടുത്തിയതു് അതൊന്നും ആയിരുന്നില്ല. ഓരോ പടവും ചില്ലിൽ അനങ്ങാതെയാണല്ലോ ഇരിക്കുന്നതു്. ഈ പടങ്ങളുടെ ഛായ വേഗത്തിൽ മാറി മാറി ചുവരിൽ പതിയുമ്പോൾ യഥാൎത്ഥത്തിൽ ഒരു മനുഷ്യൻ പ്രവൎത്തി ചെയ്യുന്നതുപോലെ നമുക്കു തോന്നലുണ്ടാകാൻ കാരണമെന്താണു്?

## 11. ചലനത്തിൻെറ കാരണം.

ചലിക്കുൻവെന്നു തോന്നലുണ്ടാകുന്നതിൻെറ കാരണം റഡ്ജിനു് അറിയാമായിരുന്നു. "അതിൽ യാതൊരു മായാവിദ്യയുമില്ല. എന്തിൻെറയെങ്കിലും കാഴ്ച നമ്മിൽനിന്നും മാററപ്പെട്ടാലും, അതു കഴിഞ്ഞു കുറച്ചു സമയത്തേയ്ക്കുകൂടി അതിൻെറ കാഴ്ച നമ്മുടെ കണ്ണിൽ തങ്ങിനില്ക്കുന്നു. അതായതു്, അത്രയും ചെറിയ സമയത്തേയ്ക്കുകൂടി നാം അതിനെ തുടൎന്നു കാണുന്നു. ഒരു സെക്കൻെറിൻെറ കേവലം പത്തിലൊന്നു സമയം മാത്രമാണു് ഈ കാഴ്ച നമുക്കു തുടൎന്നു ലഭിക്കുന്നതു്. അപ്രകാരം ആ കാഴ്ച നമ്മുടെ കണ്ണിൽ തങ്ങിനില്ക്കുന്ന സമയത്തിനിടയിൽ മറെറാരു സാധനത്തിൻെറ കാഴ്ച നമ്മുടെ കണ്ണിനു് ലഭിക്കുന്നു എന്നു വയ്ക്കുക. മാഞ്ഞുപോകാൻ ഏതാണ്ടു സമയമായി നില്ക്കുന്ന കാഴ്ചയും പുതിയ കാഴ്ചയും തമ്മിൽ കലരുന്നു. രണ്ടാമത്തെ സാധനത്തിൻെറ കാഴ്ച ന്തുതനമായി വന്നതാണെന്നു നാം അറിയുന്നില്ല. രണ്ടും ചേൎന്നു്

തുടച്ച്യായ കാഴ്ച്ചയായിട്ടേ നമുക്ക് അനുഭവപ്പെടുന്നുള്ളു. മുൻപു വിവരിച്ച ഏഴു ചില്ലുകളിലെ ചിത്രങ്ങൾ വേഗത്തിൽ മാറിമാറി കണ്ണിൻെറ കാഴ്ച്ചയിൽ വരുമ്പോൾ അവ വേറേ വേറേ ചിത്രങ്ങളാണെന്ന് നമ്മുടെ കണ്ണുകൾക്കു തോന്നാൻ ഇട വരുന്നില്ല. അവ തമ്മിലുള്ള വ്യത്യാസം നാം വേറേ വേറേ ചിത്രങ്ങളായി കാണാത്തതുകൊണ്ട് തുടച്ച്യായി നടക്കുന്ന പ്രവൃത്തിയായി നമ്മുടെ കാഴ്ച്ചയിൽ അനുഭവപ്പെടുന്നു. യഥാൎത്ഥത്തിൽ ഏഴു ചില്ലിലും വേറെ വേറെ ചിത്രങ്ങൾ തന്നെയാണുള്ളത്. ഓരോന്നിൻേറയും കാഴ്ച്ച വേഗത്തിൽ മാറി മാറി ഒന്നിനു പിറകെ ഒന്നായി നമ്മുടെ മുമ്പെ വരുമ്പോൾ, നിശ്ചലമായി നിൽക്കുന്ന ഒരാൾ കരണം മറിഞ്ഞിട്ട്, തിരിയെ ആ സ്ഥാനത്തു വരുമ്പോലെ ആ ചിത്രങ്ങൾ നമുക്കു തോന്നിക്കുന്നു.” ഇതായിരുന്നു റഡ്ജിൻെറ വിശദീകരണം. റഡ്ജിൻെറ ഏഴു പടങ്ങൾ കൈകൊണ്ടു വരയ്ക്കപ്പെട്ടവയായിരുന്നു.

## 12. പുതിയ പരിപാടി.

ബുദ്ധിമാനായ ഗ്രീൻ, ഈ വിവരണത്തിൻെറ പൊരുൾ നല്ലപോലെ മനസ്സിലാക്കി. ഇതുവരെ കിട്ടിയ അറിവു വച്ചുകൊണ്ട്, പുതിയ ഒരു പദ്ധതി നടപ്പിൽ വരുത്താനുള്ള പ്ലാൻ, നിമിഷനേരംകൊണ്ട് അദ്ദേഹത്തിൻെറ മനസ്സിൽ ഉദിച്ചു. “ഇങ്ങനെയൊരു പ്രവൃത്തിയുടെ വിവിധഘട്ടങ്ങൾ ചിത്രീകരിക്കുന്ന പടങ്ങൾ

കൈകൊണ്ടു് വരച്ചുണ്ടാക്കുന്നതു് ശ്രമകരമായ സംഗതിയാണല്ലോ. ഫോട്ടോഗ്രാഫിയുടെ സഹായംകൊണ്ടു്, ഇതുപോലുള്ള പടങ്ങൾ എടുത്തു് അവയെ ചില്ലുകളിൽ പകത്തി ഈ വിധം പ്രദർശിപ്പിച്ചുകൂടെ? അതു വളരെ എളുപ്പമായിരിക്കുമല്ലോ" എന്നു് അദ്ദേഹം ചോദിച്ചു. "ആകാം, ഞാനോ, ഗ്രീനോ ഇതിനെപ്പററി ചിന്തിക്കുന്നതിനുമുമ്പു് ഫ്രാൻസിലെ 'മറേയ്'' (Maray) എന്നൊരു പ്രൊഫസർ, നടന്നുപോകുന്ന ഒരു മനുഷ്യന്റെ നടത്തയെ അനേകം ഫോട്ടോകളിലൂടെ പകത്തിയെടുത്തിട്ടുണ്ടു്. ഫോട്ടോ പിടിക്കുന്നതിനു ഉപയോഗിക്കുന്ന 'തോക്കു്' എന്നദ്ദേഹം വിളിച്ചിരുന്ന ഉപകരണത്തിന്റെ സഹായത്തോടുകൂടി അദ്ദേഹം പക്ഷികൾ പറക്കുന്നതുപോലും പകത്തിയിട്ടുണ്ടു്. കൂടാതെ, തെംസ് നദീതീരത്തുള്ള കിംഗ്സ്റ്റൺ പട്ടണത്തിലെ സ്വദേശിയായ 'മേബ്രിഡ്ജ്'' (Maybridge) എന്നയാൾ ഇരുപത്തിനാലു ക്യാമറാകൾ ഒന്നിച്ചു സംഘടിപ്പിച്ചു് പ്രവത്തിപ്പിച്ചു്, ഒരു കുതിരയുടെ ചാട്ടത്തെ ഫോട്ടോയിൽ പകത്തി, ഇതുപോലെ വിളക്കിനും, ലെൻസിനും മദ്ധ്യെ വച്ചു കറക്കി കുതിരച്ചാട്ടത്തെ ചിത്രീകരിച്ചു. പക്ഷേ, അവർ അതൊക്കെ ചെയ്തതു കൂടുതൽ അറിവു സമ്പാദിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു. സാമ്പത്തികമായി അവക്കു് വലിയ കഴിവുണ്ടായിരുന്നു. സ്വന്തം വിനോദത്തിൽ കവിഞ്ഞു് ഒരു ലക്ഷ്യവും അവക്കുണ്ടായിരുന്നില്ല. അവരുടെ ഉപകരണങ്ങളെപ്പററി ഇപ്പോൾ വിശദമായ യാതൊ

രറിവും ആക്കും ഇല്ല. എനിക്കു് അതുപോലെ ഫോട്ടോ പിടിക്കാൻ ഉപയോഗിക്കാനുള്ള ഉപകരണങ്ങൾ സമ്പാദിക്കാനുള്ള പണമില്ല. ഈ അറിവുകൾ വച്ചു കൊണ്ടു് ആളുകളുടെ മുമ്പിൽ പ്രദശിപ്പിച്ചു്, അല്പം വരവുണ്ടാക്കാനുള്ള ഒരു ചെറിയ മാതൃക നിമ്മിക്കണെമെന്നാണു് എൻെറ ആഗ്രഹം. ഈ അറിവുകളെ തൊഴിലിനുള്ള വഴിയാക്കാൻ അവരാരും ഇതുവരെ ശ്രമിച്ചില്ല. എനിക്കാണെങ്കിൽ പണവുമില്ല. വളരെ ശ്രമപ്പെട്ടു് ഈ പടങ്ങൾ ഞാൻ വരച്ചെടുത്തു് ഈ സമ്പ്രദായം സംഘടിപ്പിച്ചതാണു്". ഇതായിരുന്നു റഡ്ജിൻെറ മറുപടി.

"അങ്ങനെയാണെങ്കിൽ ലാഭകരമായ രീതിയിൽ ഈ അത്ഭുതകരമായ കണ്ടുപിടിത്തത്തെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാനുള്ള മാഗ്ഗം ശരിപ്പെടുത്താൻ ഞാൻ നിങ്ങളെ സഹായിക്കാം. നിങ്ങളോടൊത്തു പരീക്ഷണങ്ങൾ നടത്താൻ എന്നെ നിങ്ങൾ അനുവദിച്ചാൽ മതി. നാം വിജയിക്കുമെന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല. എനിക്കു കിട്ടുന്ന പണമെല്ലാം ഞാൻ ഇതിനു വിനിയോഗിക്കാം" എന്നു ഗ്രീൻ പറഞ്ഞു. റഡ്ജിനു് ഈ നിർദ്ദേശം വളരെ ഇഷ്ടമായി. അങ്ങനെ അവർ സഹപ്രവത്തകരായി. സിനിമാപ്രദശ്നത്തിൻെറ സംവിധായകനാകാൻ ഗ്രീനിനെ പ്രാപ്തനാക്കിയതു് ഈ കൂട്ടുകെട്ടായിരുന്നു.

ഗ്രീനിൻെറ ബുദ്ധിയിൽനിന്നും നിരവധി പുതിയ നിർദ്ദേശങ്ങൾ മുന്നോട്ടു വന്നുതുടങ്ങി. അവ

അനുസരിച്ചുള്ള ഉപകരണങ്ങൾ നിൎമ്മിക്കുന്ന ജോലി റഡ്ജ് തൻെറ വൎക്ക്ഷാപ്പിൽ താല്പൎയ്യത്തോടെ നിൎവ്വഹിച്ചുപോന്നു. ഒരേ വേഗതയിൽ പടങ്ങൾ മാറി മാറി വരുന്നതുകൊണ്ടു്, സ്ക്രീനിൽ അല്പസമയമെങ്കിലും ഒരു പടം പതിഞ്ഞു നില്ക്കുവാൻ സാദ്ധ്യമല്ലായിരുന്നു. അങ്ങനെ അല്പം സമയം നിൽക്കുകയും, അതു കഴിഞ്ഞു് അടുത്ത പടം അതേ സ്ഥാനത്തു വന്നു് അതുപോലെ നിൽക്കുകയും ചെയ്യുകയും, ഈ പ്രവൎത്തി ശീഘ്രഗതിയിൽ മാറി മാറി നടക്കുകയും ചെയ്താൽ സ്ക്രീനിൽ കാണുന്ന ചലച്ചിത്രം കൂടുതൽ വ്യക്തതയുള്ളതാകുമെന്നു് ഗ്രീനിനു തോന്നി. ഒരു പടം മാറി, മറെറാരു പടം ലെൻസിൻെറ സമീപം വരുന്നതുവരെയുള്ള ചെറിയ സമയത്തേയ്ക്കു് ലെൻസിൻെറ നേരെ വെളിച്ചം വരാതിരിക്കത്തക്ക രീതിയിലുള്ള ഒരു തകിടുമറയെ പ്രവൎത്തിപ്പിക്കുകയെന്നുള്ളതായിരുന്നു മറെറാരു നിൎദ്ദേശം. അതുപോലെതന്നെ, വേറൊരു പടവും യഥാസ്ഥാനത്തു വന്നാൽ, ഒരു സെക്കൻറിൻെറ ചെറിയ ഭാഗം വരുന്ന സമയത്തേയ്ക്കു അനങ്ങാതെ ആ സ്ഥാനത്തു നിൽക്കുകയും വേണം. പടം യഥാസ്ഥാനത്തു വരുമ്പോൾ, ആ ചില്ലിൽക്കൂടെ വെളിച്ചം തടസ്സമില്ലാതെ കടക്കണം. എന്നിട്ടു്, അതു മാറി അടുത്ത പടത്തിൻെറ ചില്ലു് ആ സ്ഥാനത്തു വരണം. അപ്പോൾ വീണ്ടും വെളിച്ചം ചില്ലിൽ പതിയണം. ഈ ക്രമം ആവൎത്തിക്കപ്പെടണമെന്നതായിരുന്നു അവരുടെ പരിപാടിയുടെ ലക്ഷ്യം. ഇതു സാധി

ക്കന്നതിനുവേണ്ടിയുള്ള ഓരോ നിർദ്ദേശങ്ങൾ ഗ്രീൻ കൊണ്ടുവരികയും, റഡ്ജ് അവ നടപ്പിലാക്കാൻ വേണ്ട നിർമ്മാണങ്ങൾ നടത്തുകയും ചെയ്തു. എണ്ണമററ ഉപകരണങ്ങൾ അവർ ഉണ്ടാക്കി പരീക്ഷണങ്ങൾ നടത്തി.

രണ്ടുപേരുടേയും അംഗീകാരത്തോടുകൂടി ഒരു ഉപകരണം നിരവധി പരീക്ഷണങ്ങൾക്കുശേഷം അവർ കൂട്ടിയിണക്കി. ഗ്രീനിൻെറ വീട്ടിൽതന്നെ വിജയകരമായി ഒരു പ്രദർശനം അദ്ദേഹം സംഘടിപ്പിച്ചു. തൻെറ സ്വന്തം മുഖഭാവം ദേഷ്യഭാവത്തിൽനിന്നും പുഞ്ചിരിയിലേക്കു മാറുന്നതായി കാണിക്കുന്ന ഒരു സെററു പടം എടുത്തു. മറെറാരു സെററിൽ, ഒരു പെൺകുട്ടിയുടെ കണ്ണ് അടച്ച നിലയിൽനിന്ന്, തുറക്കുന്നതായും, തുടന്ന് കണ്ണിലെ കൃഷ്ണമണി കണ്ണിൻെറ ഒരററത്തുനിന്നും, മറേറ അററത്തേയ്ക്കു നീങ്ങുന്നതായും കാണുന്നതായി ചിത്രീകരിച്ചു. ഇതു രണ്ടും വിജയകരമായി പരിശോധിച്ചു സംഘടിപ്പിച്ചശേഷം, ഒരു ദിവസം അദ്ദേഹം തൻെറ കൂട്ടുകാരെയും, അയൽക്കാരെയും ഈ പ്രദർശനം കാണുന്നതിനു് വീട്ടിൽ ക്ഷണിച്ചു.

## 13. വീട്ടിലെ പ്രദർശനം.

അക്കാലങ്ങളിൽ മായാദീപം (Magic Lantern) എന്ന ഒരു സമ്പ്രദായം ജനങ്ങൾക്കു വളരെ പരിചിത

മായിരുന്നു. ചായം പിടിപ്പിച്ച ഓരോ പടം, കണ്ണാടി ച്ചില്ലുകളിൽ പതിച്ച്, ചില്ലുകളിൽക്കൂടി വെളിച്ചം കടത്തിവിട്ട് അവയുടെ രൂപം വലുതാക്കി ചുവരിൽ കാണിക്കുന്നതായിരുന്നു മായാദീപപ്രദർശനം. ചിത്രങ്ങളുടെ ചലനം അന്നു അറിയപ്പെട്ടിരുന്നില്ല. അതുപോലെ ഒരു മായാദീപപ്രദർശനം കാണാമെന്നു മാത്രമേ ഗ്രീനിൻെറ ക്ഷണപ്രകാരം വന്ന അതിഥികൾക്കു പ്രതീക്ഷ ഉണ്ടായിരുന്നുള്ളൂ.

ഗ്രീനും, റഡ്ജും ചേർന്നു പ്രദർശനം ആരംഭിച്ചു. പ്രദർശനത്തിൻെറ സ്വഭാവത്തെപ്പററി അവർ യാതൊരു മുന്നറിയിപ്പും അതിഥികൾക്കു കൊടുത്തിരുന്നില്ല. ആദ്യം അവരും വെറും മായാദീപപ്രദർശനം തന്നെ നടത്തി. മലകൾ, വനങ്ങൾ, മണലാരണ്യങ്ങൾ, ബൈബിൾ കഥകളെ അനുസ്മരിപ്പിക്കുന്ന ചിത്രങ്ങൾ, എന്നിവതന്നെ അവർ കാണിച്ചുതുടങ്ങി. ഈ ചിത്രങ്ങളെല്ലാംതന്നെ ഒരു വെള്ളത്തുണിയിലാണു നിഴലിച്ചു കാണിച്ചിരുന്നതു്.

അതിനുശേഷം യാതൊരു മുന്നറിയിപ്പും കൊടുക്കാതെ, ഗ്രീൻ സംഘടിപ്പിച്ചിരുന്ന പെൺകുട്ടിയുടെ മുഖചിത്രം സ്ക്രീനിൽ പതിപ്പിച്ചു, അടച്ചിരുന്ന കണ്ണുകൾ സാവധാനം തുറക്കുന്നു; അതു കഴിഞ്ഞു് കൃഷ്ണമണി അങ്ങോട്ടുമിങ്ങോട്ടും അനങ്ങുന്നു. ഇതൊരു ചിത്രമാണെന്നുതന്നെ കാഴ്ചക്കാർക്കു തോന്നിയില്ല. പല

ചിത്രങ്ങൾ മാറിമാറി വരുന്നതാണെന്ന് ആക്കും മന സ്സിലാവുകയുമില്ല. ചിത്രങ്ങൾ പ്രവൃത്തി ചെയ്യുമെന്ന് അവക്ക് ഊഹിക്കാൻ സാദ്ധ്യമല്ലായിരുന്നു. "നീ തുണിയുടെ പിന്നിൽ ഒളിച്ചിരുന്നുകൊണ്ടു് നിൻെറ കണ്ണുകൾ അനക്കി കാണിക്കുകയാണ്; ഞങ്ങളെ വിഡ്ഢികളാക്കേണ്ട കാര്യമില്ല; എണീററു ഇങ്ങോട്ടു പോരൂ" എന്ന് ചിത്രത്തെ നോക്കി കാഴ്ചക്കാരിൽ ഒരാൾ വിളിച്ചു പറഞ്ഞു. സ്ക്രീനിൻെറ പിന്നിൽ ഒരു പെൺകുട്ടി ഒളിച്ചിരിക്കുന്നുണ്ടായിരുന്നു എന്നാ ണ് അയാൾ വിചാരിച്ചതു്.

കാഴ്ചക്കാരുടെ ഇടയിൽ അതുവരെ ഉണ്ടായിരുന്ന ചിരികളും, സംസാരവും എല്ലാം നിലച്ചു. പ്രദർശന ത്തിൻെറ ഉപകരണങ്ങളെ പ്രവർത്തിപ്പിച്ചുകൊണ്ടി രുന്ന ഗ്രീനിൻെറ നേക്ക് അവരൊക്കെ നോക്കി. ഗ്രീൻ പ്രദർശനം നിറുത്തി. മുറിയിൽ വീണ്ടും അദ്ദേഹം വിളക്കു കത്തിച്ചു. തുണിക്കർട്ടനെൻറ പിന്നിൽ ആരും ഇല്ലെന്ന് അദ്ദേഹം പറഞ്ഞു. കാഴ്ചക്കാർ വിശ്വസിച്ചില്ല. പോയി നോക്കി ബോദ്ധ്യ പ്പെടാൻ അദ്ദേഹം അവരോടാവശ്യപ്പെട്ടു. എല്ലാവരും സീററുകളിൽനിന്നും എണീററുപോയി നോക്കി. തുണി യുടെ പിന്നിൽ ആരും ഉണ്ടായിരുന്നില്ല. വെറും തുണി മാത്രം അങ്ങനെ നിൽക്കുന്നു. ആളുകൾ വീണ്ടും അവ രവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നു. വെറും ചിത്രങ്ങൾ കൊണ്ടാണ് ഇതു കാണിക്കുന്നതെന്ന് ഒന്നുകൂടി അവ രെ ബോദ്ധ്യപ്പെടുത്താനായിരുന്നു ഗ്രീനിൻെറ ശ്രമം.

## 14. വൃദ്ധയുടെ കോപം.

പ്രദർശനം വീണ്ടും ആരംഭിച്ചു. ഇത്തവണ ഗ്രീനിൻെറ മുഖംതന്നെയാണു് സ്ക്രീനിൽ കാണിച്ചതു്. ഗ്രീനിൻെറ മുഖം ഒരു ദേഷ്യഭാവത്തിൽ നിന്നും പുഞ്ചിരിയിലേക്കു വരുന്നതായി സ്ക്രീനിൽ കണ്ടു. ഇപ്പോൾ സംശയത്തിനു വകയില്ലായിരുന്നു. കാരണം, ഗ്രീൻ കാഴ്ചക്കാരുടെ പിറകിൽനിന്നു്, തൻെറ പ്രദർശനത്തിൻെറ ഉപകരണം മുൻപത്തേപ്പോലെതന്നെ പ്രവർത്തിപ്പിക്കുകയായിരുന്നു. കാഴ്ചക്കാർ അത്ഭുതംകൊണ്ടു് മതിമറന്നിരിക്കുകയാണു്. എന്നാലും വൃദ്ധയായ ഒരു സ്ത്രീക്കു് ഗ്രീനിൻെറ ദേഷ്യഭാവം അത്ര പിടിച്ചില്ല. അതിഥികളെ നോക്കി ഗ്രീൻ ദേഷ്യപ്പെടുന്നതോ പോകട്ടെ; അതു വെറും ചിത്രമാണെന്നു പറഞ്ഞു് അവരെ കളിയാക്കുകകൂടെ ചെയ്യുന്നതെന്തിനു്? എന്നായിരുന്നു വൃദ്ധയുടെ ചിന്താഗതി. മുൻവരിയിലായിരുന്നു അവരുടെ സീററു്. "നിറുത്തു നിൻെറ ദേഷ്യഭാവം" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു് അവർ ചാടിഎഴുന്നേററു് മുൻപോട്ടു ചെന്നു്, ഗ്രീനിൻെറ മുഖത്തിൻെറ സ്ഥാനത്തു് സ്ക്രീനിൽ കുടകൊണ്ടു് ഒരു കുത്തുകൊടുത്തു. അപ്പോഴേക്കും ഗ്രീനിൻെറ മുഖഭാവം പുഞ്ചിരിയായി മാറിയ വിധത്തിൽ സ്ക്രീനിൽ തെളിഞ്ഞു. മനുഷ്യശരീരത്തിൽ കുത്തുകൊണ്ടില്ല. വെറും തുണിയിലാണു് കുത്തുകൊണ്ടതു്. സ്ക്രീനിൻെറ മദ്ധ്യഭാഗം പിന്നോട്ടു

വലിയുക എന്നതു മാത്രമായിരുന്നു ഫലം. രസത്തിൽ മുഴകിയിരുന്ന മററു കാഴ്ചക്കാർ, വൃദ്ധയെ പിടിച്ച് സീററിലിരുത്തി, നിശ്ശബ്ദമായിരിക്കാൻ ആജ്ഞാപിച്ചു. ആ ഹാൾ മുഴവനും അത്ഭുതം നിറഞ്ഞ അന്തരീക്ഷം തിങ്ങിനിന്നു.

ഗ്രീൻ ആദ്യമായി ജീവനുള്ള ചിത്രങ്ങൾ പ്രദശിപ്പിച്ചതു് അന്നായിരുന്നു. ഈ വിധം ഒരു പ്രദശനം നടത്തുന്നതിനു് കണ്ണാടിച്ചില്ലുകളിൽ പിടിച്ച പടങ്ങളെ ആശ്രയിക്കേണ്ടിവരുന്നതു് പലതുകൊണ്ടും അസൗകര്യമായിരുന്നു. വളരെ വേഗത്തിൽ പടങ്ങൾ പിടിക്കുന്നതിനോ അവ വേഗത്തിൽ പ്രദശിപ്പിക്കുന്നതിനോ കണ്ണാടി സഹായകവുമാവുകയില്ല. വളരെ സമയം തുടൎന്നിൽക്കുന്ന പ്രദശനം നടത്തുന്നതിനു് ഇതുകൊണ്ടു് സാധിക്കുമായിരുന്നുമില്ല. പടം പിടിക്കുന്നതിനു് മറെറന്തെങ്കിലും ഉപകരണംതന്നെ വേണമെന്നും, തൻെറ ശ്രദ്ധ ഇനി അങ്ങനെ ഒരു സാധനം കണ്ടുപിടിക്കുന്ന വഴിക്കു് തിരിക്കണമെന്നും ഗ്രീൻ തീരുമാനിച്ചു.

## 15. ലണ്ടനിലേക്കു പോകണം.

കൂടുതൽ കാൎയ്യങ്ങൾ പഠിക്കുന്നതിനു് ലണ്ടൻനഗരത്തിൽപോയി താമസിക്കണമെന്നു് ടാൽബർട്ടു് തന്നെ ഉപദേശിച്ചിട്ടുള്ള കാൎയ്യം അദ്ദേഹം ഓർത്തു. ഇതുവരെയുള്ള തൻെറ വിജയത്തിനു് മുഖ്യ കാരണ

ക്കാരനായിരുന്ന റഡ്ജിനെ വിട്ടുപിരിയുന്നതു് ഗ്രീനി ന് സങ്കടകരമായിരുന്നു. എന്നാലും അതു സഹിക്കാതെ പുരോഗതിയുടെ മാറ്റം തെളിയിക്കാൻ ഒക്കുകയി ല്ലെന്നു് അദ്ദേഹത്തിനു തോന്നി. അതുകൊണ്ടു് എന്തു ബുദ്ധിമുട്ടു സഹിച്ചും ലണ്ടനിലേക്കു താമസം മാററണ മെന്നു് അദ്ദേഹം തീരുമാനിച്ചു.

കുടുംബത്തോടുകൂടി ലണ്ടനിൽപോയി താമസി ക്കാനുള്ള കഴിവു് തനിക്കില്ലായിരുന്നു. അതുകൊണ്ടു് ഒററയ്ക്കു് ലണ്ടനിൽപോയി താമസസൗകര്യം ആരാ യാനാണു് അദ്ദേഹം നിശ്ചയിച്ചതു്. ഒഴിവുദിവസങ്ങ ളിൽ വീട്ടിൽ വരാമെന്നും, കഴിയുന്നതും വേഗം ഭാര്യ യേയും, കുഞ്ഞിനേയുംകൂടി ലണ്ടനിൽ കൂട്ടിച്ചുകൊണ്ടു പോകാമെന്നും വാഗ്ദാനം ചെയ്തുകൊണ്ടു് അദ്ദേഹം ലണ്ടനിലേയ്ക്കു യാത്രയായി.

## 16. ലണ്ടനിലെ പ്രാരംഭജീവിതം.

1885 ജനുവരി മാസത്തിൽ ആരാലും അറിയ പ്പെടാത്ത ഒരു ഫോട്ടോഗ്രാഫർ തൊഴിലാളിയായി ഗ്രീൻ ഇംഗ്ലണ്ടിൻെറ തലസ്ഥാനനഗരിയിൽ വന്നു. അന്നു് 30 വയസ്സായിരുന്നു അദ്ദേഹത്തിൻെറ പ്രായം. ഏതാനും ദിവസം ജോലി അന്വേഷിച്ചു അലഞ്ഞു നടന്നു. 'ആർതർ' എന്നും, 'കോളിൻസു്' എന്നും പേരുള്ള രണ്ടു സഹോദരന്മാർകൂടി നടത്തിക്കൊണ്ടി രുന്ന ഒരു ഫോട്ടോ സ്റ്റുഡിയോ അദ്ദേഹത്തിനു അഭ

യം നൽകി. ഇവർ മൂന്നുപേരുംകൂടി ഒരു ചെരിപ്പു കടയുടെ മുകളിലത്തെ നിലയിലുള്ള രണ്ടു മുറികൾ വാടകയ്ക്കെടുത്തു് ഒരു സ്റ്റുഡിയോ സജ്ജീകരിച്ചു് അവിടെ പ്രവൎത്തനം തുടങ്ങി.

പക്ഷേ, ഈ കൂട്ടുകെട്ടു് വളരെനാൾ നീണ്ടുനിന്നില്ല. കുറെ പണം മിച്ചം വരത്തക്കവിധത്തിൽ ഒരു വ്യാപാര ഏൎപ്പാടു് എന്ന നിലയിൽ ഫോട്ടോ പിടിക്കുന്നതിൽ കവിഞ്ഞു് രണ്ടു സഹോദരന്മാൎക്കും മററു യാതൊരു ആഗ്രഹവും ഉണ്ടായിരുന്നില്ല. ഇംഗ്ലണ്ടിൽ മററാൎക്കും വേറെ ഒരുദ്ദേശവും ഉണ്ടായിരുന്നില്ലതന്നെ. ഗ്രീനിൻെറ ആഗ്രഹങ്ങളും, പ്രവൃത്തികളും അവൎക്കു് പ്രായോഗികമായി തോന്നിയില്ല. സ്വപ്നലോകത്തിൽ ജീവിക്കുന്നവനെന്നു് അവർ അദ്ദേഹത്തെ പരിഹസിച്ചിരുന്നു. ഈ ചെറുപ്പക്കാരൻ തങ്ങളുടെകൂടെ ചേൎന്നു് പ്രവൃത്തി നടത്തിയാൽ തങ്ങളുടെ തൊഴിലിൽനിന്നും ലാഭമുണ്ടാക്കാൻ ഒക്കുകയില്ലെന്നും ഏതാനും നാളത്തെ അനുഭവം കൊണ്ടു് അവൎക്കു സംശയം തോന്നി. ഏതായാലും അദ്ദേഹത്തിൻെറ അപാരമായ ഫോട്ടോഗ്രാഫിക് വാസനയെ ഒന്നു പരീക്ഷിച്ചുനോക്കണമെന്നുതന്നെ തീരുമാനിച്ചുകൊണ്ടു് അവർ അദ്ദേഹത്തെ സ്റ്റുഡിയോയുടെ ചുമതലയിൽ വച്ചു. ഗ്രീൻ ഫോട്ടോ പിടിക്കുന്നതിൽ അവരെക്കാളും സമൎത്ഥനായിരുന്നതിനാൽ സ്റ്റുഡിയോയിൽ കൂടുതൽ ആളുകൾ ഫോട്ടോ എടുക്കാൻ വന്നുതുടങ്ങി. എന്നാൽ, ആഴ്ചതോറും ഗ്രീൻ

സ്വന്തം വീട്ടിൽ പോകും. രണ്ടു മൂന്നു ദിവസം കഴി ഞ്ഞേ വരികയുള്ളൂ. പട്ടണത്തിൽ ഉള്ളപ്പോൾപോലും അവരുടെ ആഗ്രഹംപോലെ എപ്പോഴും സ്റ്റുഡിയോ യിൽതന്നെ കുത്തിയിരിക്കുകയില്ല. ശാസ്ത്രീയ വിഷ യങ്ങളെ പുരസ്കരിച്ചു് ചർച്ചകൾ പട്ടണത്തിൻെറ ഏതെങ്കിലും ഭാഗത്തു് മിക്കവാറും ഉണ്ടായിരിക്കും. ഗ്രീനിനു് അതൊക്കെ കേൾക്കാൻ പോകണം. ഗ്രന്ഥ ശാലയിൽപോയി, വായനയിൽ മുഴുകി വളരെ സമയം ചെലവഴിക്കുന്നതിനും ഗ്രീൻ കൂടെക്കൂടെ സ്റ്റുഡിയോ യിൽനിന്നും സ്ഥലം വിട്ടുകളയും. ഫോട്ടോ പിടി ക്കാൻ, ദൂരെനിന്നുപോലും പലരും വരുമായിരുന്നു. ഗ്രീൻ ഇല്ലാത്ത അവസരത്തിൽ, തിരിഞ്ഞുനില്ക്കാതെ അവർ മടങ്ങിപ്പോകും. ഇതൊക്കെ ഒരു തരത്തിൽ സ്റ്റുഡിയോയുടെ നിലനില്പിനെ വല്ലാതെ ബാധി ച്ചിരുന്നു.

ഇതിനിടെ ഫിസിക്സ്, കെമിസ്ട്രി, ഇലക്ട്രി ക്കൽ എൻജിനീയറിംഗ് തുടങ്ങിയ വിഷയങ്ങളെ പ്പററി പഠിപ്പിക്കുന്ന ഒരു വിദ്യാലയത്തിൽ വൈകു ന്നേരംതോറും പഠിക്കുന്നതിനും ഗ്രീൻ ചേർന്നു. ചുരുക്കം പറഞ്ഞാൽ അവർക്ക് ഗ്രീനിനെ ആവശ്യത്തിനു കിട്ടാ തെയായി. ഇങ്ങനെ തൊഴിൽ മുടക്കിയാൽ, ശമ്പളം തരാൻ സാധിക്കുകയില്ലെന്നു് നമ്മുടെ രണ്ടു സഹോദ രന്മാർ പറഞ്ഞു. കൂടുതൽ സമയം ഫോട്ടോസ്റ്റുഡി യോയിൽ ചെലവാക്കണമെന്നായിരുന്നു അവരുടെ

നിർബ്ബന്ധം, ഏതായാലും ഗ്രീനിനെ പിണക്കി അയ യ്ക്കാൻ അവൎക്ക മനസ്സില്ലായിരുന്നു. ഗ്രീനിനു് മററു പ്രവൃത്തികളുടെ ഇടയിൽ കൂടുതൽ സമയം തൊഴിൽ ചെയ്യുന്നതിനു് ലഭിക്കത്തക്കവണ്ണം മറെറാരു സ്ഥല ത്തേയ്ക്കു് സ്റ്റുഡിയോ മാററി ഇട്ടുകൊടുക്കാമെന്നും അവർ നിർദ്ദേശിച്ചു. അതനുസരിച്ചു് 'ഗ്രീൻ പാൎക്കു്' എന്ന തെരുവിൽ,'പിക്കാഡെല്ലി' (Pickadelly) എന്ന സ്ഥാനത്തു് അവർ മറെറാരു സ്റ്റുഡിയോ സ്ഥാ പിച്ചു് ഗ്രീനിനെ അവിടേക്കു മാററി. അവിടെ ഗ്രീനിനു് കൂടുതൽ സ്വാതന്ത്ര്യവും അവർ അനുവദിച്ചു കൊടുത്തു.

ഇക്കാലത്തിന്നിടയിൽ എഡിസൺ എന്ന മഹാൻ ഇലക്ട്രിക്കു് വിളക്കു് കണ്ടുപിടിച്ചിരുന്നു. അതു് ഇംഗ്ലണ്ടിലും പ്രചാരത്തിൽ വന്നു. ഗ്രീനിന്റെ പുതിയ സ്ററുഡിയോയിൽ, ഇലക്ട്രിക്കു വിളക്കുകൾ ഫോ ട്ടോഗ്രാഫിക്കുവേണ്ടി സ്ഥാപിക്കപ്പെട്ടു. ഇവിടെ ഗ്രീൻ കുറേക്കൂടി തൊഴിലിൽ ശ്രദ്ധിച്ചു. എങ്കിലും, ചലിക്കുന്ന പടങ്ങൾ സംവിധാനം ചെയ്യുന്നതിൽ ഗ്രീൻ വളരെയേറെ ഗവേഷണങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു.

തൊഴിലിൽനിന്നും പണം സംഭരിക്കേണ്ടതു് പലതുകൊണ്ടും ഗ്രീനിനു് ആവശ്യമായിരുന്നു. അദ്ദേ ഹം കുറേനേരമെങ്കിലും, തന്റെ പതിവുകാരുടെ

സംതൃപ്തിക്കു വേണ്ടി ചിലവാക്കിയിരുന്നെങ്കിൽ ധാരാളം പണം കിട്ടുകയും ചെയ്യുമായിരുന്നു. എന്നാൽ ഗവേഷണത്തിൻെറ ഭ്രാന്തു പിടിച്ചാൽ അദ്ദേഹം തൊഴിൽ മുടക്കും. വളരെയധികം ആളുകൾ ഗ്രീനിനെക്കൊണ്ടു് ഫോട്ടോ പിടിപ്പിക്കുവാൻ കാത്തു നിൽക്കും. വല്ല വിധത്തിലും ഗ്രീനിനെ പ്രേരിപ്പിച്ചു് ഫോട്ടോ പിടിപ്പിക്കാനായിരുന്നു അവരുടെ ശ്രമം. അദ്ദേഹത്തിനു് ധാരാളം പണവും കിട്ടിത്തുടങ്ങി. പക്ഷേ, അതു മുഴുവനും മിക്കവാറും ചലിക്കുന്ന ചിത്രങ്ങൾ സംവിധാനം ചെയ്യുന്നതിനുള്ള പരീക്ഷണങ്ങൾക്കായി അദ്ദേഹം ചെലവാക്കിയിരുന്നു. വീട്ടിലേയ്ക്കു പോകുന്നതിനു തലേദിവസം കിട്ടുന്ന തുകകൾ മാത്രം അദ്ദേഹം സൂക്ഷിച്ചു് വീട്ടിൽ കൊണ്ടുചെന്നെത്തിച്ചിരുന്നു.

## 17. പുതിയ ക്ഷണം.

റായൽ ഫോട്ടോഗ്രഫി സൊസൈററിക്കു് തൻെറ കണ്ടുപിടിത്തങ്ങളെപ്പററി ഗ്രീൻ കൂടെക്കൂടെ എഴുതിക്കൊണ്ടിരുന്നു. അദ്ദേഹത്തെപ്പററിയുള്ള വിവരങ്ങളിൽ സൊസൈററി ക്രമേണ ശ്രദ്ധ പതിപ്പിക്കാൻ തുടങ്ങി. 1885 നവംബർ മാസത്തിൽ തൻെറ കണ്ടുപിടിത്തങ്ങളെ പ്രദർശിപ്പിക്കുവാൻ അദ്ദേഹത്തെ സൊസൈററി ക്ഷണിച്ചു.

ഇതിനിടയിൽ നിരന്തരമായ ശ്രമത്തിൻെറ ഫലമായി ഫോട്ടോ പിടിക്കുന്നതിനു കണ്ണാടിക്കു പകരം

ഒരുതരം കടലാസുപയോഗിക്കുന്നതിന് അദ്ദേഹം ഒരു വിദ്യ കണ്ടുപിടിച്ചിരുന്നു. ചില രാസദ്രവ്യങ്ങൾ (Chemicals) പുരട്ടുന്നതുകൊണ്ട് ആ കടലാസ്സിനു സാധനങ്ങളുടെ ഛായ ഗ്രഹിക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കി. വെളിച്ചത്തിൻെറ രശ്മികൾ അതിലൂടെ കടക്കത്തക്കവണ്ണം ക്രമീകരിക്കുന്നതിന് ആവണക്കെണ്ണയിൽ അതിനെ മുക്കിയെടുത്താൽ മതിയെന്നും അദ്ദേഹം കണ്ടു. ഈ സാധനത്തിൻെറ സഹായംകൊണ്ട്, വാ തുറന്നടയ്ക്കുന്ന ഒരു മുഖരൂപം പന്ത്രണ്ടു ഫോട്ടോകളിലാക്കി പകർത്തി. തൻെറ വീട്ടിൽവച്ച് പ്രദർശനത്തിനു തയാറാക്കിയിരുന്ന കണ്ണാടിച്ചില്ലുകൊണ്ടുള്ള ചിത്രങ്ങൾ ഏതായാലും റായൽ സൊസൈററി മുമ്പാകെ കൊണ്ടുപോകേണ്ട എന്ന് അദ്ദേഹം തീരുമാനിച്ചു. ഫോട്ടോ പിടിക്കാൻ ഉപയോഗിക്കാവുന്ന ഒരു നൂതന സാധനം കണ്ടെത്തിയ സാഹചര്യത്തെ കഴിയുന്നതും പ്രയോജനപ്പെടുത്തി, വികസിപ്പിക്കുവാൻ സാദ്ധ്യതയുണ്ടോഎന്നു തിരക്കുന്നതിലായിരുന്നു അദ്ദേഹത്തിനു കൂടുതൽ താല്പര്യമുണ്ടായിരുന്നതു്. ഇത്തവണ എടുത്തതായ പന്ത്രണ്ടു ചിത്രങ്ങൾ, അദ്ദേഹം കണ്ടുപിടിച്ചതായ കടാലാസു പോലുള്ള സാധനത്തിലാണു സംവിധാനം ചെയ്തതു്. തൻെറ വീട്ടിൽവച്ച് അന്നങ്ങുന്ന ചിത്രം പ്രദർശിപ്പിച്ച് സാധാരണക്കാരെ അത്ഭുതപ്പെടുത്തിയതുപോലെ, വിദ്വാന്മാരും മഹാന്മാരുമായ റായൽസൊസൈററിഅംഗങ്ങളെ ആകർഷിക്കുവാൻ തനിക്കു സാധിക്കുകയില്ലെന്ന്

അദ്ദേഹം സംശയിച്ചു. നല്ല ഒരു സെററു പടം സംവിധാനംചെയ്തു് പ്രദൎശനത്തിനു കൊണ്ടുപോരുവാൻ കുറെ സാമ്പത്തിക സഹായം നൽകണമെന്നു് അദ്ദേഹം റായൽ സൊസൈററിയോടു് അപേക്ഷിച്ചു. ഏതോ ഭ്രാന്തുകൾ പുലമ്പിക്കൊണ്ടിരുന്ന ഒരു ഫോട്ടോസ്റ്റുഡിയോയിലെ ജോലിക്കാരൻ അങ്ങനെയൊക്കെയുള്ള സഹായത്തിനു് അൎഹനാണെന്നു് റായൽ സൊസൈററിക്കു തോന്നിയില്ല. അങ്ങനെയുള്ള ഒരു അപ്രധാനനായ മനുഷ്യനെ തങ്ങളുടെ സദസ്സിൽ വരുത്തി തൻേറതെന്നു് അവകാശപ്പെടുന്ന പുതിയ വിദ്യയെ പ്രദൎശിപ്പിക്കാൻ അവസരം നൾകുന്നതു തന്നെ, വലിയൊരു സൗജന്യവും മഹാമനസ്കതയും ആണെന്നായിരുന്നു അവരുടെ വിധി.

ഗ്രീനിൻേറ പ്രദൎശനവസ്തുക്കൾ തൻേറ ആഗ്രഹത്തിനൊത്തവണ്ണം തൃപ്തികരമായി എന്നു് അദ്ദേഹത്തിനു് അഭിപ്രായം ഉണ്ടായിരുന്നില്ല. എന്നാലും ലോകത്തിൽ അറിയപ്പെടാത്ത താൻ ഈ വിധം നൂതനവും അത്ഭുതകരവുമായ ഒരു പ്രദൎശനം മഹാന്മാരുടെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ അവർ തന്നെ അഭിനന്ദിക്കുമെന്നു് ഗ്രീൻ ന്യായമായി പ്രതീക്ഷിച്ചു. അവരുടെ ബോദ്ധ്യം തനിക്കു സമ്പാദിച്ചെടുക്കാമെങ്കിൽ അവർ തൻേറ സാരംഭങ്ങളുടെ പൊരുൾമനസ്സിലാക്കി, തന്നെ വളരെ പ്രോത്സാഹിപ്പിക്കുമെന്നു് അദ്ദേഹത്തിനു വിശ്വാസമുണ്ടായിരുന്നു. ഭാവിയെപ്പററി

നിറഞ്ഞ പ്രതീക്ഷകളോടെ അദ്ദേഹം യാത്രതിരിച്ചു. താൻ പ്രവർത്തിച്ചിരുന്ന സ്റ്റുഡിയോയുടെ ഉടമസ്ഥന്മാരിൽനിന്നും കുറെ പണം കടംവാങ്ങി യാത്രയ്ക്ക് തയ്യാറെടുത്തു. തന്റെ പ്രദർശനത്തിനു സഹായിക്കുവാൻ തന്റെ ഒരു സിൽബന്ധിയെക്കൂടി കൂട്ടിക്കൊണ്ടു അദ്ദേഹം റായൽ സൊസൈററി മുമ്പാകെ ഹാജരായി. താമസിയാതെ തനിക്കുണ്ടാകുവാൻ പോകുന്ന ശ്രേയസ്സിനെ മുമ്പിൽ കണ്ടുകൊണ്ട് അദ്ദേഹം തന്റെ കണ്ടുപിടിത്തത്തെ റായൽ സൊസൈററി മുമ്പാകെ പ്രദർശിപ്പിക്കുകയും, പ്രദർശനത്തിന്റെ പൊരുളുകൾ അവർക്ക് വിശദീകരിക്കാൻ ശ്രമിക്കുകയും ചെയ്തു.

ഗ്രീനിന്റെ പ്രദർശനം പ്രതീക്ഷയ്ക്കു വിരുദ്ധമായ പ്രതികരണമാണ് റായൽ സൊസൈററിയിലെ വിദ്വാന്മാരിൽ ഉളവാക്കിയതു്. ഫോട്ടോഗ്രാഫിയെ സംബന്ധിച്ച് അവർക്കുണ്ടായിരുന്ന ധാരണകളിൽ പലതിനോടും പൊരുത്തപ്പെടാത്ത ആശയങ്ങളാണ് ഗ്രീൻ അവരുടെ മുൻപിൽ അവതരിപ്പിച്ചതു്. ഗ്രീനിന്റെ പ്രദർശനത്തിന് പ്രായോഗികമായ കണ്ടുപിടിത്തത്തിന്റെ പദവി നിശ്ചയിക്കുകയാണെങ്കിൽ താങ്കളുടെ അറിവുകൾതന്നെ വിലയിടിഞ്ഞവയായിപ്പോവുമെന്നും അവർക്കു തോന്നി. അവ എല്ലാം വിജയപ്രദമായ കണ്ടുപിടിത്തങ്ങളാണെന്നു സമ്മതിച്ചാൽ ഏതു നിലയിലുള്ള അംഗീകാരമാണ്, അവയ്ക്ക് റായൽ സൊസൈററി നല്കേണ്ടിവരിക! ഗ്രീനിന്

കൊടുക്കുന്ന സ്ഥാനം താങ്കളെക്കാരം വളരെ ഉയന്നതാകാനേ തരവുമുള്ളൂ. അംഗീകരിക്കപ്പെട്ട വിദ്വാന്മാരായി അറിയപ്പെട്ടിരുന്ന അവരുടെ വിജ്ഞാനത്തെ അങ്ങനെ വിലയിടിച്ചു താഴ്ത്തിക്കെട്ടുവാൻ അനുവദിക്കുക എന്നതു് അവക്കു സഹിക്കാൻ സാദ്ധ്യമല്ലാത്ത ഒരു സംഗതിയായിരുന്നു. അവർ ഗ്രീനിൻെറ പ്രദശ്നം കണ്ടശേഷം അദ്ദേഹത്തെ പരിഹസിച്ചു തള്ളിക്കളഞ്ഞു. ചലനത്തെ ചിത്രത്തിൽ പകത്താൻ സാധിക്കുമെന്നും, ഫോട്ടോ പിടിക്കുന്നതിനു് കണ്ണാടിക്കുപകരം മറെറാരു സാധനം പ്രയോഗത്തിൽ കൊണ്ടുവരാമെന്നും മററുമുള്ള അദ്ദേഹത്തിൻെറ വിശദീകരണങ്ങളെ അവർ ചെവിക്കൊള്ളാൻ പോലും ശ്രദ്ധിച്ചില്ല. അദ്ദേഹം അവരെ പഠിപ്പിക്കുവാൻ തുടങ്ങുകയാണെന്നു് അവർ അദ്ദേഹത്തെ കുററപ്പെടുത്തി. "ഞങ്ങളെ നിങ്ങരം പഠിപ്പിക്കുവാൻ തുടങ്ങുകയാണല്ലൊ; ഞങ്ങളുടെ വിദ്വത്വം, രാഷ്ട്രം അംഗീകരിച്ചിട്ടുള്ളതാണു്. ചലനത്തെ ഫോട്ടോയിൽക്കൂടി ചിത്രീകരിച്ചു് ലോകത്തെ കബളിപ്പിക്കാമെന്നു നിങ്ങളല്ലാതെ ആരെങ്കിലും സ്വപ്നം കാണുമോ? അതുപോലെ ഫോട്ടോകരം പിടിക്കുവാൻ കണ്ണാടിച്ചില്ലല്ലാതെ മറെറന്തെങ്കിലും ഉപയോഗിച്ചു് മിടുക്കനാകാമെന്നു നിങ്ങരം കരുതുന്നതും നിങ്ങളുടെ അല്പത്വം കൊണ്ടല്ലേ? ഭ്രാന്തിനെ ബുദ്ധിശക്തിയായി അംഗീകരിക്കുവാൻ ഞങ്ങരം തയാറില്ല." ഏതാണ്ടു് ഈ വിധത്തിലായിരുന്നു അവരുടെ മറുപടി.

ഗ്രീനിൻെറ നവീനമായ കണ്ടുപിടിത്തങ്ങൾക്കും ആശയങ്ങൾക്കും അവർ യാതൊരു തരത്തിലുമുള്ള അംഗീകാരവും കൊടുക്കുവാൻ തയ്യാറായില്ല. എന്നാലും ഒരു കാര്യം അവർ സമ്മതിച്ചുകൊടുത്തു. താൻ പിടിച്ചിരുന്ന നിരവധി ഫോട്ടോകൾ ഗ്രീൻ അവരുടെ മുൻപിൽ പ്രദർശിപ്പിച്ചു. അതുവരെയും തങ്ങൾ പരിശോധിച്ചിട്ടുള്ള ഫോട്ടോകളിലേയ്ക്കും മെച്ചപ്പെട്ടവയായിരുന്നു, അവ എന്നു അവർ സമ്മതിച്ചു. നല്ല ഫോട്ടോ പിടിക്കുന്നതിന് അദ്ദേഹത്തിനുള്ള കഴിവിനെ അവർ അംഗീകരിച്ചു. അത്രയും കഴിവുതന്നെയും റായൽ സൊസൈററിയിൽ അംഗത്വം ലഭിക്കുന്നതിന് മതിയായ യോഗ്യതയാണെന്നും അവർ കരുതി. ഒരു വിദ്യാവിഹീനന് റായൽ സൊസൈററിയിൽ അംഗത്വംനൽകുന്നതു് ആനർഹമാണെന്നിരിക്കിലും അവരെ വല്ലാത്ത ചിന്താക്കുഴപ്പത്തിൽ എത്തിച്ച ഗ്രീനിന് മഹാമനസ്കതയോടുകൂടി റായൽ സൊസൈററിയിൽ അംഗത്വം നൽകാൻ അവർ തീരുമാനിച്ചു.

## 18. നൃത്തംചെയ്യുന്ന അസ്ഥിപഞ്ജരം.

റായൽ സൊസൈററി നല്കിയ അംഗത്വം ഗ്രീനിനെ തൃപ്തനാക്കിയില്ല. ആ അംഗത്വത്തെ യാതൊരു വിധത്തിലും പ്രയോജനപ്പെടുത്തുവാനും അദ്ദേഹം ശ്രദ്ധിച്ചില്ല. വികസിക്കുവാൻ സാദ്ധ്യതയുള്ള ഒരു നൂതന ആശയത്തെ അംഗീകരിക്കുവാൻ

അവർ മടികാണിച്ചതിൽ അദ്ദേഹത്തിനു് കടുത്ത നിരാശയുണ്ടായി. ചലനത്തെ ചിത്രത്തിൽ പകർത്തു കയെന്നതു് ഏതായാലും, ജനഹൃദയങ്ങളെ ആകർഷിക്കു വാൻ പോരുന്ന ഒരു പദ്ധതിയാണെന്നു് അദ്ദേഹം വിശ്വസിക്കുകതന്നെ ചെയ്തു. കണ്ണാടിക്കു പകരം ചുരുളുകളായി സൂക്ഷിക്കത്തക്കവണ്ണം വളരെ നീളത്തിൽ സംഭരിക്കാവുന്ന ഒരു സാധനം കണ്ടുപിടിക്കുന്നതി നുള്ള ശ്രമങ്ങൾക്കു് റായൽ സൊസൈററി അംഗങ്ങൾ പ്രോത്സാഹനം നല്കാത്തതു് അദ്ദേഹത്തെ കൂടുതൽ ദുഃഖിതനാക്കി. വിദ്വാന്മാരുടെ മുൻപിൽ താൻ വിഡ്ഢിയായെങ്കിലും, പൊതുജനങ്ങൾ തൻെറ കണ്ടു പിടിത്തത്തിൽ ആകൃഷ്ടരാകുമെന്നുള്ള ആശ ഗ്രീനിൽ അവശേഷിച്ചു.

പിക്കാഡെല്ലിയിലുള്ള സ്റ്റുഡിയോയിൽ മടങ്ങി വന്നശേഷം അദ്ദേഹം വളരെ പണിപ്പെട്ടു് ഫോട്ടോ പിടിക്കാവുന്ന കട്ടിയുള്ള കടലാസ്സു് ഏതാനും വാര നീളത്തിൽ നിർമ്മിച്ചു ചുരുളാക്കി സൂക്ഷിച്ചു. ഒരു അസ്ഥിപഞ്ജരം നൃത്തംവയ്ക്കുന്നതായി കാണിക്കുന്ന ഒരുസെററു പടം അദ്ദേഹം അതിൽ പിടിപ്പിച്ചെടുത്തു. നൃത്തത്തിൻെറ ഓരോ ചലനങ്ങളും വരത്തക്ക രീതി യിൽ അസ്ഥിക്കഷണങ്ങളെ പിടിച്ചുവച്ചു് അതാ തിൻെറ ഓരോ പടങ്ങൾ എടുക്കുകയായിരുന്നു അദ്ദേ ഹംചെയ്തതു്. അടുത്തടുത്ത രണ്ടു പടങ്ങൾ തമ്മിലുള്ള വ്യത്യാസം വളരെചെറുതായിരിക്കുകയേ ഉള്ളു. എല്ലാ

പടങ്ങളും ഒന്നിനു പുറകേ ഒന്നായി ശീഘ്രഗതിയിൽ പ്രദർശിപ്പിക്കപ്പെട്ടപ്പോൾ, വേറേവേറെ പടങ്ങളാണു് സ്ക്രീനിൽ വരുന്നതെന്നു് കാണികൾക്കു് തോന്നുകയില്ല. ഒരു അസ്ഥിപഞ്ജരം കൈകളും കാലുകളും മടക്കുകയും നിവർക്കുകയും ചെയ്തുകൊണ്ടു്, നൃത്തംചെയ്യുന്നതുപോലുള്ള കാഴ്ച മാത്രമേ കാണികൾക്കു് അനുഭവപ്പെടുകയുള്ളൂ. അസ്ഥിപഞ്ജരത്തെ നൃത്തത്തിൻെറ ഓരോ ചലനത്തേയും പ്രതിനിധീകരിക്കുന്ന സ്ഥാനങ്ങളിൽ ഉറപ്പിച്ചുവച്ചുകൊണ്ടു്, അതാതിൻെറ പടങ്ങൾ ഒന്നൊന്നായി ഫോട്ടോയിൽ പിടിക്കുന്നജോലി വളരെ ബുദ്ധിമുട്ടുള്ളതായിരുന്നു. എന്നാലും ഒടുവിൽ പ്രദർശിപ്പിച്ചപ്പോൾ വിജയകരമായ ഒരു നൃത്തം സ്ക്രീനിൽ കിട്ടി.

പരിശോധനയിൽ വിജയകരമായി തോന്നിയതോടുകൂടി ഈ ചിത്രം പൊതുജനങ്ങളുടെ മുമ്പിൽ പ്രദർശിപ്പിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അതിനൊരു പൊതുസ്ഥലം അദ്ദേഹത്തിനു് കിട്ടിയില്ല. പിക്കാഡെല്ലിയിലുള്ള തൻെറ സ്റ്റുഡിയോയിലെ തെക്കെ അററത്തുള്ള മുറിയുടെ ജനാല റോഡിൻെറ തൊട്ടരികിലായിരുന്നു. ആ ജനാലയുടെ പാളി എടുത്തു മാററി അതിൻെറ സ്ഥാനത്തു് വെള്ളത്തുണികൊണ്ടുള്ള സ്ക്രീൻ കെട്ടി, ഒരു ദിവസം സന്ധ്യ കഴിഞ്ഞപ്പോൾ, മുറിയ്ക്കകത്തിരുന്നുകൊണ്ടു് തൻെറ ഉപകരണങ്ങളുടെ സഹായത്തോടുകൂടി അസ്ഥിപഞ്ജരം

നൃത്തം ചെയ്യുന്നതായി കാണിക്കുന്ന ചലനചിത്രം അദ്ദേഹം പ്രദർശിപ്പിച്ചു. സ്റ്റുഡിയോയുടെ മുൻവശത്തു് തെളിച്ചിരുന്ന വിളക്കുകൾ അദ്ദേഹം അണച്ചു. ഇപ്ര കാരം ചുററുപാടും ഇരുട്ടു സൃഷ്ടിച്ചാൽ മാത്രമേ സ്ക്രീനിലെ ചിത്രം തെളിഞ്ഞുകാണുകയുള്ളു.

റോഡിൽക്കൂടി കടന്നുപോയവർ ആശ്ചര്യപ്പെട്ടു. പടങ്ങൾ പ്രവർത്തി ചെയ്യുന്നതു് എങ്ങനെയാണു്. ജീവനുള്ള വസ്തുക്കൾ മാത്രമല്ലേ, ചലിക്കുകയുള്ളു. പോരെങ്കിൽ ഒരു അസ്ഥിപഞ്ജരം നൃത്തം വയ്ക്കുന്ന പ്രവൃത്തി. കാഴ്ചയിൽ ചിത്രംതന്നെ. ഇതെങ്ങനെ സംഭവിക്കും! വൈകുന്നേരം നടക്കാൻ പോകുന്നവർ അവിടെ തങ്ങിനിന്നു. കമ്പോളത്തിൽനിന്നും പോകുന്ന സ്ത്രീകൾ ജനാലയ്ക്കടുത്തു കൂട്ടംകൂടി. വണ്ടികളിൽക്കൂടി കടന്നുപോകുന്നവർ വണ്ടികളിൽനിന്നും ഇറങ്ങിനിന്നു കാഴ്ച കാണുകയായി. ഈ കാഴ്ചയ്ക്കു് എന്തെങ്കിലും വിശദീകരണം നല്കാൻ ആരും ഉണ്ടായിരുന്നില്ല. സ്റ്റുഡിയോയുടെ പ്രവേശനദ്വാരം ബലമായി ബന്ധിച്ചിരിക്കുന്നു. കാഴ്ചക്കിരിൽ ഒരുത്തനും ഈ കാഴ്ചയുടെ പൊരുൾ വിശദീകരിക്കുവാൻ സാധിച്ചില്ല. ഏതാനും നിമിഷംകൊണ്ടു്, വളരെ തിരക്കുള്ള ആ തെരുവിൽ ഗതാഗതം പൂർണ്ണമായി തടസ്സപ്പെടത്തക്കവണ്ണം സ്റ്റുഡിയോയുടെ നടയിൽ വലിയ ആൾക്കൂട്ടമുണ്ടായി. ഗതാഗതം നിയന്ത്രിക്കുന്ന പോലീസുകാർ ജനക്കൂട്ടത്തെ പിരിച്ചയയ്ക്കുവാൻ ഓടിയെത്തി. പക്ഷെ, അത്ഭുത

സ്തബ്ധരായി നിന്ന ജനങ്ങളെ പിരിച്ചയക്കാൻ അവക്ക് തോന്നിയില്ല. അവരും ഈ അത്ഭുതത്തെ കണ്ണിമയ്ക്കാതെ നോക്കിനിന്നതേയുള്ളു.

## 19 താക്കീതു്.

ഏതാനും ദിവസം ഈ പ്രദർശനം ഇങ്ങനെ തുടന്നു. ലണ്ടൻ നഗരത്തിന്റെ ഏതു കോണിലും സംസാരവിഷയം ഇതിനെപ്പററിയായി. വിശ്വസിക്കാനൊക്കാത്ത ഈ കാഴ്ച കാണാൻ വളരെ ദൂരെ നിന്നുപോലും ആളുകൾ സന്ധ്യയാകുമ്പോൾ ഗ്രീനിന്റെ സ്റ്റുഡിയോയുടെ പുറത്തു് ധാരാളമായി തിങ്ങിക്കൂടിത്തുടങ്ങി. ഗതാഗതം മററുവഴിക്ക തിരിച്ചുവിടേണ്ട ഘട്ടമായി. രഹസ്യപോലീസ്സ് വകുപ്പിന്റെ പ്രവത്തന കേന്ദ്രമായ 'സ്കോട്ടലണ്ട് യാർഡിൽ' ഈ സംഭവം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. അവിടെ നിന്നും നിയോഗിക്കപ്പെട്ട ഒരുയർന്ന പോലീസുദ്യോഗസ്ഥൻ ഗ്രീനിന്റെ സ്റ്റുഡിയോവിൽ വന്നു്, ഈ പ്രദർശനം മേലാൽ നടത്തരുതെന്നു താക്കീതു ചെയ്തു. ഇതു് രസകരമായ ഒരു കാഴ്ചയാണെങ്കിലും കോലിത്തിരക്കുള്ള ലണ്ടൻ നഗരവാസികൾക്കു ഇതു് വലിയ ശല്യമാണെന്നായിരുന്നു സ്കോട്ട്ലണ്ടുയാർഡിന്റെ വിധിയെന്നു് ആ ഉദ്യോഗസ്ഥൻ അറിയിച്ചു. അസ്ഥിപഞ്ജരത്തിന്റെ

നൃത്തം അതോടെ അവസാനിച്ചു ലണ്ടൻ നഗരം ഇതൊക്കെ വളരെ വേഗം മറക്കുകയും ചെയ്തു.

ഗ്രീനിന്റെ സമയം മുഴുവനും പരീക്ഷണങ്ങൾക്കുവേണ്ടി വിനിയോഗിക്കപ്പെട്ടു. സ്റ്റുഡിയോ സംബന്ധമായ യാതൊരു പണികൾക്കും അദ്ദേഹത്തെ കിട്ടാതായി. ആർതർ സഹോദരന്മാരുമായി അദ്ദേഹം പിണങ്ങിപ്പിരിഞ്ഞു. അദ്ദേഹം ലണ്ടനിൽ തന്നെ മെയിഡാവാലേ (Maida Vale) എന്ന സ്ഥലത്ത് ഒരു കെട്ടിടം വാടകയ്ക്കെടുത്ത് കുടുംബത്തെ അവിടെ കൂട്ടിക്കൊണ്ടുവന്നു താമസമായി. അതിനടുത്ത് ഹാൾബോൺ (Holborne) എന്ന ഒരു സ്ഥാനത്ത് ഒരു കെട്ടിട വാടകയ്ക്കെടുത്ത് ഒരു ചെറിയ പരീക്ഷണശാലയും സംഘടിപ്പിച്ചു. താമസിയാതെ മെയിഡാവാലേയിലുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം അദ്ദേഹം സമ്പാദിക്കുകയും ചെയ്തു.

## 20. ശ്രമം തുടരുന്നു.

പണത്തിന് വലിയ ബുദ്ധിമുട്ടായിരുന്നു. എങ്കിലും പരീക്ഷണങ്ങൾ വിജയിച്ചാൽ ധാരാളം പണം ഉണ്ടാകുമെന്ന് അദ്ദേഹത്തിന്റെ മനസ്സാക്ഷി മന്ത്രിച്ചുകൊണ്ടിരുന്നു. ഒരു സെക്കന്റിൽ ഏഴെട്ടു ഫോട്ടോകൾവരെ എടുക്കത്തക്ക വിധത്തിലുള്ള ഒരു തരം ക്യാമറാ നിരവധി പരീക്ഷണങ്ങൾക്കുശേഷം അദ്ദേഹം അതിനിടെ കണ്ടുപിടിച്ചിരുന്നു. അതിലും കൂടു

തൽ വേഗതയിൽ ഫോട്ടോ പിടിച്ചാൽ ഫോട്ടോ പിടിക്കുന്ന കടലാസ്സ് കീറിപ്പോകുമായിരുന്നു. ഈ ക്യാമറയുടെ കണ്ടുപിടിത്തത്തിൽ എത്തിച്ചേരുന്നതിനു മുമ്പ് അനേകം നിർമ്മാതാക്കളുടെ സഹായത്തോടുകൂടി മുന്നൂറിൽപരം ക്യാമറാകൾ ഓരോ തരം യന്ത്രസംവിധാനങ്ങളോടുകൂടി അദ്ദേഹം പരീക്ഷിക്കുകയും തൃപ്തികരമല്ലെന്നുകണ്ടു് ഉപേക്ഷിക്കുകയും ചെയ്തിരുന്നു. അവസാനം കണ്ടെത്തിയ ക്യാമറയിൽ ഫോട്ടൊ പതിയാനുള്ള ഓരോ ഭാഗവും ലെൻസിൻെറ മുൻവശം വന്നു നില്ക്കുമ്പോൾ മാത്രം വെളിച്ചം കടത്തിവിടുന്ന ദ്വാരം തുറക്കുന്നതിനുള്ള ക്രമീകരണം ശരിപ്പെടുത്തിയിരുന്നു. ആ ഭാഗം അതേ സ്ഥാനത്തു വരുന്നതുവരെ വെളിച്ചം കടത്തിവിടുന്ന ദ്വാരം അടഞ്ഞിരിക്കുകയും ചെയ്യും. ഈ വിധത്തിലാണു് ഫോട്ടോ പിടിക്കുന്ന ഈ യന്ത്രം അദ്ദേഹം ശരിപ്പെടുത്തിയിരുന്നതു് ഓരോ ഫോട്ടോയ്ക്കും ഉള്ള കടലാസ്സ് ലെൻസിൻെറ മുമ്പിൽ വരുന്നതു്, കടലാസു ചുരുളിൻെറ രണ്ടരുകിലും ഉണ്ടാക്കിയിരുന്ന ചെറിയ സുഷിരങ്ങളിൽ കൊള്ളുന്ന ചെറിയ പല്ലുകളുടെ പിടിത്തം കൊണ്ടായിരുന്നു. ഈ കടലാസിൻെറ മേന്മയെവർദ്ധിപ്പിക്കാതെ തൻെറ പദ്ധതി മുമ്പോട്ടു കൊണ്ടുപോകാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിനുതോന്നി. അതിനുവേണ്ടിയുള്ള ശ്രമത്തിൽ

അദ്ദേഹം അനേകം ദിന രാത്രങ്ങൾ ഉറക്കമില്ലാതെ കഴിച്ചു. നിരവധി ഗ്രന്ഥങ്ങൾ വായിച്ച് സഹായകരമായ അറിവുകൾ കിട്ടാൻ നിരന്തരം ശ്രമിച്ചുകൊണ്ടുമിരുന്നു

## 21. ഫിലിം നിർമ്മാണം

ബർമിംഗ്ഹാമിലുള്ള അലക്സാണ്ഡർ പാർക്സ് (Alexander Parks) എന്ന ശാസ്ത്രജ്ഞൻ മുപ്പതു കൊല്ലം മുമ്പു നടത്തിയിരുന്ന ഒരു കണ്ടുപിടിത്തം ഗ്രീനിൻെറ ശ്രദ്ധയെ ആകർഷിച്ചു. കണ്ടുപിടിച്ചു ശേഷം, അതിനെപ്പററി മററാരും കാര്യമായി ശ്രദ്ധിക്കാതെ ഉപേക്ഷിക്കപ്പെട്ടു കിടന്നിരുന്നു. പുസ്തക പാരായണത്തിൽ നിന്നാണ് ഈ വിവരം ഗ്രീനിനു ലഭിച്ചത്. വളരെ കട്ടിയുള്ളതും വളയുന്നതും വഴങ്ങുന്നതും കണ്ണാടിപോലെ വെളിച്ചം കടത്തിവിടുന്നതുമായ ഒരു സാധനം പാർക്സ് നിമ്മിച്ചിരുന്നു. തൻെറ ഫോട്ടോ പിടിത്തത്തിനു് ഈ സാധനം വളരെപ്രയോജനപ്പെട്ടേയ്ക്കുമെന്നു് ഗ്രീനിനു തോന്നി. അദ്ദേഹത്തിൻെറ പരീക്ഷണശാലയിൽ ഈ സാധനം സെല്ലലോസ് (പളുങ്ക്) കൊണ്ടു് നിമ്മിക്കുവാൻ തുടങ്ങി. ഇതിനിടെ "ആൽഫ്റഡ്" എന്നും "ഏണസ്റ്റ്" എന്നും പേരുള്ള രണ്ടു ശിഷ്യന്മാരെ ഗ്രീനിനു കിട്ടി മുൻപറഞ്ഞ സാധനം ഒരേകട്ടിയിൽ നിർത്തിയുണ്ടാക്കി

വീതികുറഞ്ഞതും നീളമുള്ളതുമായ ഷീററുകളായി അവയെ വെട്ടിയെടുക്കുന്നതിന് ഗുരുവും ശിഷ്യന്മാരും പരിശീലിച്ചു. ചില പ്രത്യേക രാസസാധനങ്ങൾ പൂശിയാൽ അതിൽ ഫോട്ടോ പതിയുമെന്നും അവർ മനസ്സിലാക്കി ശീഘ്രഗതിയിൽ ഫോട്ടോ പിടിക്കുവാൻ ഗ്രീനിനു നേരിട്ടിരുന്ന ദുർഘടം ഈ സാധനത്തിന്റെ ഉപയോഗം കൊണ്ടു പരിഹരിക്കാമെന്നു അദ്ദേഹത്തിനു തോന്നി. സിനിമാവ്യവസായത്തിലെ ഫിലിമിന്റെ പ്രാരംഭം ഇവിടെയാണു് നാം കണ്ടെത്തുന്നതു്.

ഈ സാധനം ധാരാളം ഉണ്ടാക്കി ശേഖരിക്കാൻ ശിഷ്യന്മാരെ ചുമതലപ്പെടുത്തിയിട്ടു് അവയെ ഉപയോഗിച്ചു വേഗതയിൽ ഫോട്ടോപിടിക്കുന്നതിനുള്ള ഒരു ക്യാമറ നിർമ്മിക്കപ്പെടുകുന്നതിൽ ഗ്രീൻ ശ്രദ്ധതിരിച്ചു. 1889-ാമാണ്ടു ജൂലൈമാസത്തിൽ അങ്ങനെ നിർമ്മിച്ച ക്യാമറായുടെ സഹായത്താൽ താൻ നൂതനമായി നിർമ്മിച്ച ഫിലിമിൽ ഫോട്ടോ പിടിക്കാൻ സാധിക്കത്തക്ക സജ്ജീകരണങ്ങൾ അദ്ദേഹം ചെയ്തുകഴിഞ്ഞിരുന്നു. അൻപതു് അടി നീളമുള്ള ഒരു ഒററ ഫിലിം അദ്ദേഹം നിർമ്മിച്ചു് ഫോട്ടോപിടിക്കത്തക്കവണ്ണം രാസസാധനങ്ങൾ പൂശി തയ്യാറാക്കി. മരം കൊണ്ടുണ്ടാക്കി ലെൻസും മററും ഘടിപ്പിച്ച ഒരു പെട്ടിയായിരുന്നു അദ്ദേഹത്തിന്റെ പുതിയ

ക്യാമറ. ആ പെട്ടിയുടെ ഒരുവശത്തു വച്ചിട്ടുള്ള ഒരു കൈപിടി (handle) പിടിച്ചു തിരിക്കുമ്പോൾ ഫിലിമുകളിലെ ഓരോ ഖണ്ഡങ്ങൾ ലെൻസിൻെറ മുൻവശത്തു മാറിമാറി വരികയും അപ്പോൾ ദ്വാരത്തിൽകൂടി കിട്ടുന്ന വെളിച്ചത്തിൻെറ സഹായത്താൽ മുന്നിൽ കാണുന്ന വസ്തുക്കളുടെ ഛായ രേഖപ്പെടുത്തുകയും ചെയ്യും. ഫിലിമിനെ പെട്ടിക്കകത്തു ഒരുവശത്തു ഒരു ചുരുളായി വച്ചിരുന്നു. ഛായ ഗ്രഹിച്ച ഫിലിമിൻെറ ഭാഗങ്ങൾ പെട്ടിയ്ക്കകത്തു തന്നെ മറുവശത്തുപോയി മറെറാരു ചുരുളായി ചുററിക്കൊള്ളുകയും ചെയ്യും ഇതുവരെ അപ്പോഴപ്പോഴായി താൻ സമ്പാദിച്ചിരുന്ന സകല അറിവുകളുടെയും പ്രയോഗം ഈ ക്യാമറയുടെ പ്രവർത്തനത്തിൽ അദ്ദേഹം സംഘടിപ്പിച്ചു.

## 22. ആദ്യത്തെ ഫിലിം

ഈ ക്യാമറായെ മൂന്നുകാലുള്ള ഒരു സ്റ്റാൻഡിൽ ഗ്രീൻ കയററിവച്ചു. കാർട്ടർ എന്നു പേരുള്ള ഒരു ബന്ധു, അദ്ദേഹത്തിൻെറ കൂടെ താമസമുണ്ടായിരുന്നു. തൻെറ കൊച്ചു കുഞ്ഞിൻെറ കൈയ്ക്കുപിടിച്ചുകൊണ്ടു് കാർട്ടറെ ക്യാമറയുടെ ഉദ്ദേശം നാല്പതടി അകലെ ഗ്രീൻ നിറുത്തി. ഗ്രീൻ ക്യാമറായുടെ അടുത്തു വന്നു നിന്നു. എന്നിട്ടു് കാർട്ടരോടു അടുത്തുവരാൻ

പറഞ്ഞു. യാതൊന്നും അറിയാതെ കാർട്ടർ കുഞ്ഞിനേയും പിടിച്ചുകൊണ്ടു നടന്ന് അടുത്തുവന്നു. കാർട്ടർ നടന്നു സമീപിക്കുന്നസമയം ഗ്രീൻ തന്റെ ക്യാമറായുടെ കൈപിടി പിടിച്ചു തിരിച്ചുകൊണ്ടിരുന്നു. കാർട്ടർ ഇതൊന്നും കാര്യമാക്കിയില്ല ഫിലിം ചിത്രത്തിൽ ആദ്യമായി രേഖപ്പെടുത്തപ്പെട്ടതു് തന്റെ നടത്തയുടെ രൂപമായിരുന്നു എന്നു അയാൾ അറിഞ്ഞിരുന്നില്ല. ഈ ക്യാമറായെ പിന്നീട് തെരുവിൽകൊണ്ടുപോയി തെരുവിന്റെ തിരക്കുള്ള ഒരു ഭാഗം ഫിലിമിൽ പിടിക്കാൻ ഗ്രീൻ ശ്രമിച്ചു. ഓടിപ്പോകുന്ന റിക്ഷാകളുടേയും, കുതിരവണ്ടികളുടേയും, തെരുവിൽ അങ്ങോട്ടുമിങ്ങോട്ടും പൊയ്ക്കൊണ്ടിരുന്ന ആളുകളുടെയും, മാർച്ചുചെയ്തിരുന്ന പട്ടാളക്കാരുടെയും പടങ്ങൾ പിടിക്കുന്നതിന്നു ശേഷിച്ച ഫിലിം വിനിയോഗിച്ചു. ഈ ശ്രമം ഫലിച്ചോ ഇല്ലയോ എന്നൊന്നും ഗ്രീനിന്നു നിശ്ചയമില്ലായിരുന്നു. അദ്ദേഹം തുടിക്കുന്ന ഹൃദയത്തോടെ ഒരു പരീക്ഷണം നടത്തുകയായിരുന്നു എന്നുമാത്രം. ലോകത്തിന്റെ വിനോദങ്ങളിൽ മുഖ്യസ്ഥാനം അർഹിക്കുന്ന ഒരു വ്യവസായത്തിന് അദ്ദേഹം വിജയകരമായി അസ്ഥിവാരമിടുകയായിരുന്നുവെന്നും അദ്ദേഹം അപ്പോൾ അറിഞ്ഞില്ല.

ഇതു് ഒരു ഞായറാഴ്ച ദിവസമായിരുന്നു നടന്നതു്. ഞായറാഴ്ച ദിവസത്തെ അദ്ദേഹം തിരഞ്ഞെ

ടുന്നതിന്നു രണ്ടുദ്ദേശങ്ങളുണ്ടായിരുന്നു. ഒരു പക്ഷേ ഇതൊരു പരാജയമാകാൽ തൻെറ ശിഷ്യന്മാർ ഇതറിയരുതു്; വിജയകരമാണെങ്കിൽ ധാരാളം ആൾ സഞ്ചാരമുള്ള ഒരൊഴിവുദിവസത്തിൻെറ ചലനം രേഖപ്പെടുത്തുന്നതു് രസകരമായിരിക്കുകയും ചെയ്യും. ഞായറാഴ്ച ഒഴിവുദിവസമാണല്ലോ.

## 23. വിജയത്തെപ്പററി ഉൽകണ്ഠ.

തൻെറ ഞായറാഴ്ച പരീക്ഷണം അല്പമെങ്കിലും വിജയിച്ചിരിക്കുമെന്നു അദ്ദേഹത്തിനു വിചാരമില്ലായിരുന്നു. പരാജയം മാത്രം അനുഭവപ്പെടുന്ന ഒരു സാഹസിക ശ്രമത്തിൻെറ ഫലം പരീക്ഷിച്ചറിയാൻ അദ്ദേഹം ഫിലിമിനെ ഇരുളിൽ വച്ചു കഴുകിയും മററും ശരിയാക്കി, അതിൽ എന്തോ രൂപങ്ങൾ പതിഞ്ഞിട്ടുണ്ടെന്നു കണ്ടു. അതിൽ നിന്നും പാസിററീവ് പ്രിൻറും നടത്തി ഫോട്ടോകൾ മറെറാരു ഫിലിമിൽ പകർത്തി വീണ്ടും ചുരുളാക്കി സൂക്ഷിച്ചു. എന്നിട്ടു് അതിനെ രഹസ്യമായി പ്രദർശിപ്പിച്ചു് ഫലം അറിയാൻ ശ്രമംതുടങ്ങി.

## 24. ആദ്യത്തെ ഫിലിം ചിത്രം.

പ്രദർശനത്തിനുള്ള പ്രൊജക്ടർ വിളക്കു് അദ്ദേഹം കത്തിച്ചതു് വിറക്കുന്ന കൈകളോടുകൂടെ

യായിരുന്നു. അനേക നാളത്തെ ശ്രമത്തിന്റെ അവ
സാനം, സകലതും പരാജയപ്പെട്ടതിക്കൊണ്ട്, പ്രദ
ശിപ്പിക്കാൻ തുടങ്ങുമ്പോൾ, സ്ക്രീനിൽ യാതൊ
ന്നും കാണാതിരിക്കാൻ പോകുന്ന അടുത്ത നിമിഷ
ത്തെ നേരിടുവാൻ അദ്ദേഹം ഭയപ്പെട്ടു. ഹൃദയത്തു
ടിപ്പും വർദ്ധിച്ചു. ഏററവും വലിയ ഉൽക്കണ്ഠ
യോടെ അദ്ദേഹം ഹാൻറിൽ പിടിച്ചു കറക്കി.
ചുവരിൽ അദ്ദേഹം സൂക്ഷിച്ചു നോക്കിക്കൊണ്ടാണ്
അങ്ങനെ കറക്കിയത്. അതാ! കാർട്ടർ കുഞ്ഞി
നേയും കൈയ്യിൽ പിടിച്ചുകൊണ്ടു നടന്നുവരുന്ന
ചിത്രം! തുടർന്ന് ഞായറാഴ്ച രാവിലെ തെരു
വിലൂടെ നീങ്ങിയ റിക്ഷാകളും, കുതിര വണ്ടികളും,
അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചിരുന്ന മനുഷ്യരും,
മാർച്ചുചെയ്തുപോയ പട്ടാളക്കാരും എല്ലാം തന്റെ ചുവ
രിൽ പ്രത്യക്ഷപ്പെടുന്നു. ഫിലിം ചുരുൾ തീർന്നു;
സകലതും അപ്രത്യക്ഷമായി. വെള്ളച്ചുവർ മാത്രം
മുമ്പിലത്തെപ്പോലെ ശേഷിച്ചു. സമയം പാതി
രാത്രി കഴിഞ്ഞു് രണ്ടരമണിയായിരുന്നു. താൻ കണ്ട
കാഴ്ച വിശ്വസിക്കുവാൻ ഗ്രീനിനു തന്നെ കഴി
ഞ്ഞില്ല. ഫിലിമിനെ വീണ്ടും ചുററിയെടുത്തു വീണ്ടും
പ്രദർശനം പരീക്ഷിച്ചുനോക്കി. എല്ലാം വിജയകര
മായിത്തന്നെയിരിക്കുന്നു. താൻ സ്വപ്നം കാണുക
യല്ലെന്നും, തന്റെ ശാസ്ത്രീയ നിഗമനങ്ങൾ ശരി

യായി പ്രയോഗത്തിൽ വന്നുവെന്നും അദ്ദേഹം വിശ്വസിച്ചു.

## 25. സന്തോഷവായ്പ്.

ഗ്രീനിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. ഹൃദയം പൊട്ടുന്നുവെന്നദ്ദേഹത്തിനു തോന്നി. ഈ സന്തോഷം ആർക്കെങ്കിലും പകർന്നുകൊടുക്കാതെ നിവൃത്തിയില്ലെന്ന് അദ്ദേഹം പെട്ടെന്ന് തീരുമാനിച്ചു നല്ല കൂരിരുട്ടത്ത് പുറത്തിറങ്ങി അദ്ദേഹം തെരുവിലൂടെഓടി രാത്രി ബീറ്റുചുററുന്ന ഒരു പോലീസുകാരനെ കണ്ടു. ഒരു ഭ്രാന്തനെപ്പോലെ പോലീസുകാരന്റെ കൈയ്യും പിടിച്ചുകൊണ്ട് അദ്ദേഹം തന്റെ പരീക്ഷണശാലയിലേയ്ക്കു് തിരിഞ്ഞു് ഓടി എന്തോ അദ്ദേഹ പറയുന്നുമുണ്ടായിരുന്നു. പോലീസുകാരൻ പിൻതുടർന്നു. മുറിക്കകത്തു കയറാനുള്ള ക്ഷണം പോലീസുകാരൻ സ്വീകരിച്ചില്ല. ഒരു ഭ്രാന്തന്റെ മുറിക്കകത്തായിപ്പോയാൽ എന്തും സംഭവിക്കാമല്ലോ, എന്നായിരുന്നു പോലീസുകാരന്റെ വിചാരം. ആ കൂരിരുട്ടത്തു വാതിലിന്റെ പടിയിൽനിന്നുകൊണ്ട് ആ ചലച്ചിത്ര പ്രദർശനം അയാൾ കണ്ടു. ആദ്യം സിനിമാപ്രദർശനം കണ്ട വ്യക്തി ആ പോലീസുകാരനായിരുന്നു

## 26 പരാധീനത.

ഗ്രീനിൻെറ ജീവിതത്തിലെ ഈ വിജയം നിറഞ്ഞ അദ്ധ്യായത്തിന്ന് നിർഭാഗ്യകരമായ മറെറാരു വശമുണ്ടായിരുന്നു. അദ്ദേഹം കടത്തിൻെറ നടുക്കടലിൽ വീണുകഴിഞ്ഞിരുന്നു.

ഒരു ദിവസം രാവിലെ ചായ കഴിച്ചുകൊണ്ടിരിക്കുമ്പോൾ തപാലിൽ വന്ന ഒരു കത്ത് അദ്ദേഹത്തിൻെറ ഭാര്യയുടെ കയ്യിൽ തപാൽ ശിപായി ഏല്പിച്ചിട്ടുപോയി. ഹെലനാ കത്തു പൊട്ടിച്ചു വായിച്ചു:

"സർ താങ്കൾ അയച്ചിരുന്ന ചെക്ക്, ബാങ്കിൽ താങ്കളുടെ അക്കൌണ്ടിൽ തുകയില്ലെന്ന കാരണം പറഞ്ഞ് ക്യാഷ് ചെയ്യാതെ മടങ്ങിവന്നിരിക്കുന്നു. ദയവുചെയ്ത് അക്കൌണ്ടിൽ പണമുള്ള ബാങ്കിലെ ഒരു ചെക്ക് ഉടനേ അയച്ചുതരണമെന്നപേക്ഷ" ഇതായിരുന്നു കത്ത്. ഫോട്ടോ ക്യാമറാകൾ നിർമ്മിക്കുന്ന ഒരു കമ്പനിയിൽ നിന്നുള്ള കത്തായിരുന്നു അത്. ഹെലനാക്ക് ദേഷ്യവും നിസ്സഹായതയുമാണനുഭവപ്പെട്ടത്. മറെറാരു ക്യാമറാ കമ്പനിയിൽ ഗ്രീൻ കൊടുക്കാനുണ്ടായിരുന്ന തുകയ്ക്ക് കോടതി മുഖാന്തിരം നടപടി വന്നപ്പോൾ അവരുടെ ആഭരണത്തിൻെറ അവസാന അംശംവരെ വിററ് അവർ

കടം വീട്ടിയതു് അടുത്ത കാലത്തായിരുന്നു. പ്രിന്നൊരു കമ്പനിയിൽ നിന്നും ക്യാമറ മുതലായ സാധനങ്ങൾ നിർമ്മിച്ചുവാങ്ങിയതിനു കുറെത്തുക കൊടുത്തുതീർക്കാനുണ്ടെന്നുള്ള വിവരവും അവർക്കറിയാമായിരുന്നു. തന്റെ അറിവുകൂടി ഇല്ലാതെ മറെറാരിടത്തു് കടം വരുത്തരുതെന്നു അവർ അദ്ദേഹത്തോടു നിർദ്ദേശിച്ചിരുന്നു. ഇന്നുവന്ന കത്തു് മൂന്നാമതൊരു കമ്പനിയിൽ നിന്നായിരുന്നു. "നിങ്ങൾ എന്താണു് ഇങ്ങനെ മൂന്നാമതൊരു കമ്പനിയിൽനിന്നും ക്യാമറാ ഏർപ്പാടു ചെയ്തതു്?" എന്നായി ഹെലനായുടെ ചോദ്യം 'നിവൃത്തിയില്ലാതെവന്നു; മറെറ കമ്പനിയിൽ കൊടുക്കാനുള്ള തുകയിൽ കുറെ എങ്കിലും കൊടുക്കാതെ അവർ യാതൊന്നും ചെയ്തുതരികയില്ലെന്നു ശഠിച്ചു. എനിക്കു പരീക്ഷണത്തിനു ക്യാമറാകൾ അവശ്യമായിരുന്നു; നിന്നോടു പറഞ്ഞാൽ നീ ദേഷ്യപ്പെടുകയും ചെയ്യും" ഇതായിരുന്നു ഗ്രീനിന്റെ മറുപടി. "പക്ഷെ സാരമില്ല. നമ്മുടെ വിജയം സമീപിച്ചിരിക്കുകയാണു്. ഈ കടമെല്ലാം താമസിയാതെ തീർന്നുകൊള്ളും, സമാധാനമായിരിക്കുക" എന്നു് അദ്ദേഹം സാധു ഹെലനായെ സാന്ത്വനപ്പെടുത്തി.

ഗ്രീൻ ഇതിനിടെ തന്റെ ഓരോ മാഡൽ ഉപകരണങ്ങൾക്കും ഓരോ ട്രെയിഡുമാർക്കുകൾ രജിസ്റ്റർ ചെയ്തിരുന്നു. സെല്ലുലായിഡു് ഫിലിം ഉപ

യോഗിച്ച വേഗതയിൽ ഫോട്ടോപിടിക്കുന്നതിനു വേണ്ടി വളരെ അഭിവൃദ്ധിപ്പെട്ടവിധത്തിൽ സംവിധാനം ചെയ്തിരുന്ന ഒരു "പേറ്റൻറ്" ക്യാമറയ്ക്ക് രജിസ്ട്രേഷൻ കിട്ടുന്നതിന് 1889-ജൂൺ 21-ാം തീയതി അദ്ദേഹം അപേക്ഷിച്ചു സാമാന്യം വലിയ ഒരു തുക കെട്ടിവച്ചു അതിൻെറ രജിസ്ട്രേഷൻ സമ്പാദിച്ചു. 18 8-ാമാണ്ട് കടലാസ്സ് ഫിലിം ഉപയോഗിച്ചു പിടിച്ചു ഒരു ചലച്ചിത്രപ്രദർശനം അദ്ദേഹം വിജയപ്രദമായി നടത്തി. സ്വർണ്ണമെഡൽ സമ്മാനംനേടി എടുത്തിരുന്ന ആ സരളത്തിനു വേണ്ടി ചിലവായ തുകയിൽ നല്ലൊരുഭാഗം വലിശയ്ക്കായികടംവാങ്ങിയതായിരുന്നു. പിക്കാഡെല്ലിയിൽ നടത്തിവന്നിരുന്ന സ്റ്റുഡിയോയ്ക്കു പുറമെ ഓരോ വ്യക്തികളോടു കൂട്ടുബിസിനസ്സായി അദ്ദേഹ 'ലാഡ് ബ്രോക്ക' (lad broke) 'ആക്സ് ഫോർഡ്സ്ട്രീറ്റ്' (oxford street) 'ബ്രൂക്ക്സ്ട്രീറ്റ്' (Br ok street) 'സ്ലോവേൺസ്ട്രീറ്റ്' (Sloaven stree ) 'ബ്രൈറ്റൺ' (Brighton) എന്നിവിടങ്ങളിൽ ഓരോ സ്റ്റുഡിയോകൾ തുടങ്ങി, ഓരോ സമയം പ്രവർത്തിപ്പിച്ചു കൊണ്ടിരുന്നു. ഇതിലൊന്നിലും വ്യവസായ പരമായ നോട്ടത്തോടുകൂടി അദ്ദേഹം തൊഴിൽ ചെയ്തിരുന്നില്ല. ചിലതിൽ കൂട്ടുകാർ അദ്ദേഹത്തെ കബളിപ്പിച്ചു പണാപഹരണം നടത്തി, കടം വരുത്തിവച്ചു. മററു ചിലതിൽ ഗ്രീൻതന്നെ വലിയ തുക

കൾ അധികപ്പറ്റായി എടുത്തിരുന്നു. തന്റെ സമയത്തിന്റെ ഏറിയകൂറും വളരെ പണം ചിലവാക്കുന്നതിലുള്ള പരീക്ഷണങ്ങൾക്കായി ചിലവഴിച്ചിരുന്നു. എല്ലായിടത്തും കടമായി. ഈ ഘട്ടത്തിൽ മുൻവിവരിച്ച പിക്കാഡല്ലി സ്റ്റുഡിയോയിലെ അദ്ദേഹത്തിന്റെ കൂട്ടുബിസിനസ്സുകാരായ കോളിൻസ് സഹോദരന്മാർ ഗ്രീനിനെക്കൊണ്ടു പൊറുതിമുട്ടി പിണങ്ങിപ്പിരിഞ്ഞു. അവർ ഗ്രീനിനെ പ്രതിയാക്കി വ്യവഹാരം കൊടുക്കുകയും ഗ്രീനിനെതിരായി വിധി സമ്പാദിക്കുകയും ചെയ്തു.

ഗ്രീനിനു കടം കൊടുത്ത നിരവധി ബിസിനസ്സുകാർക്ക് അദ്ദേഹം നല്ല തുകകൾ വീട്ടുവാനുണ്ടായിരുന്നു. തന്റെ ശിഷ്യസഹായികൾക്ക് ശമ്പളമായി യാതൊന്നും കൊടുക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നുള്ളതോ പോകട്ടെ; കുടുംബത്തിലെ ചെലവുകൾക്കുപോലും കയ്യിൽ കാശില്ലാതെയായി. തന്റെ പരീക്ഷണങ്ങളുടെ വിജയം തനിക്കു പ്രശസ്തി കൈവരുത്തുകയും അവയുടെ പ്രയോഗത്തിലൂടെ ധാരാളം പണം കയ്യിൽ വന്നുചേരുകയും ചെയ്യുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. കടങ്ങൾ വീട്ടുവാൻ തനിക്കു സാധിക്കുമെന്നു കരുതിയതു് ഈ ആശയുടെ നേരിയ ബലംകൊണ്ടുമാത്രമായിരുന്നു. വിജയമാകുന്ന ഭാഗ്യദേവത അദ്ദേഹത്തെ അനുഗ്രഹി

ച്ചുകൊണ്ടിരുന്നു. അതോടൊപ്പം ബാദ്ധ്യതയും കടവുമാകുന്ന ദുർഭാഗ്യദേവത അദ്ദേഹത്തെ നരകത്തിന്റെ അടിത്തട്ടുവരെ പിടിച്ചുതാഴ്ത്തുകയും ചെയ്തു.

ഈ ചുററുപാടിൽ പുതിയൊരു സ്ററുഡിയോയുമായി ഗ്രീൻ ഒരു കരാറുണ്ടാക്കി. ഈ കരാറുമൂലം കുറെ പണം ലഭിക്കുമെന്നു് അദ്ദേഹം പ്രതീക്ഷിച്ചു. അക്കാലത്തു് നാടകാഭിനയത്തിലും സംഗീതത്തിലും കീർത്തി സമ്പാദിച്ച താരങ്ങളുടെ ഫോട്ടോകൾ സംഭരിച്ചു സൂക്ഷിക്കുക എന്നതു് ഇംഗ്ലണ്ടിലെ ജനങ്ങൾക്കു വിനോദകരമായ ഒരു പതിവായിരുന്നു. ചുരുങ്ങിയ ചെലവിൽ ഫോട്ടോകൾ എടുക്കുന്നതിനും അവയുടെ പകർപ്പുകൾ ഫോട്ടോ കടലാസുകളിൽ തന്നെ ചുരുങ്ങിയ ചെലവിൽ പകർത്തുന്നതിനും ഗ്രീൻ ഒരു വിദ്യ കണ്ടുപിടിച്ചു. അതിന്റെ സഹായംകൊണ്ടു് താരങ്ങളുടെ ഫോട്ടോകൾ നിർമ്മിച്ചു ധാരാളമായി വിൽക്കുന്നതിനുള്ള ഏർപ്പാടു് ഈ പുതിയ ബിസിനസ്സേർപ്പാടിൽ ഉദ്ദേശിക്കപ്പെട്ടിരുന്നു. വലിയ തുക മുടക്കിയാണു് ഈ ബിസിനസ്സു് തുടങ്ങിയതു്, പക്ഷെ നന്മയിലേറെ തിന്മയാണു് ഇതുകൊണ്ടുണ്ടായ ഫലം. കൂട്ടുബിസിനസ്സുകാരിൽ ചിലർ ശുദ്ധഗതിക്കാരനായ ഗ്രീനിനേയും മററുള്ളവരെയും കബളിപ്പിച്ചു് വലിയൊരു തുക അപഹരിച്ചുകളഞ്ഞു. കമ്പനി

പൊട്ടിത്തകൎന്നു തരിപ്പണമായി. ജ്ഞാനബാദ്ധ്യതയുടെ സിംഹഭാഗവും ഗ്രീനിന്റെ ചുമലിൽവന്നുവീണു. കോടതിയിൽ ഇതേസംബന്ധിച്ചു വ്യവഹാരമായി. ഗ്രീൻ നാലുവശത്തുനിന്നു ബന്ധിക്കപ്പെട്ടുകഴിഞ്ഞിരുന്നു കടംവീട്ടാൻ നിവൃത്തിയില്ലാതെ കോടതിവിധിയനുസരിച്ചു അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ടു.

അദ്ദേഹത്തെ ജയിലിൽ നിന്നുംമോചിപ്പിക്കണമെങ്കിൽ പണം കെട്ടിവയ്ക്കേണ്ടിയിരുന്നു. അദ്ദേഹത്തിന്റെ പ്രിയപത്നി ഹെലനാ, ഒരാഴ്ചത്തെ ശ്രമത്താൽ പണംഉണ്ടാക്കി കെട്ടിവച്ച് അദ്ദേഹത്തെ ഒരാഴ്ചത്തെ ജയിൽവാസത്തിനു ശേഷം മോചിപ്പിച്ചു. അതിനുവേണ്ടി എല്ലാകമ്പനികളിലും അദ്ദേഹത്തിനുണ്ടായിരുന്ന ഓഹരികളും വിൽക്കപ്പെട്ടു. അദ്ദേഹത്തിന്റെ വകയായി ഉണ്ടായിരുന്നു ക്യാമറാ മുതലായ സകല സാധനങ്ങളും തുച്ഛമായ തുകകൾക്കുവേണ്ടി കൈവെടിയേണ്ടിവന്നു. മെഡിഡാവാലെയിൽ അവൎക്കുണ്ടായിരുന്ന ചെറിയ ഭവനവും അതിലെ വിലപിടിപ്പുള്ള വീട്ടുപകരണങ്ങളും ഈ ആവശ്യത്തിനുവേണ്ടി ലേലം ചെയ്യേണ്ടിവന്നു. പോരാതെവന്ന തുകയ്ക്കു ഹെലനാ പലരോടും കടംവാങ്ങുകയും യാചിക്കുകയും ചെയ്യേണ്ടിയും വന്നു. മനുഷ്യസ്നേഹികളായ ആ രണ്ടു

വ്യക്തികളെ സഹായിക്കാൻ ആരും അന്നു മുന്നോട്ടു വന്നില്ല.

ജയിലിൽ നിന്നും വിമുക്തനായ ഭർത്താവിനെ പണ്ടത്തെപ്പോലെ മുടിയനായി വിട്ടുവാൻ പാടില്ലെന്നു ഹെലന നിശ്ചയിച്ചു. അദ്ദേഹത്തെ തൻെറ നിയന്ത്രണത്തിൽ നിറുത്തിക്കൊണ്ടുള്ള ഒരു ഭാവി ജീവിത പരിപാടിയും അവർ തയ്യാറാക്കി. ചെൽസീയ് (Chelsea) എന്ന സ്ഥലത്തു ചെറിയ ഒരു മുറി വാടകയ്ക്കെടുത്തു് സ്വന്തം പേരിൽ ആ മഹതി ഒരു സ്റ്റുഡിയോ സ്ഥാപിച്ചു. അവിടെ ഭർത്താവിനെ ആഴ്ചയിൽ രണ്ടു പവൻ ശമ്പളത്തിൽ ഫോട്ടോഗ്രാഫർ തൊഴിലാളിയായി അവർ നിയമിച്ചു. അവരുടെ അനുവാദം കൂടാതെ അദ്ദേഹം പരിപാടികൾ യാതൊന്നും സ്വീകരിച്ചുകൂടാ. ഗവേഷണത്തിനു ഹെലനാ തടസ്സക്കാരിയായിരുന്നില്ല. വീട്ടുചെലവിനുള്ള തുക എങ്കിലും മിച്ചമെടുക്കാതെ ഗവേഷണത്തിനുവേണ്ടി യാതൊന്നും ചെലവഴിക്കരുതെന്നതു് മാത്രം നിർബന്ധപൂർവ്വമായി ഏർപ്പാടുചെയ്യപ്പെട്ടിരുന്നു.

അപരാധബോധത്തോടുകൂടി കുറേനാൾ ഗ്രീൻ ഈ ചട്ടമെല്ലാം ഭാര്യയുടെ മനസ്സമാധാനത്തിനുവേണ്ടി പാലിച്ചുപോന്നു. പണത്തിൻെറയൊ കടത്തിൻെറയോ പ്രശ്നം ഒരിക്കലും അദ്ദേഹത്തെ അലട്ടിയിരുന്നില്ല എന്നതായിരുന്നു നേരു്. ക്രമേണ ഗവേഷണത്തിൻെറ നീർച്ചുഴിയിൽ അദ്ദേഹം വീഴുകയുംചെയ്തു. ജീവിത

ത്തേയും അതിൻെറ സകല ചലനങ്ങളേയും അപ്പോടെ പകത്തുന്ന ചിത്രങ്ങൾ നിമ്മിച്ചു വിജയം കൈവരിക്കണമെന്നുള്ള ഏകലക്ഷ്യവും അതിനുവേണ്ടിയുള്ള പരിശ്രമവും മാത്രമാണ് അദ്ദേഹത്തിൻെറ ശ്രദ്ധയെ പൂണ്ണമായും ഗ്രസിച്ചിരുന്നതു്. നിറങ്ങളും ശബ്ദങ്ങളും മുൻ–പിൻ അകലങ്ങളും (depth) സ്വാഭാവികതയോടെയും യാഥാത്ഥ്യ രൂപത്തിലും ഫിലിമിൽ പകത്തി പ്രദശിപ്പിക്കാനുള്ള മാൎഗ്ഗങ്ങളെപ്പററി ആരായുന്നതിൽ അദ്ദേഹം തൻെറ ബുദ്ധിയുടെ കഴിവുകളെ അങ്ങേയററം പ്രയോഗിച്ചുകൊണ്ടിരുന്നു. ശബ്ദായമാനമായി നാമിന്നു് കാണുന്ന ചലച്ചിത്രങ്ങൾ, അവ്യക്തമായ രൂപങ്ങളിൽ ഗ്രീനിൻെറ തലച്ചോറിൽ അന്നു നിരന്തരം ചുരുളഴിഞ്ഞുകൊണ്ടേയിരുന്നു. അവയെ യാഥാത്ഥ്യമാക്കി പകത്തുവാനുള്ള അദ്ദേഹത്തിൻെറ ബുദ്ധിയുടെ പേറവുനോവു് അസഹനീയവുമായിരുന്നു.

## 27. ശബ്ദം കൂട്ടിയിണക്കുന്നു.

ഇക്കാലത്തു അമേരിക്കയിൽ എഡിസൻ എന്ന മഹാൻ ശബ്ദത്തെ റിക്കാർഡുചെയ്യുന്ന ഫോണോഗ്രാം കണ്ടുപിടിച്ചിരുന്നു. ശാസ്ത്രീയ രംഗത്തുണ്ടായിക്കൊണ്ടിരുന്ന വികാസങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും അതീവതല്പരനായിരുന്ന ഗ്രീനിൻെറ ശ്രദ്ധ ഈ കണ്ടുപിടിത്തത്തിൽആകഷിക്കപ്പെട്ടു. ചലച്ചിത്രത്തിൽ ഇതിനു് വലിയൊരുസ്ഥാനം ഉണ്ടെന്നും അദ്ദേഹം വിഭാവനചെയ്തു. തങ്ങളുടെ ആശയ

ങ്ങളും അറിവുകളും പരസ്പരം കൈമാറാൻ ശ്രമിക്കണെമെന്നു ഗ്രീൻ എഡിസനു് എഴുതി. ഗ്രീനിൻെറ കണ്ടുപിടിത്തങ്ങളെ വിശദീകരിക്കുന്ന ചിത്രങ്ങൾ അയച്ചുകൊടുക്കാൻ എഡിസൻ ആവശ്യപ്പെട്ടു. ഗ്രീൻ ശ്രമപ്പെട്ടു കുറെ ചിത്രങ്ങൾ തയാറാക്കി എഡിസനു് അയച്ചു. അവ എങ്ങനേയോ എഡിസൻെറ പരീക്ഷണശാലയിലെ ബഹളത്തിനിടയിൽ കൈമോശം വന്നുപോയി. ആ പരിശ്രമം അങ്ങനെ അവസാനിച്ചു.

ചലനങ്ങൾക്കൊത്തു അതാതു സമയം ഉള്ള ശബ്ദങ്ങളെ പ്രത്യേകമായി റിക്കാർഡു ചെയ്തു ഫോണോഗ്രാം സംഘടിപ്പിച്ചു് സംസാരവും മററു ശബ്ദങ്ങളും പ്രദർനത്തോടു കൂട്ടിയിണക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. പക്ഷെ ഇതു വളരെ അപൂർണ്ണവും ഇണങ്ങാത്തതുമായ ശ്രമമാണെന്നുകണ്ടു് ഉപേക്ഷിക്കപ്പെടുകയുണ്ടായി.

## 28. ശബ്ദത്തിൻെറ ചരിത്രം.

ശബ്ദം രേഖപ്പെടുത്തുന്നതിൽ സാധുവായ ഗ്രീനിനു നേരിട്ട പരാജയത്തെപ്പററി പരാമർശിക്കുമ്പോൾ, ആ വഴിക്കുള്ള സംരംഭങ്ങളുടെ മറുവശത്തെക്കുറിച്ചു് ഏതാനും വാക്കുകൾ കുറിക്കുകയെന്നതു് ആവശ്യമാണെന്നു വരുന്നു. യാതൊരു പൊതുസ്ഥാപനങ്ങളുടേയും സാമ്പത്തികസഹായമില്ലാതെയാണു് ഗ്രീൻ ഇംഗ്ലണ്ടിൽ തൻെറ പരീക്ഷണങ്ങൾ നടത്തിപ്പോന്നിരു

ന്നതു്. അതേ സമയം, അമേരിക്കയിൽ അനേകം കോടി ഡോളറുകൾ മൂലധനമുള്ള, വൻകിട പരീക്ഷണ കേന്ദ്രം എഡിസൻ എന്ന മഹാൻ സ്ഥാപിക്കുകയും, നിരവധി സാങ്കേതികവിദഗ്ദ്ധന്മാരുടെ സഹായ ത്തോടുകൂടി ഒന്നിനു പിറകെ ഒന്നായി നൂതന കണ്ടു പിടിത്തങ്ങൾ നടത്തുകയും ചെയ്യുകയായിരുന്നു. 1804-ാമാണ്ടിടയ്ക്കു് ഫോട്ടോഗ്രാഫി പോലും കണ്ടു പിടിക്കുന്നതിനുമുമ്പ്, വരച്ചുവച്ച ചിത്രങ്ങൾ ശീഘ്ര ഗതിയിൽ കറക്കി, അവയുടെ ഛായ സ്ക്രീനിൽ പതിപ്പിച്ചു് ചലനത്തിൻെറ പ്രതീതികാഴ്ചക്കാർക്കുണ്ടാ ക്കാമെന്നു് സ്ഥാപിക്കുന്ന ഏതാനും പരീക്ഷണങ്ങൾ ചില ശാസ്ത്രജ്ഞന്മാർ ചെയ്തിട്ടുണ്ടായിരുന്നു. അവക്കു് അതിനെ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിച്ചിരു ന്നില്ല. ചരിത്രത്തിൻെറ ഏടുകളിൽനിന്നും എഡി സൻ അവയെപ്പററി ഗ്രഹിച്ചിരുന്നു. ഫോണോഗ്രാ മിൻെറ കണ്ടുപിടിത്തം പൂർത്തിയായതിനുശേഷം, മുൻ പറഞ്ഞ ശാസ്ത്രജ്ഞാനത്തെ പ്രയോഗത്തിൽ കൊണ്ടു വന്നു്, ചലച്ചിത്രം നിർമ്മിക്കുന്നതിനു് എഡിസൻ ശ്രമിച്ചിരുന്നു. അതിൻെറ ഫലമായി ഫോട്ടോ പിടി ക്കാൻ ഉപയോഗിക്കുന്ന ഫിലിമിൻെറ സഹായത്തോടു കൂടി എഡിസൺ ഒരുതരം ചലച്ചിത്രം സംവിധാനം ചെയ്തു്, 'കൈനട്ടോസ്കോപ്പ്' എന്ന ഒരു ഉപകരണ ത്തിൻെറ സഹായത്തോടുകൂടി 1894-ൽപ്രദർശിപ്പിച്ചു. 1893-ൽ എഡിസൻ ഈ ഉപകരണത്തിൻെറ നിർമ്മാ ണം പൂർത്തിയാക്കിയെങ്കിലും അതിൻെറ പ്രദർശനം

1894-ൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഉത്ഘാടനം ചെയ്യപ്പെട്ടതേയുള്ളു. ഈ ഉപകരണത്തെപ്പററി കുറേക്കൂടി വിശദമായി ഈ ഗ്രന്ഥത്തിൻെറ മറെറാരു ഭാഗത്തു് പ്രതിപാദിക്കുന്നുണ്ടു്.

ഫോണോഗ്രാമിൻെറ പ്രയോഗത്തിൽ അന്തർലീനമായ തത്വത്തെ ചലനത്തോടൊത്തു് കൂട്ടിയിണക്കിയാൽ അതു് അത്യന്തം പ്രയോജനപ്രദമായിരിക്കുമെന്നു് ഉദ്ദേശിച്ചുകൊണ്ടാണു്, ഭാവനാസമ്പന്നനായ എഡിസൻ ചലച്ചിത്രനിർമ്മാണത്തിനുതന്നെ തുനിഞ്ഞതു്. സാമ്പത്തികമായും, സാങ്കേതികമായും അളവററ സൗകര്യങ്ങളും സാദ്ധ്യതകളും കൈവശമുണ്ടായിരുന്ന എഡിസനുപോലും, ഇന്നു് അറിയപ്പെടുന്ന മാതിരി ചലനത്തിനൊത്തുതന്നെ ശബ്ദത്തേയും ഫിലിമിൽ കൂട്ടിച്ചേർക്കുവാൻ സാധിച്ചിട്ടില്ല. സംസാരിക്കാത്ത ചലച്ചിത്രങ്ങളുടെ പ്രദർശനം വ്യാവസായികമായ അടിസ്ഥാനത്തിൽതന്നെ ബൃഹത്തായി വളർന്നു കഴിഞ്ഞശേഷവും ഗ്രീനിൻേറയും എഡിസൻേറയും സ്വപ്നത്തെ യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ നിരവധി ശാസ്ത്രജ്ഞന്മാർ വളരെ പരീക്ഷണങ്ങൾ നടത്തിവന്നിരുന്നു. ഫോണോഗ്രാമിൻെറ തത്വമനുസരിച്ചു് ഫിലിമിൽതന്നെ ഫോട്ടോയോടൊപ്പം ചലനത്തിനൊത്ത ശബ്ദവും രേഖപ്പെടുത്തുവാൻ ആദ്യമായി സംഗതി വന്നതു് 1921-ൽ ആയിരുന്നു. അതുതന്നെയും

തിരിയെ കേൾക്കത്തക്ക വിധത്തിൽ വിജയപ്രദമായി പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്ന രീതിയിൽ സംഘടിപ്പിക്കപ്പെട്ടതായിരുന്നില്ല.

ഇന്നത്തെ മാതിരി, ഉച്ചഭാഷിണികളുടെ സഹായത്തോടുകൂടി, ഫിലിമിൽ റിക്കാർഡു ചെയ്തിട്ടുള്ള ശബ്ദത്തെ തന്നെ പുറത്തു കേൾപ്പിക്കുവാൻ പററിയ സംവിധാനം സാധിച്ചതു്, വൈദ്യുതശബ്ദസങ്കേതത്തിൻെറ (Electrical sound technique) വികസനത്തോടുകൂടി മാത്രമായിരുന്നു. അങ്ങനെയൊരു ശ്രമം വിജയപ്രദമായി ഫലിച്ചതു് 1926–ലായിരുന്നു. ലണ്ടനിലുള്ള "Warner Bros. Picturers" എന്ന കമ്പനിക്കാരാണു്, അവരുടെ ശാസ്ത്രജ്ഞന്മാരുടെ സഹായത്തോടുകൂടി ഈ സമ്പ്രദായം ആദ്യമായി പുറത്തിറക്കിയതു്. തുടന്നു് 1927–28 എന്നീ കൊല്ലങ്ങളിലാണു് ഇന്നത്തെ മാതൃകയിൽ വൈദ്യുത ഫോട്ടോഗ്രാഫി (Electrical Photography) യുടെ തന്നെ തത്വമനുസരിച്ചു് ഫിലിമിൻെറ അരികിൽ ശബ്ദം റിക്കാർഡു ചെയ്യുകയെന്ന പരിപാടി നടപ്പിലാക്കപ്പെട്ടതു്.

## 29. ദാഗ്ഗർ മെഡൽ.

വിയന്നായിലെ ഫോട്ടോഗ്രാഫിക് സൊസൈററി (Photographic Society of Vieuna) എന്ന സ്ഥാപനം ഏർപ്പെടുത്തിയിരുന്നതും, ഫോട്ടോഗ്രാഫിയെ സംബന്ധിക്കുന്നതായി പ്രസിദ്ധീകൃതമാകുന്ന മികച്ച

കണ്ടുപിടിത്തങ്ങൾക്ക അപൂർവ്വാവസരങ്ങളിൽ മാത്രം നൽകപ്പെടുന്നതുമായ 'ദാഗ്ര്ർ മെഡൽ' സമ്മാനം 1888-ൽ ഗ്രീനിനു ലഭിച്ചു. ഈ മെഡൽസമ്മാനത്തെപ്പററി ചില വിവരങ്ങൾ കുറിക്കുന്നതു് ഈയവസരത്തിൽ രസകരമായിരിക്കുമെന്നു കരുതുന്നു.

'ദാഗ്ര്ർ ലൂയി ജാകപ്പി' (Dauguerre Louis Jaeques) എന്ന ഫ്രഞ്ചുശാസ്ത്രജ്ഞൻെറ പേരിലാണു് ഈ സമ്മാനം ഏർപ്പെടുത്തപ്പെട്ടതു്. "ദാഗ്ര്റിയോടൈപ്പ് പ്രാസസ്സ്" (Dauguerreotype process) എന്നു് അറിയപ്പെടുന്ന ഒരു സുപ്രധാന കണ്ടുപിടിത്തത്തിൻെറ ബഹുമതിക്കായിട്ടാണു് ഈ സമ്മാനം ഏർപ്പെടുത്തപ്പെട്ടതു്. 1786-ൽ ജനിക്കുകയും, 1851-ൽ മരിക്കുകയും ചെയ്ത ഒരു പാരീസുകാരൻ ശാസ്ത്രജ്ഞനാണു് ദാഗ്ര്ർ. അദ്ദേഹം ആദ്യം ഒരു സൎക്കാരുദ്യോഗസ്ഥനായിരുന്നു. വിദഗ്ദ്ധനായ ഒരു ചിത്രമെഴുത്തുകാരനായി അദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നു. 'ബൗണ്ടൻ' (Bounton) എന്നു പേരായ ഒരു സഹപ്രവൎത്തകനും അദ്ദേഹവും ചേൎന്നു് പാരീസിലും ലണ്ടനിലും, "ഡയോഡ്രാമാ" (Diodrama) എന്നറിയപ്പെട്ടിരുന്ന ഒരു ചിത്രപ്രദൎശന സമ്പ്രദായം നടത്തി ധാരാളം പണം സമ്പാദിച്ചുപോന്നു. കൗതുകകരമായ ചിത്രങ്ങൾ സ്ക്രീനിൽ പ്രതിഫലിപ്പിക്കുകയും, അവയിൽ, കലാവിരുതോടുകൂടി മാറിമാറി പതിപ്പിക്കുന്ന പല നിറത്തിലുള്ള വെളിച്ചത്തിൻെറ പ്രയോഗംകൊണ്ടു്, കാണികളിൽ

അത്ഭുതകരമായ പ്രതികരണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായമായിരുന്നു 'ഡയോറ്രാമാ'. 1822-ലാണ് ഈ വിദ്യ അദ്ദേഹം ആദ്യം തുടങ്ങിയതു്. ലണ്ടനിൽ റീജൻറുതെരുവിലുണ്ടായിരുന്ന അദ്ദേഹത്തിൻെറ പ്രദർശനശാലയും ഉപകരണങ്ങളും 1839-ൽ തീ പിടിച്ചു നശിച്ചുപോയി. എന്നാൽ അക്കൊല്ലംതന്നെ സഫലീകരിക്കപ്പെട്ട ഒരു സുപ്രധാനമായ കണ്ടുപിടിത്തം അദ്ദേഹത്തിൻെറ നഷ്ടത്തേയും നിരാശയേയും പകരത്തിലേറെ പരിഹരിച്ചു.

1826-ൽ, "നയപ്സി" എന്ന ഒരു ഗവേഷണവിദഗ്ദ്ധൻ ദാഗ്രറിൻെറ പരിചയം സമ്പാദിച്ചു. 1814-ാമാണ്ടുമുതൽ, സൂര്യപ്രകാശത്തിൻെറ സഹായത്താൽ, മാഞ്ഞുപോകാത്ത ചിത്രങ്ങൾ നിർമ്മിച്ചെടുക്കാനുള്ള പരീക്ഷണങ്ങൾ തുടരെ നടത്തിവന്നിരുന്നയാളാണ് 'നയപ്സി'. വളരെ സമ്പന്നനായിരുന്ന അദ്ദേഹം വിജയം കാണാൻ സാധിച്ചിട്ടില്ലാത്ത ഗവേഷണങ്ങളാൽ ദരിദ്രനായിത്തീർന്നിരുന്നു. താൻ ഉന്നം വയ്ക്കുന്ന സംരംഭത്തിൽതന്നെ ദാഗ്രറും ഏർപ്പെട്ടിരിക്കുന്നതായി മനസ്സിലാക്കിയ നയപ്സി, ദാഗ്രറുമായുള്ള പരിചയം 1926-ൽ സമ്പാദിച്ചെടുക്കുകയാണുണ്ടായതു്. സാമ്പത്തിക പരാധീനതമൂലം ഉപേക്ഷിക്കപ്പെട്ട ഗവേഷണങ്ങൾ തുടരുവാൻ നയപ്സിക്ക് ഈ പുതിയ കൂട്ടുകെട്ട് സഹായകരമായിയെങ്കിലും,

വിജയത്തിൻെറ മാധുര്യം അനുഭവിക്കാൻ ഇടവരാതെ അദ്ദേഹം 1833ൽ മരിച്ചുപോയി.

നയപ്സ്സിയുടെ മരണത്തിൽ ദാഗ്രർ അത്യധികം ദുഃഖിതനായെങ്കിലും, തൻെറ ശ്രമങ്ങൾ തുടൎന്നു കൊണ്ടുതന്നെയിരുന്നു. എണ്ണമററ പരീക്ഷണങ്ങൾക്കു ശേഷം, 1839ൽ സൂര്യരശ്മിയുടെ സഹായത്താൽ ലോഹത്തകിടുകളിൽ സാധനങ്ങളുടെ മായാത്ത ഛായ രേഖപ്പെടുത്തിയെടുക്കാനുള്ള വിദ്യ അദ്ദേഹം കണ്ടുപിടിച്ചു.

വെള്ളി പൂശിയ ഒരു ചെമ്പുത്തകിടിലാണ് ആദ്യം ഈ വിധം ഒരു ചിത്രം അദ്ദേഹത്തിനു കിട്ടിയതു്. ആ തകിടിനെ 'അയോഡിൻ' (Iodine) എന്ന സാധനം ഉപയോഗിച്ചു് അദ്ദേഹം ആവി പിടിപ്പിച്ചിരുന്നു. അതിനുശേഷം ഛായാഗ്രഹണത്തിനു് പര്യാപ്തമാകാൻ അതിനെ ബ്രോമിൻ (Bromine) ഉപയോഗിച്ചു് അദ്ദേഹം ഗ്രഹണശക്തിയുള്ളതാക്കി. ഈ പ്ലേററു് ക്യാമറായിൽവച്ചു സൂക്ഷിച്ചു് സൂര്യപ്രകാശത്തിൻെറ സഹായത്തോടുകൂടി അതിൽ ഛായ പതിപ്പിക്കുകയാണു് അദ്ദേഹം ചെയ്തതു്. പ്രാരംഭഘട്ടങ്ങളിൽ ഏതാനും മിനിട്ടു നീണ്ടുനിൽക്കുന്ന സൂര്യപ്രകാശസമ്പൎക്കം ആവശ്യമായിരുന്നു.. വിജയത്തിൻെറ തത്വം ഗ്രഹിച്ചതിനുശേഷം പരീക്ഷണങ്ങളിൽ പല ഉപാധികളേയും ക്രമീകരിച്ചു്, ഏതാനും സെക്കൻറുകൾ മാത്രം നീണ്ടുനിൽക്കുന്ന പ്രകാശസമ്പൎക്കംകൊണ്ടു് വിജയകര

മായി പടം പിടിച്ചെടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഇപ്രകാരം ഛായ ഗ്രഹിച്ച തകിടിനെ, 70 ഡിഗ്രി ചൂടാക്കിയ രസത്തിന്റെ (Mercury) ആവിയിൽവച്ചാണ് "ഡവലപ്പ്" ചെയ്തതു്. ഛായ ശാശ്വതമായി പതിയുന്നതിനുവേണ്ടി, "തയോസൽഫേറ്റു്," (Thiosulphate) എന്ന സാധനത്തെ മററു ചില രാസദ്രവ്യങ്ങളുമായി പ്രത്യേക അനുപാതത്തിൽ കലർത്തി പ്രയോഗിക്കുകയും ചെയ്തു. ഫോട്ടോ പിടിക്കുന്നതിനു് ഈ മാതൃക, 1851 വരെ യാതൊരു ഭേദഗതിയും കൂടാതെ നടപ്പിലിരുന്നു. അതിനുശേഷമാണു്, കണ്ണാടി ഈ രംഗത്തു വന്നതു്.

ഇത്രയും വിശദാംശങ്ങളിലേയ്ക്കു് ഒതുങ്ങിച്ചെല്ലുന്നതിനു്, അവിശ്രമമായി പരിശ്രമിച്ചിരുന്ന ദാഗ്വർ അനേകായിരം ഗവേഷണങ്ങൾ നടത്തിക്കഴിഞ്ഞിരുന്നു. ഭാഗ്യവശാൽ അദ്ദേഹത്തിന്റെ ശ്രമങ്ങൾ യഥാവിധി അംഗീകരിക്കപ്പെട്ടു. 1839 ജാനുവരി മാസം 9-ാംതീയതി, പാരീസിൽവച്ചു് ദാഗ്വറിന്റെ കണ്ടുപിടിത്തത്തെ പരിശോധിക്കുന്നതിനു് 'സയൻസ് അക്കാഡമി' യോഗം ചേന്നു. അവിടെ, ദാഗ്വർ തന്റെ നൂതനമായ കണ്ടുപിടിത്തം പ്രദർശിപ്പിച്ചു. അക്കാഡമിയിലെ പ്രമുഖന്മാരിൽ ഒരാളായ "അരാഗോ" (Arago) എന്ന മഹാൻ ഈ നൂതനശാസ്ത്രീയ വിജ്ഞാനത്തിന്റെ പ്രാധാന്യം അപ്രമേയമാണെന്നു് പ്രഖ്യാപിച്ചു. താമസിയാതെ ദാഗ്വറിനെ "ലീജിയൻ

ആഫ് ആണർ" (Legion of Honour) എന്ന സംഘടനയിൽ ഒരുയൎന്ന ഉദ്യോഗസ്ഥനായി നിയമിക്കുകയും ചെയ്തു.

ഫ്രഞ്ചു പാർലമെൻറ് 1839ൽ ഒരു വിളംബരം മൂലം ദാഗ്വ്രറിനു് പതിനായിരം ഫ്രാങ്കിൻെറ ഒരു പാരിതോഷികം നൽകി. തൻെറ സഹപ്രവൎത്തകനായിരുന്നു് ദരിദ്രനായി മരിച്ചുപോയ നയപ്സിയുമായി ഈ പാരിതോഷികം പങ്കിടാൻ ദാഗ്വ്രർ ഗവണ്മെൻറിനോടു് അനുവാദം ആവശ്യപ്പെടുകയും, നയപ്സിയുടെ അനന്തരാവകാശികൾക്കു് അതിൽ നാലായിരം ഫ്രാങ്കു് നൽകപ്പെടുകയും ചെയ്തു.

ദാഗ്വ്രറിനു് ലഭിച്ച വിഹിതത്തെ അദ്ദേഹം വിയന്നായിലെ ഫോട്ടോഗ്രാഫിക് സ്റ്റുഡിയോയിൽ ഏല്പിച്ചു. ഗവണ്മെൻറിൽനിന്നും കിട്ടിയ തുകയ്ക്കു പുറമേ ഏതാനും തുകകൂടി അദ്ദേഹം സംഭാവന ചെയ്യുകയും, മികച്ച ഗവേഷകന്മാർക്കു് പാരിതോഷികം നൽകുന്നതിനുവേണ്ട ആദായം കിട്ടത്തക്കവണ്ണം അതിനെ ഒരു നിധിയായി പ്രസ്തുത സൊസൈററി സൂക്ഷിക്കുകയും ഉണ്ടായി. ദാഗ്വ്രറിൻെറ പേരിൽ ഒരു മെഡൽ അവർ ഏൎപ്പെടുത്തി. ഫോട്ടോ പിടിക്കുന്നതിനു് കണ്ണാടിക്കു പകരം ഉപയോഗിക്കാവുന്ന ഒരു സാധനം സംവിധാനം ചെയ്യുകയും, അനേകം വാരനിളത്തിൽ അതിനെ സംഭരിക്കുകയും, അതിൻെറ രണ്ടുവശത്തുമുള്ള സുഷിരങ്ങളിൽ കോൎക്കുന്ന പല്ലുകളുടെ സഹായ

ത്താൽ അനേകം ഫോട്ടോകൾ തുടരെ പിടിക്കത്തക്ക വിധത്തിൽ ക്രമീകരിക്കുകയും ചെയ്യുക, എന്ന മഹത്തായ കണ്ടുപിടുത്തത്തിന് പാരിതോഷികമായി ഗ്രീനിന് 1888-ൽ വിയന്നായിലെ ഫോട്ടോഗ്രാഫിക് സൊസൈററി സമ്മാനം നൽകുകയാണുണ്ടായത്.

ദാഗ്രറിന് ഫ്രഞ്ചുജനത നൽകിയ അംഗീകാരത്തെ, ഗ്രീനിന് ഇംഗ്ലീഷ്ജനത നല്കിയ അംഗീകാരത്തോടു താരതമ്യപ്പെടുത്തുന്നതു് കൗതുകകരമായിരിക്കും.

## 30. ഇംഗ്ലണ്ടിൽ അംഗീകാരം.

ഇതിനിടെ ഇംഗ്ലണ്ടിൽ ഗ്രീനിൻെറ കണ്ടുപിടിത്തങ്ങൾക്കു സാവധാനത്തിൽ അംഗീകാരം കിട്ടിത്തുടങ്ങി. പല പത്രങ്ങളുടേയും മാസികകളുടേയും പ്രതിനിധികൾ ഗ്രീനിൻെറ പരീക്ഷണശാലയിൽ വന്നു് കാര്യങ്ങൾ കേൾക്കുകയും അദ്ദേഹത്തിൻെറ പ്രദർശനങ്ങൾ കാണുകയും ചെയ്തശേഷം വളരെ പ്രോത്സാഹജനകമായ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തി തുടങ്ങി. 'മായാദീപമാസിക' (Optical magic lantern Journal) എന്ന പത്രത്തിന് അന്ന് ഇംഗ്ലണ്ടിൽ വലിയ സ്ഥാനം കല്പിക്കപ്പെട്ടിരുന്നു. ഈ പത്രം അതിൻെറ പ്രതിനിധിയെ കാര്യങ്ങൾ നേരിട്ടു ഗ്രഹിച്ചു റിപ്പോർട്ട് ചെയ്യുവാൻ ഗ്രീനിൻെറ പരീക്ഷണശാലയിൽ അയച്ചു. പ്രതിനിധി അയച്ച റിപ്പോർട്ടിൻെറ

പ്രധാന ഭാഗത്തു് രേഖപ്പെടുത്തിയിരുന്ന വിവരണ ങ്ങളും അഭിപ്രായങ്ങളും, ഗ്രീനിൻെറ പരീക്ഷണശാല അദ്ദേഹത്തെ എത്രമാത്രം ആകൎഷിച്ചു എന്നതിനു് മതിയായ തെളിവാണു്. അതിപ്രകാരമാണു്.

"ഒരു സ്ക്രീനിൽ ഒരാളിൻെറ ഫോട്ടോയുടെ ഛായ പതിയുകയും, ആ ചിത്രം ജീവനുള്ള ഒരു വ്യക്തിയെപ്പോലെ വായ്തുറന്നു സംസാരിക്കുവാൻ തുടങ്ങുകയും ചെയ്യുക എന്നതു്, സങ്കല്പത്തെ കവച്ചു വയ്ക്കുന്നതാണല്ലൊ. അതുപോലെ തന്നെ, തെരുവിലെ ചലനാത്മകമായ ഒരു രംഗം കാണികൾക്കു ചലനത്തോ ടുകൂടിത്തന്നെ കാണത്തക്കവിധത്തിൽ ഒരു മുറിക്കകത്തു ള്ള സ്ക്രീനിൽ ചിത്രീകരിക്കുന്നുവെന്നു വയ്ക്കുക. കുതി രകളും കുതിരവണ്ടികളും അങ്ങോട്ടുമിങ്ങോട്ടും ഓടുന്ന തും, മനുഷ്യർ റോഡിൽ കൂടി രണ്ടു വശത്തേക്കും നടന്നു പോകുന്നതും, പട്ടികളും മററു ജന്തുക്കളും അവരുടെയി ടയിൽ കൂടി കടന്നു പോകുന്നതും, ഓരോന്നും അതാതി ൻെറ വേഗതയിൽ തന്നെ ചലിച്ചുകൊണ്ടിരിക്കുന്നതു പോലെ തന്നെ ഒരു സ്ക്രീനിൽ കാണിക്കുന്നുവെന്നും കരുതുക. സംഭവങ്ങളുടേയും ചലനങ്ങളുടേയും കാഴ്ച ഒരു മുറിക്കകത്തു കസേരയിൽ ഇരുന്നുകൊണ്ടു്, ആ മുറിക്ക കത്തുള്ള ഒരു സ്ക്രീനിൽനോക്കിയിരിക്കുന്ന ഒരാൾക്കു് ലഭിക്കുകയെന്നതു് അത്ഭുതകരമല്ലെ? ഇതൊക്കെ എത്ര തന്നെ അവിശ്വസനീയമായിരുന്നാലും, ഇന്നൊരു കേവല യാഥാൎത്ഥ്യമായി തീൎന്നിരിക്കുന്നു. 'ലാർഡ്സ്'

മേയേഴ്സ് ഷോ' (Lord Mayor's show—ഇതു് ഇംഗ്ലണ്ടിൽ വളരെ പ്രാധാന്യമുള്ള ഒരു ദേശീയ ചടങ്ങിനോടനുബന്ധിച്ച ഒരു ഘോഷയാത്രയാണു്—) ഏതെങ്കിലും ഒരു നിശ്ചിത സ്ഥാനത്തു നിന്നുകൊണ്ടു സന്ദർശിച്ച ഒരു വ്യക്തിക്കു് കുറെനാൾ കഴിഞ്ഞു്, അയാളുടെ മുറിയിൽഇരുന്നുകൊണ്ടു് അതുപോലെതന്നെ സ്ക്രീനിലെ ചിത്രത്തിൽ കാണാൻ സാധിച്ചുവെന്നിരിക്കട്ടെ. എത്ര വലിയ വിസ്മയമാണു് അയാൾക്കു അതുമൂലം അനുഭവപ്പെടുന്നതു്! തെരുവീഥിയുടെ രണ്ടു വശത്തുമുള്ള കെട്ടിടങ്ങൾ ആ ചിത്രപ്രദർശനത്തിൽ നിശ്ചലങ്ങളായി അയാൾ കാണുന്നു. ഘോഷയാത്രയുടെ പ്രാരംഭം മുതൽ അവസാനംവരെയുള്ള ഭാഗം ആ കെട്ടിടങ്ങളുടെ ഇടയിലുള്ള രാജപാതയിൽ ഒരു നിശ്ചിത സ്ഥാനത്തുകൂടി അതിൻെറ സ്വതസ്സിദ്ധമായ വേഗതയിൽ തന്നെ കടന്നുപോകുന്നതും ആ ചിത്രത്തിൽ അയാൾ കാണുന്നു എന്നും സങ്കല്പിക്കുക. ഇതുപോലെ സകലതിൻേറയും ചലനവിശേഷം വെറുമൊരു സ്ക്രീനിൽ ചിത്രങ്ങൾ കൊണ്ടു പ്രതിഫലിപ്പിക്കുന്ന സമ്പ്രദായം കണ്ടുപിടിച്ച മനുഷ്യനായി 'ഫ്രെയിസ് ഗ്രീൻ' എന്ന ഫോട്ടോഗ്രാഫറെ ലോകം അറിയുവാൻ പോകയാണു്. ഈ മനുഷ്യൻ, പ്രത്യേക വിധത്തിൽ പ്രവൎത്തിയ്ക്കുന്ന ഒരു ക്യാമറാ കണ്ടുപിടിച്ചിരിക്കുന്നു. അതിൻെറ ഒരു ഹാൻഡിൽ തിരിയ്ക്കുമ്പോൾ ഒരു സെക്കൻെറിൽ അനേകം ഫോട്ടോകൾവീതം പിടിക്കപ്പെടുന്നു. ഈ ഫോട്ടോകൾ

വല്ലരെ നീളത്തിലും, ചെറിയ വീതിയിലും കടലാസു പോലുള്ള പ്രത്യേകതരം ഒരു സാധനത്തിൽ നിർമ്മിച്ച് രാസദ്രവ്യങ്ങൾ പുരട്ടി ശരിയാക്കി, ചുരുളാക്കി സൂക്ഷി ക്കുന്നു. ആ ചുരുളിൻെറ ചെറിയ ഭാഗങ്ങളിൽ ഫോട്ടോ കൾ ഒന്നൊന്നായി തുടരെ മാറിമാറി പതിയുകയാണ്. ഈ സാധനംതന്നെ ഫോട്ടോ പതിപ്പിക്കുന്നതിനുമുമ്പും, അതിനു ശേഷവും, ക്യാമറായുടെ ഉള്ളിൽ ചുരുളുക ളായി ഇരിക്കത്തക്കവണ്ണമാണ് ക്യാമറായിൽ സൂക്ഷി ക്കുന്നത്. സംഭവങ്ങളേയും ചലനങ്ങളേയും കുറിക്കുന്ന തിനായി എണ്ണമററ ഫോട്ടോകൾ ഈ ചുരുളിൽ അയാൾ പിടിക്കുന്നു. അവയെ യഥാവിധി, സാധാരണ ഫോ ട്ടോകളെ ശരിപ്പെടുത്തിയെടുക്കുന്നതുപോലെ ധവലപ്പ ചെയ്തും കഴുകിയും ശരിയാക്കി, പാസ്റ്റീവ് പ്രിൻറുകൾ എടുക്കുന്നു. അയാൾ തന്നെ സംവിധാനംചെയ്ത പ്രത്യേ കവിധത്തിലുള്ള ഒരു ഉപകരണത്തിലൂടെ അയാൾ അവയെ സ്ക്രീനിൽ പ്രദർശിപ്പിക്കുന്നു. പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ഒരു ദീപത്തിൻെറ വെളിച്ചം കൊണ്ട് അയാൾ ഈ ചിത്രങ്ങളെ ഇരുട്ടുള്ള ഒരു മുറി യിൽ കെട്ടിയിട്ടുള്ള ഒരു സ്ക്രീനിൽ തെളിയിച്ച് പ്രദർശിപ്പിക്കുന്നു. ചിത്രങ്ങൾ സംസാരിക്കുന്നതായി തോന്നിക്കുന്നതിന് അയാൾ ഫോണോഗ്രാമാണ് ഉപ യോഗിക്കുന്നത്."

അമേരിക്കൻ പത്രങ്ങളും ഗ്രീനിൻെറ കണ്ടുപിടു ത്തങ്ങളിൽ വലിയ താല്പര്യം കാണിയ്ക്കുകയും അവയെ

പ്പററി ധാരാളം പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. യൂണിവേഴ്സിററികളും ശാസ്ത്രീയ സ്ഥാപനങ്ങളും പ്രഭാഷണങ്ങൾ നൽകുവാൻ അദ്ദേഹത്തെ ക്ഷണിച്ചു തുടങ്ങി. ചില സ്ഥാപനങ്ങൾ അദ്ദേഹത്തിന് അവരുടെ ബഹുമതിയുള്ള അംഗത്വം നല്കി. ഈ കീൎത്തിയെല്ലാം പെട്ടെന്നാണുണ്ടായതു്. 1890–ാമാണ്ടിൽ ചെസ്റ്റർ (Chester) എന്ന സ്ഥലത്തുവച്ചു് ഫോട്ടോഗ്രാഫിയുടെ ഒരു കൺവെൻഷൻ നടന്നപ്പോൾ, അതിനെ അഭിമുഖീകരിച്ചു് ഏററവും മുഖ്യമായ പ്രസംഗം ചെയ്യുന്നതിന് ഗ്രീൻ ക്ഷണിക്കപ്പെട്ടു. സമ്മേളനസ്ഥലത്തു് അദ്ദേഹം ഹെലനായോടും 14 വയസ്സു് പ്രായമായിരുന്ന തൻെറ മകൾ എത്തലിനോടുംകൂടിയാണ് എത്തിച്ചേൎന്നതു്. രാജോചിതമായ ആദരവോടെ ആ കുഡുംബം സ്വീകരിക്കപ്പെട്ടു. ആ സമ്മേളനം മുതൽ ഗ്രീനിനെ ആളുകൾ സംബോധന ചെയ്തതു് "ബുദ്ധിരാക്ഷസൻ" എന്ന വിശേഷണ പദം കൂട്ടിച്ചേൎത്തായിരുന്നു. വൈററ് ദ്വീപിൻെറ (Isle of white) മുകളിൽകൂടി ബലൂണിൽ പറന്നു്, അവിടത്തെ വിശേഷങ്ങളെ ചലച്ചിത്രത്തിൽ പകൎത്തണമെന്നു് യുദ്ധകാര്യാലയം അദ്ദേഹത്തോടപേക്ഷിച്ചു. യുദ്ധതന്ത്രപരമായ ഈ നിൎദ്ദേശം മുൻപോട്ടു വയ്ക്കുകയും പ്രയോജനകരമായ ചലച്ചിത്രങ്ങൾ നിൎമ്മിച്ചു കൊടുക്കയും ചെയ്തതിന് യുദ്ധകാര്യാലയം അദ്ദേഹത്തിന് ഒരു സമ്മാനം നൽകി. ഇതില്ലാ

വിഞ്ഞു്, ഗ്രീനിൻെറ പ്രസ്ഥാനത്തെ ഏറെറടുത്തു് മുമ്പോട്ടു കൊണ്ടുപോകുവാൻ ദേശീയമായ അടിസ്ഥാനത്തിൽ ഗ്രീനിനു് യാതൊരു പ്രോത്സാഹനവും ലഭിച്ചില്ല.

## 31. നിറവും ശബ്ദവും.

ഇത്രയുമൊക്കെയായിട്ടും ലോകത്തിൽ ഏററവും കൂടുതൽ ആളുകളെ ആകർഷിക്കുന്ന വിനോദമായി ഭാവിയിൽ വികസിക്കുവാനിരുന്ന ചലച്ചിത്രത്തെപ്പററി സാധാരണക്കാർ അധികം അറിഞ്ഞിരുന്നില്ല. ഒരു വ്യാപാര സംരംഭമായി ചലച്ചിത്രം പരിണമിയ്ക്കുന്നതിനു് പൂർണ്ണതകൾ പലതും എത്തിച്ചേരേണ്ടതായിട്ടാണിരുന്നതു്. അതിനുവേണ്ടി തുടൻ് പരിശ്രമം നടത്തുന്നതിനു് വളരെ അധികം പണം ആവശ്യമായിരുന്നു. ഗ്രീനിൻെറ പ്രത്യേകതരമായ സ്വഭാവവിശേഷം കൊണ്ടു്, ചലച്ചിത്രത്തെ വ്യാപാര നിലയിൽ കൊണ്ടുവരാൻ അദ്ദേഹം മുൻകൈ എടുത്തില്ല. മൂലധനത്തിൻെറ അഭാവത്തിനു പുറമേ, ഗ്രീനിൻെറ അശ്രദ്ധയും അലസമനോഭാവവുമായിരുന്നു ഈ പരാജയത്തിനു കാരണം. എത്തിയിടത്തോളം പുരോഗതിയെ അവിടെ നിറുത്തിയിട്ടു്, പുതിയ പുതിയ കണ്ടുപിടിത്തങ്ങളിലേയ്ക്കു് അദ്ദേഹം ശ്രദ്ധ തിരിക്കുകയാണു് ചെയ്തതു്.

സ്വാഭാവികമായ നിറവിശേഷങ്ങൾ ഫിലിമിൽ പകർത്തുകയും പ്രദർശനത്തിൽ പ്രതിഫലിപ്പിക്കുകയും

ചെയ്യുന്നതിനു് ഗ്രീൻ നിരവധി പരീക്ഷണങ്ങൾ നടത്തി, വളരെ ധനം വ്യയം ചെയ്യുകയും ചെയ്തു. ഈ രംഗത്തിൽ അദ്ദേഹത്തിനു വിജയിക്കുവാൻ സാധിച്ചില്ല. ഗ്രീനിനു് അന്നുവരെ സഹായത്തിമായിരുന്ന ക്യാമറാ കൊണ്ടു് എടുക്കാവുന്ന ഫോട്ടോ ഫിലിമിനു് ഏതാനും വാര മാത്രമേ നീളം ശരിപ്പെടുത്തുവാൻ സാധിച്ചിരുന്നുള്ളു. അദ്ദേഹം ഉപയോഗിച്ചിരുന്ന ഫിലിമിനു് നാലിഞ്ചു് വീതി ഉണ്ടായിരുന്നു. ഇപ്പോൾ നാം ഉപയോഗിച്ചു വരുന്ന ഫിലിമിൻെറ മൂന്നിരട്ടിയിൽ കൂടുതൽ വരുന്ന വീതിയായിരുന്നു അതു്. ചെറിയ വീതിയിലുള്ള പടം വിജയകരമായി പിടിക്കുന്നതിനു് വളരെ ഏറെ ഭേദപ്പെട്ട ലൻസുകൾ വേണമായിരുന്നു. ഒരു സെക്കൻറിൽ പതിനാറിൽ കുറയാതെ പടങ്ങൾ എടുത്തെങ്കിൽ മാത്രമെ പ്രയോജനകരമായ വിധത്തിൽ പ്രദശിപ്പിക്കാവുന്ന ഒരു ഫിലിം ചിത്രം നിർമ്മിക്കാമായിരുന്നുള്ളു. ഗ്രീനിൻെറ ശ്രമഫലമായി സെക്കൻറിൽ പത്തു പടങ്ങൾവരെ മാത്രമെ എടുക്കുവാൻ സാധിച്ചിരുന്നുള്ളു. ഇതിനെല്ലാം വേണ്ടുന്ന രീതിയിൽ ഉപകരണങ്ങൾ സംഘടിപ്പിക്കണമെങ്കിൽ അതാതു ശാഖയിൽ നല്ല കഴിവുള്ള അനേകം സാങ്കേതിക വിദഗ്ദ്ധന്മാരുടെ, സഹായവും വളരെ അധികം പണവും വേണമായിരുന്നു. ഇത്രയും കാലത്തിനിടയിൽ ഗ്രീൻ സമ്പാദിച്ചിരുന്ന പൊതുജനാഭിപ്രായത്തിൻെറ പശ്ചാത്തലത്തിൽ, ഒരുപക്ഷെ ഗ്രീൻ

ആത്മാത്ഥമായി ശ്രമിച്ചിരുന്നു എങ്കിൽ ധാരാളം സഹായം കിട്ടുമായിരുന്നു. എന്നാൽ ഗ്രീൻ അതി നൊന്നും ശ്രമിച്ചില്ല. അതുവരെ കൈവരുത്തിയ നേട്ടങ്ങളെ അവിടെ ഉപേക്ഷിച്ചിട്ട് മററു കാര്യങ്ങളി ലേയ്ക്കാണ് അദ്ദേഹം ശ്രദ്ധ തിരിച്ചത്.

ഗ്രീനിന്റെ ശ്രദ്ധ നൂതനമായ കണ്ടുപിടിത്തങ്ങ ളിലേയ്ക്ക് തിരിഞ്ഞു. പടങ്ങളിൽ സാധനങ്ങൾ തമ്മിലുള്ള മുൻ–പിൻ അകൽച്ച (Depth) ചിത്രീകരി ക്കുന്നതിനുള്ള വഴി എന്താണെന്നായിരുന്നു അദ്ദേഹ ത്തിന്റെ അടുത്ത ചിന്ത. ഈ കാര്യം സാധിച്ചെടു ക്കുന്നതിന് പ്രാഥമികമായി അറിഞ്ഞിരിക്കേണ്ട തത്വം അദ്ദേഹത്തിന്റെ അറിവിൽ പെട്ടിരുന്നില്ല. മനുഷ്യന്റെ ഇടത്തേയും വലത്തേയും കണ്ണുകളെ പ്രതിനിധീകരിക്കുന്ന ഓരോ ക്യാമറാകൊണ്ട് പ്രത്യേ കം പ്രത്യേകം പടങ്ങൾ ഒരേ സമയത്ത് എടുക്കുകയും അവയെ പ്രദർശിപ്പിക്കുമ്പോൾ അതാതു കണ്ണിനെ പ്രതി നിധീകരിക്കുന്ന ക്യാമറാ കൊണ്ടെടുത്ത പടങ്ങൾ മാത്രം അതാതു കണ്ണുകൾക്ക് കാണാൻ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ അകൽച്ച (Depth) യെ ചിത്രീകരിക്കുവാൻ വേണ്ടിയിരുന്നത്. ഈ അറിവ് ഗ്രീനിന് സിദ്ധിച്ചിരുന്നില്ല. ഈ വഴിക്കു അദ്ദേഹം വളരെ ശ്രമം നടത്തിയെങ്കിലും അവസാനം അതൊ ക്കെ അദ്ദേഹം ഉപേക്ഷിക്കുകയാണു ചെയ്തതു്. ഫിസിക്സ് ശാസ്ത്രത്തിൽ അദ്ദേഹത്തിന് ഉന്നതമായ

അറിവോ വിദ്യാഭ്യാസമോ ഉണ്ടായിരുന്നില്ലഎന്നതാണ് ഈ പരാജയത്തിന്ന കാരണം. ശബ്ദത്തെ കൂട്ടിയിണക്കുന്ന കാൎയ്യത്തിൽ ചലനത്തോടു പൊരുത്തപ്പെടുന്ന രീതിയിൽ റിക്കാർഡു ചെയ്ത ശബ്ദത്തെ ഫോണോഗ്രാഫ് വഴി പ്രക്ഷേപണം ചെയ്യുക എന്ന ശ്രമകരമായ ഘട്ടംവരെ മാത്രമേ ഗ്രീൻ എത്തിയിരുന്നുള്ളു. ഫിലിമുകളിൽ ചിത്രീകരിക്കുന്ന സാധനങ്ങളുടെ നിറം ഫിലിമിൽ പ്രതിഫലിപ്പിക്കുന്നതിനുള്ള ശ്രമവും വളരെ വിജയിച്ചില്ല.

## 32. ഉദാസീനത.

സിനിമാപ്രദൎശനത്തിൻെറ മൗലികമായ സകല തത്വങ്ങളേയും കോൎത്തിണക്കിക്കൊണ്ടുള്ള ഒരു മാതൃകയ്ക്കു് അദ്ദേഹം 1889-ൽ ഒരു ട്രെയിഡു് മാൎക്കു് (Trade mark) രജിസ്റ്റർ ചെയ്തിരുന്നു. ആ രജിസ്ട്രേഷൻ അനുസരിച്ചു് അതിൽ ഉൾക്കൊണ്ടിരുന്ന മാതൃകയെ ശരിയായി പ്രയോജനപ്പെടുത്തി, പൊതുജനങ്ങളുടെ മുമ്പാകെ പ്രദൎശിപ്പിക്കാനുള്ള എന്തെങ്കിലും സംവിധാനം ചെയ്തിരുന്നെങ്കിൽ തന്നെ ഗ്രീനിനു് സമ്പന്നനാകാമായിരുന്നു. പക്ഷെ മറിച്ചാണു സംഭവിച്ചതു്. രജിസ്ട്രേഷൻ അനുസരിച്ച് അംഗീകരിക്കപ്പെട്ട മാതൃക അദ്ദേഹത്തിൻെറ കയ്യിൽ വന്നുചേൎന്നതു് 1890-ൽ ആയിരുന്നു. കടബാദ്ധ്യതയിൽ അദ്ദേഹം

മുങ്ങിക്കഴിഞ്ഞിരുന്ന ഒരു ഘട്ടമായിരുന്നു അതു്. ഈ മാതൃകയേയും അതിൻെറ രജിസ്ട്രേഷൻ അനുസരി ച്ചുള്ള സകലഅവകാശങ്ങളേയും, അതിൻെറ രേഖകളും സർട്ടിഫിക്കററുകളും സഹിതം, അദ്ദേഹം ഒരു വലിയ വ്യാപാരിക്കു് 500 പവൻ പ്രതിഫലത്തിനു് വില്ക്കുക യാണു ചെയ്തതു്. ആ വ്യാപാരിയാകട്ടെ, താൻ വാങ്ങിയതിനെ എല്ലാം തൻെറ അലമാരയിൽ പൂട്ടി വച്ചു നിക്ഷേപിച്ചതല്ലാതെ അതിനെ പുറത്തെടുത്ത തേയില്ല. നാലു കൊല്ലത്തിനുശേഷം നിയമപ്രകാരം 5 പവൻ അടച്ചു് രജിസ്ട്രേഷൻ പുതുക്കേണ്ടിയിരുന്നു. ആരും തുകയടച്ചു് രജിസ്ട്രേഷൻ പുതുക്കിയില്ല. 1894-ൽ അങ്ങനെ ആ മാതൃക അംഗീകാരരഹിത മായി. 1895-ൽ ആദ്യമായി പാരീസിൽ ഒരു വലിയ തിയേററിൽ ചരിത്രപ്രധാനമായ വിധത്തിൽ മറെറാ രു വ്യവസായി ഫിലിംപ്രദശ്നം ഉത്ഘാടനം ചെയ്തു്, ഏതാനും ദിവസംകൊണ്ടു് സമ്പന്നനാവുകയും ചെയ്തു. ലോകത്തു് ആദ്യമായി നടത്തിയ പ്രസ്തുത ഫിലിംപ്രദ ശ്നത്തിൽ ഉൾക്കൊണ്ടിരുന്നതു് ഗ്രീൻ രജിസ്റ്റർ ചെയ്തിരുന്ന മാതൃകയിലെ വിശദാംശങ്ങൾ മാത്രമാ യിരുന്നു. ഈ സംഭവം ഗ്രീനിനെ അല്പംപോലും കുണ്ഠിതപ്പെടുത്തിയില്ല. അതായിരുന്നു അദ്ദേഹത്തി ൻെറ സ്വഭാവം.

1893-ാമാണ്ടിൽ മറെറാരു വിശേഷ സംഭവം നടന്നു. വളരെ വേഗതയിൽ പടങ്ങൾ അച്ചടിച്ചെടു

ക്കാനുള്ള ഒരു വിദ്യ ഗ്രീൻ ഇതിന്നിടെ കണ്ടുപിടിച്ചിരുന്നു. ഈ വിദ്യകൊണ്ടു് സിഗററു് കാർഡുകൾ അച്ചടിച്ചു് ഗ്രീൻ ധാരാളംപണവും ഉണ്ടാക്കിക്കൊണ്ടിരുന്നു. വളരെ പ്രചാരമുള്ള ഒരു മാസിക നടത്തിക്കൊണ്ടിരുന്ന സർ ജാർജ്ജ് ന്യൂൺസ് (Sir George-Neunes) എന്ന മഹാനെ അദ്ദേഹം സമീപിച്ചു് മാസികയുടെ കവർപേജുകളും ചിത്രങ്ങളും അച്ചടിച്ചുകൊടുക്കാമെന്നുള്ള നിർദ്ദേശം വച്ചു. ഈ സാഹസികന്നു് വേണ്ടുന്നത്ര പ്രോത്സാഹനം കൊടുക്കണമെന്നു് സർ ജാർജ്ജിന്നു് തോന്നി. അദ്ദേഹം തന്നെ അതിവിദഗ്ദ്ധനായ ഒരു സംവിധായകനായിരുന്നു. ഏതാനും ആയിരം പവൻ ചിലവഴിച്ചു് ഗ്രീനിൻെറ നിർദ്ദേശം നടപ്പിലാക്കാൻവേണ്ടി അദ്ദേഹം പുതിയൊരു പറമ്പു വാങ്ങി, അതിൽ വലിയ കെട്ടിടങ്ങൾ കെട്ടി, വിലയേറിയ യന്ത്രസാമഗ്രികൾ സ്ഥാപിച്ചു. ജോലിയുടെ പുരോഗതി വീക്ഷിക്കുവാൻ ആഗ്രഹിച്ചുകൊണ്ടു് അദ്ദേഹം പല തവണ അവിടെ വന്നു. എപ്പോഴും ഗ്രീൻ പുറത്തെവിടയോ ആയിരിക്കുകയായിരുന്നു പതിവു്. സംശയവും നിരാശയും സഹിക്കവയ്യാതെ ഒരു ദിവസം സർ ജാർജ്ജ് വർക്ക്ഷാപ്പിൽനിന്നു പോകാതെ അവിടെ തന്നെ കഴിച്ചുകൂട്ടി. കുറെ നേരം കഴിഞ്ഞു് അലസനായി അവിടെ വന്നുകയറിയ ഗ്രീനിൻെറ നേർക്കു് അദ്ദേഹം കോപത്തോടെ ചാടിവീണു. എന്നാലും ഗ്രീനിൻെറ യഥാർത്ഥ മഹിമയെപ്പററി

മതിപ്പുണ്ടായിരുന്ന സർ ജാർജ്ജ്, ഒടുവിൽ സമാധാനപ്പെട്ടു് ഗ്രീനുമായി സ്നേഹത്തിൽ പിരിഞ്ഞു.

ഈ ബിസിനസ്സിലും പ്രതീക്ഷിച്ചതുപോലെയുള്ള പ്രയോജനം ഉണ്ടായില്ല. ഗ്രീൻ അത്രയ്ക്കു മടിയനായിരുന്നു. അതിനുപുറമേ അദ്ദേഹത്തിൻെറ പ്രിയപത്നി ഹെലനാ സുഖക്കേടുമൂലം ശയ്യാവലംബയായിത്തീർന്നിരുന്നു. അനേക മാസങ്ങൾതുടരെ രോഗശയ്യയിൽ കിടന്നശേഷം, ആ ഗുണവതിയായ സ്ത്രീ 1895-ൽ 43 വയസ്സ് പ്രായമിരിയ്ക്കേ മരിച്ചു.

## 33. എക്സ്റേ ഫോട്ടോ.

അടക്കാനാവാത്ത ദുഃഖം ഗ്രീനിനെ ബാധിച്ചു. ശോകമൂകനായി അദ്ദേഹം പല ദിവസങ്ങൾ കഴിച്ചുകൂട്ടി. ഏകാന്തതയിൽ പരീക്ഷണതൃഷ്ണ അദ്ദേഹത്തെ വീണ്ടും ഗ്രസിച്ചു. സിനിമാ മേഖലയിലുള്ള സകല ഓർമ്മകളും ഉപേക്ഷിച്ചപോലെ, അദ്ദേഹം നൂതനമായ ഒരു ശാസ്ത്രശാഖയിൽ ആകൃഷ്ടനായി. എക്സ്റേ ഫോട്ടോകൾ നിർമ്മിക്കുന്നതിനുള്ള സംരംഭത്തിൽ അദ്ദേഹത്തിൻെറ മനസ്സ് പ്രവർത്തിച്ചു തുടങ്ങിയതോടുകൂടി ഭാര്യയുടെ മരണത്തിൽനിന്നുണ്ടായ ദുഃഖത്തിൽ നിന്നു അദ്ദേഹം ക്രമേണ മോചിക്കപ്പെടുകയും ചെയ്തു.

ഭാര്യയുടെ നിര്യാണത്തിൽ ദുഃഖാർത്തനായ ഗ്രീൻ വീണ്ടും ഗ്രന്ഥപാരായണത്തിൽ മുഴുകി. അക്കാലത്തു്

ശാസ്ത്രീയ രംഗത്തിൽ യൂറോപ്പിലൊട്ടാകെ വളരെയധി കം ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടിരുന്ന ഒരു കണ്ടുപിടിത്ത ത്തെ പററിയുള്ള ലേഖനങ്ങളിൽ ഗ്രീനിൻെറ ശ്രദ്ധ ചെന്നു തറച്ചു. 1895-ൽ ജർമ്മനിയിൽ ബവേറിയാ യിലെ Wurzburg സർവ്വകലാശാലയിൽ, ഫിസിക്സ് പ്രൊഫസറായിരുന്ന "വിൽഹം കൊൺറാഡ് റോൻറു ജൻ" (Wilhem Konrad Rentgen) എന്ന ദേഹം, ആ ശ്ചര്യകരമായ ഒരു ശാസ്ത്രീയ കണ്ടുപിടിത്തം നടത്തി. "ക്രൂക്സ് ട്യൂബ്" (Crookes-tube) എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരുമാതിരി സ്പടിക ബൾബിൽ നിന്നും, അതിനകത്തുള്ള വായുവിനെ പൂർണ്ണമായും പുറത്താക്കിയശേഷം, അതിൽ ഘടിപ്പിക്കപ്പെട്ടിട്ടുള്ള വൈദ്യുത ടെർമിനനിൽക്കൂടി വളരെ കൂടിയ വോൾട്ടേ ജിൽ-അതായതു്, ഒരു "ഇൻഡക്ഷൻകായിലിൽ" നിന്നും-വിദ്യുച്ഛക്തി കടത്തിവിട്ടു് ഒരു പരീക്ഷണം അദ്ദേഹം നടത്തുകയായിരുന്നു. ബേരിയം പ്ലാററിനോ സൈനയിഡു് (Barium Platinocynide) എന്ന സാധനത്തിൻെറ ചില തരികൾ ഈ ബൾബിൻെറ സമീപം ഉള്ള ഒരു തകിടിൽ പററിപ്പിടിച്ചിരുപ്പുണ്ടാ യിരുന്നു. കറൻറു കടത്തി വിട്ടാലുടൻ ഈ തരികൾ അത്ഭുതകരമായി തിളങ്ങുന്നതു് അദ്ദേഹം ശ്രദ്ധിച്ചു. ബൾബിനും ഈ തരികൾക്കും ഇടയ്ക്കു് ഒരു കാർഡു് ബോർഡു മറ അദ്ദേഹം വച്ചിട്ടും, ഈ തിളക്കത്തിനു് വ്യത്യാസമില്ല. കറൻറു് കടത്തി വിടുന്നതു നിറു ത്തിയാൽ ഉടൻ തിളക്കവും അവസാനിക്കും. പല

സാധനങ്ങളും കൊണ്ടുണ്ടാക്കിയ നിരവധി മറകൾ വച്ചു പരീക്ഷിച്ചു. അല്പാല്പമായ ഭേദഗതികളോടെ തിളക്കം വിണ്ടും ആവൎത്തിക്കുന്നതായി അദ്ദേഹം കണ്ടു. അദ്ദേഹത്തെ ആശ്ചര്യപ്പെടുത്തിയ ഈ യാദൃച്ഛിക അനുഭവത്തെ വിശകലനം ചെയ്യുവാൻ അദ്ദേഹം തുടങ്ങി. ഫിസിക് ശാസ്ത്രമനുസരിച്ചുള്ള കണക്കുകൂട്ടലുകൾകൊണ്ട് ഈ തിളക്കത്തിന്റെ ഉത്ഭവസ്ഥാനം തന്റെ സ്ഫടിക ബൾബാണെന്ന് തെളിഞ്ഞു. താൻ ഉപയോഗിച്ച മറകളിൽ കൂടി കടന്നു വരുന്നതും, എന്നാൽ മനുഷ്യദൃഷ്ടികൾക്ക് ഗോചരമല്ലാത്തതുമായ രശ്മികളാണ് ഈ തിളക്കത്തിന് കാരണമെന്ന് വ്യക്തമായി.

തുടൎന്ന്, ഈ രശ്മിയുടെ സ്വഭാവ ഗുണങ്ങളെപ്പററി അദ്ദേഹം നിരവധി പരീക്ഷണങ്ങൾ നടത്തി. അല്പാല്പം വ്യത്യസ്തമായ തോതിൽ, ഈ രശ്മി സാധാരണ വെളിച്ചത്തിന്റെ രശ്മി കടക്കാത്ത ഏതു സാധനങ്ങളിലുംകൂടി, കടന്നുപോകുമെന്ന് അദ്ദേഹം ഗ്രഹിച്ചു. 'ബേരിയം പ്ലേററിനോ സൈനയിഡ്' പോലുള്ള അപൂൎവ്വം ചില സാധനങ്ങളിൽ ഈ രശ്മി തട്ടിയാൽ അവ മേൽപ്രകാരം തിളക്കമുള്ളവയാകുമെന്നും, ഈ രശ്മികൾ, കാന്തശക്തികൾക്ക് അതീതമായി, ഋജുരേഖകളിൽ തന്നെ സഞ്ചരിക്കുന്ന യാഥാൎത്ഥ്യമാണെന്നും അദ്ദേഹം സ്ഥാപിച്ചു. രശ്മികൾ ദൃഷ്ടിക്ക് ഗോചരമല്ലാതിരുന്നതിനാൽ അവയെ "X-rays" എന്ന് റോൺട്ജൻ നാമകരണം ചെയ്യുകയും ചെയ്തു.

ഈ കണ്ടുപിടിത്തത്തിൽ അന്തർലീനമായിരുന്ന തത്വങ്ങളെപ്പററി 1895-ൻെറ കാലഘട്ടത്തിൽ സജീവമായ ചർച്ചകൾ യൂറോപ്പിലും അമേരിക്കയിലും നടന്നു. അതിൻെറ സത്തയെപ്പററി നിരവധി വ്യാഖ്യാനങ്ങളും പുറത്തു വന്നു. പ്രായോഗിക ജീവിതത്തിൽ ഈ കണ്ടുപിടിത്തത്തിനു് വളരെ പ്രയോജനം നിർവ്വഹിക്കുവാൻ സാധിക്കുമെന്നു് കരുതി നിരവധി പരീക്ഷണങ്ങൾ പലരും നടത്തിത്തുടങ്ങി. ഇതിനിടെ, സാധാരണഗതിയിൽ കാഴ്ചയ്ക്കു് ലഭിക്കാത്ത സാധനങ്ങളുടേയും, അവയുടെ ഉള്ളടക്കങ്ങളേയും എക്സ്റേയുടെ സഹായത്താൽ സ്ക്രീനിലും മററും പ്രതിഫലിപ്പിക്കുവാനുള്ളവിദ്യ റോൻറ്ജൻ തന്നെ കണ്ടുപിടിച്ചു.

ശാസ്ത്രലോകാന്തരീക്ഷത്തിൽ ഭയങ്കരമായ കൊടുങ്കാററു സൃഷ്ടിച്ച ഈ നവീനാശയത്തിലാണു് ഗ്രീൻ തൻെറ ദുഃഖപൂർണ്ണമായ ദിവസങ്ങളിൽ ആശ്വാസം കണ്ടെത്തിയതു്. അദ്ദേഹം ഈ ശാഖയെപ്പററിയുള്ള എല്ലാ പ്രസിദ്ധീകരണങ്ങളും ശേഖരിച്ചു് പഠിച്ചു. റോൻറ്ജൻ നിർമ്മിച്ചിരുന്ന ഉപകരണസംവിധാനങ്ങളുടെ വിശദാംശങ്ങൾ അദ്ദേഹം ഹൃദിസ്ഥമാക്കി. ഭാര്യയുടെ മരണത്താലുണ്ടായ ദുഃഖം അദ്ദേഹം പൂർണ്ണമായും മറന്നു. തൻെറ ഭാവനയ്ക്കു് വിഭവസമൃദ്ധമായ ഭോജനമേളയുടെ അനുഭവസുഖം അദ്ദേഹത്തിനുണ്ടായി. സർ ജോർജ്ജിൻെറ അച്ചടിശാലയിൽ നിന്നും അദ്ദേഹം പൂർണ്ണമായും വിരമിച്ചു. അദ്ദേഹത്തിൻെറ കീഴിൽ

പരിശീലനം ലഭിച്ച മറെറാരാളെ തൻെറ സ്ഥാനത്ത്
അച്ചടിശാലയുടെ ചുമതലയിൽ നിയമിച്ചു. എക്സ്റേ
യെ സംബന്ധിക്കുന്ന ഒരു നൂതന യന്ത്രസംവിധാനം
നിർമ്മിക്കുവാൻ ഏകാഗ്രമായ ശ്രദ്ധയോടുകൂടിയ ശ്രമ
ത്തിൽ അദ്ദേഹം മുഴുകുകയും ചെയ്തു.

ഏതാനും നാളത്തെ എണ്ണമററ പരീക്ഷണങ്ങളു
ടെ ഫലമായി, അദ്ദേഹം ഒരു യന്ത്രം നിർമ്മിച്ചെടുത്തു.
അതിൽ, ഒരു ബട്ടൺ അമത്തുന്നതു കൊണ്ടുതന്നെ,
എക്സ്റേകൾ പുറപ്പെടുകയും, അവയുടെ സഹായത്താ
ൽ ഒരു കണ്ണാടിത്തകിടിൽ ശരായ പതിയുകയും ചെയ്യു
ന്ന രീതിയിൽ ഉള്ള സജ്ജീകരണങ്ങൾ കൂട്ടിയിണക്ക
പ്പെട്ടിരുന്നു. എക്സ്റേയെ സംബന്ധിക്കുന്ന നിരവധി
പ്രായോഗിക വിജ്ഞാനശകലങ്ങൾ ഉൾക്കൊള്ളിച്ചു
കൊണ്ടുള്ള ക്രമീകരണങ്ങൾ ആ യന്ത്രത്തിൽ സംഘടി
പ്പിക്കപ്പെട്ടിരുന്നു. ഏററവും നവീനവും, പൂർണ്ണമായ
തോതിൽ സ്വതന്ത്രവുമായിരുന്ന പ്രസ്തുത മാതൃകയ്ക്കു്
അദ്ദേഹം ഉടൻതന്നെ രജിസ്ട്രേഷനു് അപേക്ഷിക്കു
യും, 1896-ൽ അതിനു് രജിസ്ട്രേഷൻ നല്കപ്പെടു
കയും ചെയ്തു.

സാധാരണ ഗതിയിൽ ഗോചരമല്ലാത്ത വസ്തുക്ക
ളെ എക്സ്റേകളുടെ സഹായത്താൽ കാണാൻ സാധി
ക്കുമെന്ന ആശയത്തിനു് അത്യന്തം പ്രായോഗികവും
പ്രയോജനകരവുമായ ഒരുപയോഗം, മനുഷ്യശരീ

രത്തിൻെറ ഉള്ളിൽ സ്ഥിതിചെയ്യുന്ന അവയവങ്ങളെ കാണുക എന്ന ആശയഗതിയിൽ ഉൾക്കൊള്ളുന്നവെന്ന് ഗ്രീൻ മനസ്സിലാക്കി. അതനുസരിച്ചു മനുഷ്യശരീരത്തെ എക്സ്റേ പരിശോധനകൾ വിധേയമാക്കാൻ വേണ്ടിയുംകൂടി ഉപകരിക്കുന്ന വിധത്തിലായിരുന്നു, ഗ്രീനിൻെറ പുതിയ എക്സ്റേ യന്ത്രം നിർമ്മിക്കപ്പെട്ടിരുന്നത്. എന്നാൽ ഈ ഉപകരണത്തിൻെറ സഹായത്താൽ ശരീരാവയവങ്ങളുടെ എക്സ്റേ ഫോട്ടോകൾ എടുക്കുന്ന പരിപാടിക്ക് ജനങ്ങളുടെയിടയിൽ സ്വീകരണം കിട്ടിയില്ല. ഈ രശ്മികൾ ശരീരത്തിൽ കൂടി കടക്കുന്നതു് ശരീരത്തിനു്, വിശേഷിച്ചു് അസ്ഥികൾക്ക്, അത്യന്തം ഹാനികരമാണെന്നായിരുന്നു ജനസാമാന്യത്തിൻെറ ധാരണ. റോൻറ്ജൻ എക്സ്റേ കണ്ടുപിടിച്ച കാലത്തുതന്നെയുണ്ടായിരുന്ന ഈ തെററിദ്ധാരണയെ നീക്കം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രചരണങ്ങൾ ആരും നടത്തിയിരുന്നില്ല. എക്സ്റേയ്ക്കു് പ്രായോഗികമായ ഉപയോഗം ഉണ്ടാകത്തക്കവിധം ആരും അതിനെ മുമ്പോട്ടു കൊണ്ടുവന്നതുമില്ല.

## 34. എക്സ്റേയ്ക്കു് അംഗീകാരം.

ജനസാമാന്യത്തിൽ കടന്നുകൂടിയിരുന്ന തെററിദ്ധാരണയുടെ ഉത്തരവാദികൾ മുഖ്യമായും ചില ഡാക്ടർമാരായിരുന്നു. അവക്കു് അറിയാമായിരുന്ന വിദ്യകളെക്കാൾ മെച്ചപ്പെട്ട ഉപാധികളിൽകൂടി രോഗപരി

ശോധന നടത്തുന്നതിന്നെതിരായി അവർ പ്രചാരണ വേല ചെയ്തിരുന്നു. എന്നാലും ഗ്രീനിൽ എക്സ്റേയുടെ ഭാവിയെപ്പററിയുള്ള പ്രതീക്ഷ വളരെ വലുതായി അവശേഷിച്ചു. അദ്ദേഹം പലരോടും അതേപ്പററി സംസാരിച്ചുമിരുന്നു.

"ബെത്തൽ ക്രോയിഡോൺ" (Mr. Bethel Croydon) എന്നുപേരുള്ള ഒരു വ്യവസായി ഈ നവീന കണ്ടുപിടിത്തത്തിൽ ആകൃഷ്ടനായി. പൗരസ്ത്യദേശങ്ങളിലുള്ള സാധനങ്ങൾ വലിയ തോതിൽ ഇംഗ്ലണ്ടിൽ ഇറക്കുമതിചെയ്ത് വ്യാപാരം നടത്തി ധാരാളം പണം സമ്പാദിച്ചുകൊണ്ടിരുന്ന ക്രോയിഡോൺ അതിശയകരമായോ, നൂതനമായോ, ശ്രദ്ധയിൽപെടുന്ന വസ്തുകളിൽ വലിയ താല്പര്യം പ്രദർശിപ്പിക്കുകയും അവയുടെ പ്രോത്സാഹനത്തിനു വേണ്ടി വളരെ പണം ചെലവു ചെയ്യുകയും ചെയ്യുന്ന സ്വഭാവക്കാരനായിരുന്നു. അദ്ദേഹം വളരെ പണം ചെലവാക്കി എക്സ്റേയുടെ ഒരു പരസ്യപ്രദർശനം ജനങ്ങളുടെ മുമ്പിൽ നടത്തുവാൻ സൗകര്യംഉണ്ടാക്കുകയും പ്രദർശനത്തിനുള്ള ഉപകരണങ്ങളുമായിവന്നുചേരുവാൻ ഗ്രീനിനെ ക്ഷണിക്കുകയും ചെയ്തു. ഓക്സ്ഫോർഡിലെ സംഗീത മന്ദിരത്തിലെ വലിയ ഹാൾ ഇതിലേയ്ക്കു വേണ്ടി ക്രോയിഡോൺ സമ്പാദിച്ചെടുത്തു. അവിടെ എക്സ്റേയുടെ മാററിനി പ്രദർശനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. മരംകൊണ്ടുള്ള ഒരു പെട്ടിയിൽ ആഭരണങ്ങൾ നിക്ഷേപിക്കുകയും എക്സ്റേയുടെ

പ്രവൎത്തനം മൂലം ആഭരണങ്ങളുടെ ഛായ സ്ക്രീനിൽ പതിപ്പിക്കുകയും ചെയ്തു.

എക്സ്റേ ശരീരത്തിനുള്ളിൽക്കൂടി കടന്നാൽ യാതൊരുവിധ ദൂഷ്യവും സംഭവിക്കുന്നതല്ലെന്ന് ശാസ്ത്രജ്ഞന്മാരുടെ സാക്ഷിപത്രങ്ങളോടെ നല്ല പ്രചരണവും അവിടെ നടത്തപ്പെട്ടു. ശരീരത്തിനുള്ളിലെ അസ്ഥികളുടെ രൂപം എക്സ്റേയിൽക്കൂടി കാണാമെന്നു ഗ്രഹിച്ച പൊതുജനങ്ങൾ, ആ കാഴ്ച കാണുന്നതിന് ധാരാളമായി അവിടെ വരികയും തങ്ങളുടെ കയ്യിലേയുംപാദങ്ങളിലേയും അസ്ഥികളെ കൗതുകത്തോടെ കാണുകയും ചെയ്തുതുടങ്ങി. അക്കൂട്ടത്തിൽ ഏതാനും കൊല്ലങ്ങൾക്കു മുൻപ് യുദ്ധസേവനത്തിൽ നിന്നും വിരമിച്ച ഒരു അഡ്മിറൽ എക്സ്റേ പ്രദൎശനം കാണുന്നതിന് വന്നിരുന്നു. അദ്ദേഹത്തിൻെറ കൈക്കുഴയിൽ ഏതാനും വൎഷങ്ങൾക്കു മുൻപ് ഒരു വെടിയുണ്ടയേററു ക്ഷതം പററിയിരുന്നു. വെടിയുണ്ടയുടെ ഭാഗം അന്ന് എടുത്തുമാററപ്പെട്ടു കഴിഞ്ഞിരുന്നു. എങ്കിലും മുറിവേററഭാഗത്ത് ഇപ്പോഴും വേദനയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ കൈക്കുഴ എക്സ്റേ പരിശോധനയ്ക്കു വിധേയമാക്കപ്പെട്ടു. സൂചിപോലെ അല്പം നീണ്ടതും വളരെ നേൎമ്മയുള്ളതുമായ ഒരു ചെറിയ ഇരുമ്പുകഷണം വേദനയുള്ള ഭാഗത്ത് ശരീരത്തിനുള്ളിൽ ഇരിക്കുന്നതായി കണ്ടുപിടിക്കപ്പെട്ടു. ഉടൻതന്നെ വിദഗ്ദ്ധനായ ഒരു ഡാക്ടർ ആപ്പറേഷൻ നടത്തി അതിനെ

എടുക്കുകയും, അഡ്മിറലിൻെറ വേദന അതോടെ തീരുകയും ചെയ്തു.

ഈ സംഭവം വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. പ്രദർശനം പൂർത്തിയാക്കി വീട്ടിലേയ്ക്കു മടങ്ങിയ ഗ്രീനിനു് പ്രസിദ്ധനായ ഒരു ഡോക്ടറിൽനിന്നും ഒരു ക്ഷണം ലഭിച്ചു. അഡ്മിറലിൻെറ കയ്യിലെ ഇരുമ്പു സൂചി കണ്ടുപിടിക്കപ്പെട്ട കാര്യം ഈ ഡോക്ടർ അറിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ ചികിത്സയിലിരുന്ന ഒരു പെൺകുട്ടിക്കു് ഒരു കാൽവിരലിൽ ഒരു സൂചി മുറിയുടെ അഗ്രം കടന്നുപോയിരുന്നു. സൂചികൊണ്ടു മുറിഞ്ഞ സ്ഥാനത്തുനിന്നും അതു നീങ്ങി തൊലിയുടെ അടിയിൽ ഏതോ രക്തക്കുഴലിൽ പ്രവേശിച്ചു് അങ്ങോട്ടുമിങ്ങോട്ടും മാറിമാറിക്കൊണ്ടിരുന്നു. പാദം മുഴുവനും നീരുകൊണ്ടു് വീർത്ത നിലയിലായി; ആകമാനം സഹിക്കാനാവാത്ത വേദനയും ഏതു സ്ഥാനത്താണു് സൂചിമുറി സ്ഥിതിചെയ്യുന്നതെന്നു് ശരിയായി കണ്ടുപിടിക്കാൻ സാധിക്കാതെ ഡാക്ടർ കുഴങ്ങുകയായിരുന്നു. ഒടുവിൽ ഗ്രീനിൻെറ എക്സ്റേ ഉപകരണത്തിൻെറ സഹായം തേടാമെന്നു് തീരുമാനിച്ചു് ഗ്രീനിനു് എഴുതുകയാണുണ്ടായതു്. എക്സ്റേയ്ക്കെതിരായി പ്രചാരവേലപോലും നടത്തിയിരുന്ന ഈ ഡാക്ടർ ഈ വിധം ഒരു ക്ഷണം അയച്ചതു് ഗ്രീനിനു് വളരെ സന്തോഷകരമായി. അദ്ദേഹം തൻെറ ഉപകരണങ്ങളുമായി ഡാക്ടരുടെ ചികിത്സാലയത്തിലെത്തി.

പരിശോധനയിൽ രോഗിയുടെ കാലിൽ സൂചി ഇരുന്ന ഭാഗം വ്യക്തമായി തെളിയിക്കപ്പെട്ടു. നിമിഷനേരത്തിനുള്ളിൽ ചെറിയൊരു ഓപ്പറേഷൻമൂലം സൂചി മാററപ്പെടുകയും രോഗിക്കു് പൂർണ്ണമായ സുഖം ലഭിക്കുകയും ചെയ്തു. ഈ രണ്ടു സംഭവങ്ങളും ബ്രിട്ടനിൽ വല്ലാത്ത കോളിളക്കം തന്നെയുണ്ടാക്കി. വൈദ്യമാസികകൾ ഈ വാർത്തയ്ക്കു് വളരെ വലിയ പ്രസിദ്ധീകരണം കൊടുത്തു. അതുമുതൽ രോഗപരിശോധനയ്ക്കു് എക്സ്റേ വളരെ പ്രചാരത്തിൽ വന്നുതുടങ്ങുകയും ചെയ്തു.

എക്സ്റേയുടെ ഉപയോഗം പലരും തേടിത്തുടങ്ങിയതോടുകൂടി, ഗ്രീനിനു് പ്രാരംഭ ഘട്ടത്തിൽ ധാരാളം പണം കിട്ടിക്കൊണ്ടിരുന്നു. ഈ അവസരത്തിൽ എക്സ്റേയുടെ ഉപയോഗം പലരും സ്വീകരിക്കുകയും നല്ലൊരു വരുമാനത്തിനുള്ള മാർഗ്ഗമായി പലരും അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്തു. പില്ക്കാലങ്ങളിൽ എക്സ്റേയിൽ തന്നെ പുരോഗമനപരമായ നിരവധി പരിഷ്കാരങ്ങൾ പല വിദഗ്ദ്ധന്മാരും നടപ്പിൽ വരുത്തി. അതുവഴിക്കുള്ള ശ്രമങ്ങൾ ഗ്രീൻ പിൻതുടർന്നില്ല. എക്സ്റേയുടെ ഉപയോഗംകൊണ്ടു് പ്രാരംഭഘട്ടത്തിൽ ഗ്രീൻ കുറെ പണം സമ്പാദിച്ചതോടുകൂടി അതുകളെ വിനിയോഗിച്ചു് പുതിയൊരു ശാസ്ത്രശാഖയിൽ അദ്ദേഹം ചാടിവീണു്, ആ വഴിക്കു് പരീക്ഷണങ്ങൾ നടത്തിത്തുടങ്ങി. എക്സ്റേ കൊണ്ടു് ധാരാളം സമ്പാദ്യമുണ്ടാക്കുന്നതിനുള്ള ഭാഗ്യവും മററു

ളളവക്കാണ് സിദ്ധിച്ചതു്. ഗ്രീനിൻെറ ജീവിതത്തിൽ ഉടനീളം ഈ വിധമുള്ള സംഭവഗതിയാണ് നാം വീക്ഷിക്കുന്നതു്.

35. മഷി കൂടാതെയുള്ള അച്ചടി.

എക്സ്റേയിൽ നിന്നും ഗ്രീൻ സമ്പാദിച്ച പണവും സ്വയം സമ്പന്നനാകുന്നതിനു വേണ്ടി അദ്ദേഹം വിനിയോഗിച്ചില്ല. ശാസ്ത്രലോകം ഭാവിയിൽ വളരെയേറെ പ്രയോജനപ്പെടുത്തിയ ഒരു നൂതനാശയത്തെ സഫലീകരിക്കുവാൻ അദ്ദേഹം ആ തുക മുഴുവനും ചിലവഴിച്ചു തീർത്തു. മഷി കൂടാതെയുള്ള അച്ചടിയായിരുന്നു അടുത്ത ഗവേഷണ വിഷയം. ഒരു പ്രത്യേക വിധത്തിൽ സജ്ജമാക്കിയ കടലാസ്സിൽ മഷി കൂടാതെ വിദ്യുച്ഛക്തികൊണ്ടു് രേഖകൾ ജനിപ്പിക്കുക എന്നുള്ളതായിരുന്നു ഗ്രീനിൻെറ നൂതന പരീക്ഷണങ്ങളുടെ ലക്ഷ്യം. അതിൽ അദ്ദേഹം ഏറെക്കുറെ വിജയിക്കുകയും ചെയ്തു. പരീക്ഷണങ്ങൾ വിജയത്തിലെത്തിയപ്പോൾ അദ്ദേഹത്തിനു് നല്ലൊരു തുക കടബാദ്ധ്യതയായി ശേഷിച്ചു.

36. "എഡിത് ഹാരിസൺ"

ഗ്രീനിൻെറ ശിഷ്യന്മാർക്കു്, അദ്ദേഹത്തിൻെറ ജീവിതത്തിലെ സകല രഹസ്യങ്ങളും വിശദാംശങ്ങളും അറിയാമെന്നായിരുന്നു എല്ലാവരുടേയും ധാരണ. ഈ ധാരണ തെററാണെന്നു് തെളിയിച്ച ഒരു സംഭവം

ഉണ്ടായി. അദ്ദേഹത്തിൻെറ സ്വകാര്യ ഉപയോഗ ത്തിലിരുന്ന മേശയുടെ ഒരു അറ യാദൃശ്ചികമായി ശിഷ്യന്മാരിലൊരാൾ തുറന്നുനോക്കാനിടയായി. നവും പുത്തനായ പതിനെട്ടു ജോടി റബ്ബർ കയ്യുറകൾ അതിൻെറ ഒററത്തു് അടുക്കി വച്ചിരിക്കുന്നതു് അയാൾ കണ്ടു. അതിനെപ്പററി യാതൊരു വിശദീ കരണവും ആരും കണ്ടുപിടിക്കുവാൻ സാധിച്ചില്ല. അത്യന്തം രഹസ്യമായി സൂക്ഷിക്കപ്പെടുന്ന ഏതോ സംഭവങ്ങൾ അതിൻെറ പിന്നിലുണ്ടെന്നു മാത്രം ശിഷ്യന്മാർ തീർച്ചപ്പെടുത്തി. ഗൗരവതരവും, ഹീനവു മായ ഏതോ കുററകൃത്യങ്ങളിൽ തങ്ങളുടെ ഗുരുനാഥൻ ഉൾപ്പെട്ടുവരുന്നുണ്ടായിരിക്കാമെന്നു് അവർ സംശ യിച്ചു. എന്നാൽ ഗുരുവിനോടു് അതിൻെറ രഹസ്യം എന്താണെന്നു ചോദിച്ചു മനസ്സിലാക്കാൻ ആരും ധൈര്യപ്പെട്ടില്ല.

ഒരു ദിവസം, അപ്രതീക്ഷിതമായി, നാണംകു ണുങ്ങുന്ന ഒരു യുവതിയെ കൈയ്ക്കുപിടിച്ചുകൊണ്ടു് ഗ്രീൻ, അദ്ദേഹത്തിൻെറ ലാബറട്ടറിയിൽ വന്നു കയറി, അവരെ അവിടെയുള്ളവക്കു് പരിചയപ്പെടു ത്തിക്കൊടുത്തു. "ഇന്നു് ഞങ്ങളുടെ വിവാഹം നടന്നി രിക്കുന്നു; ഇതു് എഡിതു് ഹാരിസനാണു്" എന്ന ദ്ദേഹം പറഞ്ഞതു കേട്ടു് എല്ലാവരും ആശ്ചര്യപ്പെട്ടു പോയി.

ഗ്രീനിനെ അടുത്തറിയാമായിരുന്നവരിൽ നിന്നു പോലും ഗ്രീൻ മറച്ചുവച്ചിരുന്ന ഒരു രഹസ്യ

മായിരുന്നു എഡിത് ഹാരിസനുമായി ഉണ്ടായ പ്രണയം. എഡിത് ഒരു വലിയ വ്യാപാരശാലയിൽ, കയ്യുറകൾ വില്ക്കുന്ന കൗണ്ടറിലെ വില്പനക്കാരിയായിരുന്നു. യാദൃശ്ചികമായി അവരെ കണ്ടുമുട്ടിയതു മുതൽ ഗ്രീനിനു് അവരിൽ ഒരഭിനിവേശം ഉണ്ടായിത്തുടങ്ങി. ഇക്കാര്യം അവരോടു പറയുന്നതിനു് ചില തടസ്സങ്ങൾ അദ്ദേഹത്തിനു തന്നെ തോന്നി. എഡിത്തിനു് അദ്ദേഹത്തെക്കാളും ഇരുപതു വയസ്സിനു് പ്രായം കുറവായിരുന്നു. അദ്ദേഹത്തേക്കാളും പൊക്കവും ഉണ്ടായിരുന്നു. അവരെ കണ്ടുമുട്ടുന്നതിനും, അവരോടു് എന്തെങ്കിലും സംസാരിക്കാനുള്ള അവസരം ഉണ്ടാക്കുന്നതിനും വേണ്ടി, അദ്ദേഹം അവരുടെ പക്കൽനിന്നും കൂടെക്കൂടെ കയ്യുറ വാങ്ങുക പതിവായി സ്വീകരിച്ചുതുടങ്ങി. എഡിത്തും ക്രമേണ അദ്ദേഹത്തിൽ താല്പര്യം പ്രകടിപ്പിച്ചു.

ഏകദേശം ആറുമാസക്കാലം കൊണ്ടാണു് 18 സെററു് കയ്യുറകൾ വാങ്ങിയതു്. അപ്പോഴേയ്ക്കും തൻെറ ആഗ്രഹം എഡിത്തിനോടു് തുറന്നു പ്രകടിപ്പിക്കുവാനുള്ള ധൈര്യം ഗ്രീനിനുണ്ടായി. അദ്ദേഹം അവരോടു് വിവാഹാലോചന നടത്തുകയും, എഡിത്തു് അതിനു് സന്തോഷപൂർവ്വം സമ്മതിക്കുകയുമാണുണ്ടായതു്. അവർ തമ്മിലുള്ള വിവാഹം നടക്കുന്നതിനു് രണ്ടാഴ്ചകൾക്കു മുമ്പു്, ഗ്രീനിൻെറ മൂത്ത പുത്രിയായ എത്തലിൻെറ വിവാഹം നടന്നി

രുന്നു. ഗ്രീനിന്റെ ശിഷ്യന്മാരിൽ ഒരാൾ തന്നെയായിരുന്നു എത്തലിനെ വിവാഹം ചെയ്തതു്. ഒരേ ഭവനത്തിൽ താമസമായ എത്തലും, എഡിത്തും ഉററ സ്നേഹിതകളായിത്തീരുകയും ചെയ്തു.

## 37. വിവാഹത്തിനു ശേഷം.

മഷി കൂടാതെയുള്ള അച്ചടിസമ്പ്രദായത്തിന്റെ കണ്ടുപിടിത്തം ഗ്രീൻ പൂർത്തിയാക്കിയപ്പോഴാണു് അദ്ദേഹത്തിന്റെ രണ്ടാം വിവാഹം നടന്നതു്. കുഡുംബം പുലർത്തിപ്പോകുന്ന പ്രശ്നം അദ്ദേഹത്തെ വല്ലാതെ അലട്ടി. എന്നാൽ, വിദ്യുച്ഛക്തികൊണ്ടുള്ള അച്ചടിയേർപ്പാടു് ഇതിനിടെ പ്രായോഗികമായി വളരെ വികസിക്കുവാൻ സംഗതിയായി. അച്ചടിശാലകളുടെ ഉപയോഗത്തിനു് മഷി നിർമ്മിച്ചു് വലിയ തോതിൽ വ്യാപാരം നടത്തിവന്നിരുന്ന ചില സ്ഥാപനങ്ങളെ സാരമായി ഉലയ്ക്കത്തക്ക തോതിൽ പോലും ഈ വ്യവസായം വളർന്നുവന്നു. അന്തർദ്ദേശീയ പ്രാധാന്യമുള്ള മൂലധനം മുടക്കോടുകൂടി ഈ വ്യവസായത്തിനു് വലിയൊരു കമ്പനി ലണ്ടനിൽ സ്ഥാപിതമായി. ഇതിന്റെ സാങ്കേതിക വശങ്ങളെപ്പററി ഉപദേശം നൽകുന്നതിനും, കമ്പനിയുടെ പ്രവർത്തനം ശരിപ്പെടുത്തുന്നതിനും വേണ്ടി ഗ്രീനിനു് അനേകായിരം പവൻ പ്രതിഫലം ലഭിച്ചു. കമ്പനിയിലെ ഒരു ഡയറക്ടരായി അദ്ദേഹം നിയമിക്കപ്പെട്ടു. ഭാരിച്ച ഒരു തുകയ്ക്കു്

കമ്പനിയിൽ അദ്ദേഹത്തിനു് ഓഹരികളും നീക്കിവ യ്ക്കപ്പെട്ടു. ഗ്രീൻ പെട്ടെന്നു് സമ്പന്നനായി. സുഖലോലു പമായ ഒരു ജീവിതം നയിക്കുവാൻ അദ്ദേഹം തുടങ്ങി. തൻെറ ചെറുപ്പക്കാരിയായ ഭാര്യയുമായി വിനോദ യാത്രകൾ ചെയ്തും, വിരുന്നു സല്ക്കാരങ്ങൾ നടത്തിയും അദ്ദേഹം ധാരാളം പണം ചെലവാക്കി. എസക്സിൽ "ഡോവർ കോർട്ടു്" എന്ന സ്ഥലത്തു് അദ്ദേഹം ഒരു ഭവനം വാങ്ങുകയും, അവിടെ അത്യന്തം സുഖകരമായ ജീവിത സൗകര്യങ്ങൾ കൂട്ടിയിണക്കു കയും ചെയ്തു.

ഈ ജീവിത സുഖങ്ങൾ കഷ്ടിച്ചു് ഒരു കൊല്ലം നീണ്ടുനിന്നതേയുള്ളു. സ്വാഭാവികമായ നിറവിശേ ഷങ്ങൾ ഫിലിമിലൂടെ സ്ക്രീനിൽ പ്രകടിപ്പിക്കുന്ന തിനുള്ള സാദ്ധ്യതകൾ ആരാഞ്ഞുകൊണ്ടുള്ള പരീക്ഷ ണങ്ങളിൽ വ്യാപൃതനാവുകയും, അതിനുവേണ്ടി അദ്ദേഹം തൻെറ സകല സമ്പത്തിനേയും ചുരുങ്ങിയ കാലംകൊണ്ടു് വിനിയോഗിച്ചു് അവസാനിപ്പിക്കു കയും ചെയ്തു. 1899-ാമാണ്ടായപ്പോഴേയ്ക്കും, പണം കടം വാങ്ങുന്നതിനു വേണ്ടി പലരോടും യാചിക്കുന്ന പരിതസ്ഥിതിയിലെത്തിച്ചേൎന്ന വിധത്തിലാണു് നാം അദ്ദേഹത്തെ കാണുന്നതു്.

## 37. സിനിമയുടെ വികസനം.

ഗ്രീൻ 1889-ൽ പൂൎത്തിയാക്കിയ ചലച്ചിത്ര ഗവേഷണത്തിൻെറ മാറെറാലികൾ, ഗ്രീനിൻെറ

പരീക്ഷണശാലയുടെ അതിർത്തികളെ ഭേദിച്ചുകൊണ്ടു് ഇംഗ്ളണ്ടിനു പുറത്തുള്ള ശാസ്ത്രീയ സങ്കേതങ്ങളിൽ കോളിളക്കമുണ്ടാക്കുകയും, അദ്ദേഹം വ്യാപാരിക്കു് 500 പവൻ വിലയുള്ള വിററ പേററൻറു്, വ്യാപാരിയുടെ അലമാരയിൽ വെളിച്ചം കാണാതെ വിശ്രമിക്കുമ്പോൾതന്നെ, പുറംരാജ്യങ്ങളിൽ അനുകരിക്കപ്പെടുകയുംചെയ്തു വന്നിരുന്നു. സിനിമയുടെ ആദ്യകാല ചരിത്രത്തിലേക്കു് രസകരമായ ഒരെത്തിനോട്ടമെന്ന നിലയ്ക്കു് അങ്ങനെയുള്ള സംഭവങ്ങളുടെ ഒരു ലഘുചിത്രം ഇവിടെ പകർത്താമെന്നാണു കരുതുന്നതു്. അമേരിക്ക, ഫ്രാൻസ് എന്ന രണ്ടു രാജ്യങ്ങളിൽ കൂടിയാണു് നമുക്കു് മുഖ്യമായും കടന്നുപോരേണ്ടി വരുന്നതു്.

38. കൈനട്ടോ സ്കോപ്പ്.

ചലച്ചിത്രങ്ങളെപ്പററി തനിക്കു ലഭിച്ച അറിവുകളെപ്പററി ഗ്രീൻ അമേരിക്കൻ ശാസ്ത്രജ്ഞനായ എഡിസനു് എഴുതിയിരുന്ന വിവരം നാം മുകളിൽ കണ്ടല്ലൊ. ആ വിവരങ്ങളെ എഡിസൺ എത്രകണ്ടു പ്രയോജനപ്പെടുത്തി എന്നുള്ളതിനെപ്പററി യാതൊരറിവും നമുക്കില്ല. അവയെ ശരിയായി പരിശോധിക്കാനിടവരുന്നതിനു മുമ്പുതന്നെ അവ എഡിസൻെറ ലാബറട്ടറിയുടെ ബഹളത്തിൽപെട്ടു് നഷ്ടപ്പെട്ടുപോയതായിട്ടാണു് ഊഹിക്കേണ്ടിയിരിക്കുന്നതു്. സ്വതന്ത്രമായ പരീക്ഷണങ്ങളിലൂടെ, ചലനചിത്രത്തിൻെറ ഒരു പ്രയോഗം അദ്ദേഹം സംവിധാനം ചെയ്തു്

"കൈനട്ടോസ്കോപ്പ്" എന്ന ഒരു യന്ത്രസാമഗ്രിയില്കൂടെപ്രയോഗിച്ചു. കേവലം അൻപതടിനീളം മാത്രമുള്ള ഫിലിമിലായിരുന്നു, "കൈനട്ടോസ്കോപ്പി"നാവശ്യമായ ചിത്രം നിർമ്മിച്ചിരുന്നതു്. ഫിലിം നിർമ്മിക്കുന്നതിനുപയോഗിച്ച മേശയുടെ നീളത്തെ ആസ്പദമാക്കിയാണു് ഫിലിമിൻെറ നീളം അൻപതടിയാക്കിയതെന്നാണു് പറയപ്പെടുന്നതു്. എഡിസൺ ഉപയോഗിച്ചിരുന്ന ഫിലിം, ഇന്നത്തെ സിനിമാ ലോകത്തിൽ ഉപയോഗത്തിലിരിക്കുന്ന ഫിലിമിനോളം മാത്രം വീതിയുള്ളതുമായിരുന്നു. ഫിലിമിൻെറ രണ്ടു വശത്തുമുള്ള ചെറു സുഷിരങ്ങളിൽ കോക്കുന്ന പല്ലുകളുടെ സഹായത്താലാണു്, ഫിലിം റോൾ പിരിഞ്ഞു വന്നുകൊണ്ടിരുന്നതു്. ഏകദേശം ഒരു ടൺ തൂക്കം വരുന്നതായിരുന്നു പ്രദർശനയന്ത്രം. അതിനകത്താണു്, കാണികൾക്കു കാണാവുന്ന രീതിയിൽ ഛായ പതിയുന്ന സ്ക്രീനുൾപ്പെടെയുള്ള സകല സംവിധാനങ്ങളും ക്രോഡീകരിക്കപ്പെട്ടിരുന്നതു്. ഒരു പ്രത്യേക സുഷിരത്തിൽക്കൂടി യന്ത്രത്തിൻെറ ഉള്ളിലേയ്ക്കു് നോക്കുന്ന ഒരാളിനു മാത്രമേ ചലച്ചിത്രത്തെ കാണാൻ സാധിച്ചിരുന്നുള്ളു. ഒരു സെക്കൻെറിൽ നാല്പത്തെട്ടു ചിത്രങ്ങൾ വീതം പ്രദർശിപ്പിച്ചാണു് ചലന ചിത്രത്തിൻെറ സംവിധാനം എഡിസൺ നിർമ്മിച്ചിരുന്നതു്. അൻപതടി മാത്രം നീളമുണ്ടായിരുന്ന കൈനട്ടോസ്കോപ്പിലെ ഫിലിം, കേവലം പതിമൂന്നു സെക്കൻെറു മാത്രം നീണ്ടുനില്ക്കുന്ന പ്രദർശനത്തിനേ വക നൽകിയിരുന്നുള്ളു.

1893-ൽ അദ്ദേഹം കൈനട്ടോസ്കോപ്പിനെ അമേരിക്കയിൽ രജിസ്റ്റർ ചെയ്തു് പേറ്റൻറു് സമ്പാദിച്ചു. ഇതിൽ കവിഞ്ഞു്, കൈനട്ടോസ്കോപ്പിനെ പ്രചാരത്തിൽ കൊണ്ടു വരുന്നതിനു് അദ്ദേഹം യാതൊന്നും ചെയ്തില്ല. കൈനട്ടോസ്കോപ്പ് അദ്ദേഹത്തിൻെറ പരീക്ഷണശാലയിൽ സൈ്വരമായി വിശ്രമം കൊണ്ടതേയുള്ളൂ.

എഡിസൺ കണ്ടുപിടിച്ചിരുന്ന ഫോണോഗ്രാഫിൻെറ പ്രചാരണം അത്യന്തം വാശിയോടെ നടത്തുകയും, അതിനെ ഒരു വ്യവസായമായി ഉയർത്തി ധാരാളം സമ്പാദ്യമുണ്ടാക്കുകയും ചെയ്തിരുന്ന കൊണ്ട്രേലിയാക്കാരൻ "തോമസ്സ് ലംബാർഡു്" (Thomas-R. Lombard) എന്ന ഒരാൾ എഡിസൻെറ ഗവേഷണശാലയിൽ ഈ ഉപകരണം കണ്ടുമുട്ടി. പുറത്തു കൊണ്ടുവരാവുന്ന നല്ലൊരാശയം അയാൾ അതിൽ ദർശിച്ചു. ഇതു സംഭവിച്ചതു് 1894-ൽ മാത്രമായിരുന്നു. താമസിയാതെ ചിക്കാഗോയിൽ നടക്കുവാനിരുന്ന "കൊളംബിയാ" പ്രദർശനത്തിൽ കൈനട്ടോസ്കോപ്പ് പ്രദർശിപ്പിക്കാൻ അദ്ദേഹം അനുവാദം ആവശ്യപ്പെടുകയും, അതിനെപ്പററി വലിയ പ്രസിദ്ധീകരണം കൊടുക്കുകയും ചെയ്തു. എന്നാൽ, തക്കസമയത്തിനു് നല്ലൊരു യന്ത്രം തയാറായിക്കിട്ടാത്തതിനാൽ പ്രതീക്ഷിച്ചതുപോലെ കൊളംബിയാപ്രദർശനത്തിൽ കൈനട്ടോസ്ക്കോപ്പിൻെപ്രദർശനം നടന്നില്ല.

1894 ഏപ്രിൽ 14-ാംനു കൈനെറ്റോസ്കോപ്പ് പ്രദർശിപ്പിക്കുന്നതിനു വേണ്ടി, ന്യൂയോർക്കസിററിയിൽ ഒരു പ്രത്യേക പ്രദർശനം സംഘടിപ്പിച്ചു്, അവിടെ ആദ്യമായി അതു് പൊതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയും, വളരെ അധികം ധനം അതിലൂടെ സമ്പാദിക്കുകയും ചെയ്തു. ചുരുങ്ങിയ സമയംകൊണ്ടു് അവസാനിക്കുന്ന ചെറിയ സംഭവങ്ങളുടെ ചിത്രീകരണം മാത്രമേ അതിൽ കാണിച്ചിരുന്നുള്ളൂ. എങ്കിലും ചിത്രങ്ങൾ സ്വയം ചലിച്ചു് പ്രവർത്തി ചെയ്യുന്നതായി കാണിക്കുന്ന അത്ഭുത സംഭവത്തെ അടക്കാനാവാത്ത കൗതുകത്തോടെ അനേകലക്ഷം ജനങ്ങൾ വീക്ഷിച്ചു തൃപ്തരായി.

ഇപ്രകാരം ജനങ്ങൾ കണ്ടതു് ഏതാനും സെക്കൻറുകൾമാത്രം നീണ്ടുനില്ക്കുന്ന ലഘുചിത്രങ്ങളായിരുന്നു. കായികാഭ്യാസങ്ങൾ, ചെറിയ നൃത്തങ്ങൾ, കുട്ടികൾ "സ്കിപ്പ്" ചെയ്തു് കളിക്കുന്നതു്, കുരങ്ങുകളുടെ കളികൾ തുടങ്ങിയ ചെറിയ സംഭവങ്ങൾ മാത്രമായിരുന്നു ആ കാഴ്ചകളുടെ പ്രതിപാദ്യ വിഷയം. യന്ത്രത്തിൻെറ ഒരു വശത്തുള്ള ദ്വാരത്തിൽ കാഴ്ചയുടെ ററിക്കററിൻെറ വിലയുള്ള പ്രത്യേക നാണയം നിക്ഷേപിക്കുകയും, അതിനുശേഷം നോക്കാനുള്ള സുഷിരത്തിൽക്കൂടി നോക്കുകയും ചെയ്തുകൊണ്ടു്, ഒരു ഹാൻഡിൽ തട്ടുന്നതോടുകൂടി ഫിലിം പ്രവർത്തിക്കുകയും, യന്ത്രത്തിലുള്ള സ്ക്രീനിൽ ചലനചിത്രം കാണുകയും

ചെയ്യുമായിരുന്നു. വളരെ വ്യക്തമായ വിധത്തിൽ ചിത്രം കാണപ്പെട്ടിരുന്നു. പഴയ സ്ക്രീനിലെ ചിത്രങ്ങൾക്ക് മുക്കാലടി പൊക്കം മാത്രമേയുണ്ടായിരുന്നുള്ളൂ. ചിത്രങ്ങളുടെ ചലനത്തിനൊത്തു് ശബ്ദ വിശേഷം കേൾക്കത്തക്ക വിധത്തിൽ കൈനട്ടോസ്കോപ്പിനകത്തു് നല്ലൊരു ഫോണോഗ്രാഫ് ഘടിപ്പിച്ചും പ്രവർത്തിപ്പിച്ചിരുന്നു. നാണയങ്ങൾ വീഴുന്നപെട്ടി വളരെ വലുതായിരുന്നില്ല. ആ പെട്ടി പെട്ടെന്നു നിറയുകയും അതിനെ പ്രദർശകർ മാററുകയും ചെയ്തുകൊണ്ടിരുന്നു. ഈ പ്രദർശനം രാത്രിയും പകലും തുടർച്ചയായി ഏതാനും മാസങ്ങൾ നടക്കുകയുമുണ്ടായി. ശേഷിച്ച സംഭവവികാസങ്ങൾക്ക് എഡിസൻ ഉത്തരവാദിയായിരുന്നില്ലെങ്കിലും ഈ പ്രദർശനത്തോടുകൂടി വൻതോതിലുള്ള സിനിമാപ്രദർശനവ്യവസായത്തിനു് അടിത്തറ പാകപ്പെട്ടു.

അതൊരു വസന്തകാലാരംഭമായിരുന്നു. ആ വസന്തകാലത്തു്, എഡിസൻെറ ഉല്പാദനശാലയിൽ നിന്നും നിരവധി കൈനട്ടോസ്കോപ്പ് യന്ത്രങ്ങൾ കയററുമതി ചെയ്യപ്പെട്ടു. അമേരിക്കയുടെ പ്രധാനപ്പെട്ട എല്ലാ ഭാഗത്തുമുള്ള വിനോദ സ്ഥലങ്ങളിലും, വ്യാപാരകേന്ദ്രങ്ങളിലും, കൈനട്ടൊസ്കോപ്പ് പ്രദർശനം വ്യവസായപരമായ അടിസ്ഥാനത്തിൽതന്നെ സ്ഥാപിക്കപ്പെട്ടു. ഇംഗ്ലണ്ടിലും, യൂറോപ്പിലെ മററു രാജ്യങ്ങളിലും എത്തിച്ചേർന്ന കൈനട്ടൊസ്കോപ്പുകൾ, ആ രാജ്യ

ങ്ങളിൽ പ്രത്യേകമായ യന്ത്രനിമ്മാണത്തിനു വഴിതെളിച്ചു. എഡിസൻ രജിസ്റ്റർചെയ്തിരുന്ന 'പേററൻറ്' അമേരിക്കയ്ക്കു മാത്രം ബാധകമായിരുന്നതിനാൽ മററു രാജ്യങ്ങളിൽ കൈനട്ടോസ്കോപ്പ് നിമ്മിക്കുന്നതിനു യാതൊരു നിയമ തടസ്സവും ഉണ്ടായിരുന്നില്ല. ആദ്യത്തെ കൈനട്ടോസ്കോപ്പ് വിജയകരമായി നിമ്മിച്ചു സംയോജിപ്പിക്കുന്നതുവരെ, അതിനു എഡിസനു വേണ്ടിവന്ന മൊത്തം ചെലവു ഇരുപത്തിനാലായിരത്തിനൂററിപതിനെട്ടു (24,118) ഡോളറാണെന്നു ഒരു കണക്കു കാണുന്നു.

അദ്ദേഹത്തിൻെറ കൈനട്ടോസ്കോപ്പിനാവശ്യമായ ഫിലിമുകൾ നിമ്മിച്ചുവന്നിരുന്നതു 'West Orange' എന്ന ഒരു സ്ഥലത്തു സ്ഥാപിച്ചിരുന്ന ഒരു ചെറിയ സ്റ്റുഡിയോയിലായിരുന്നു.

ഭൂമിയിലെ ആദ്യത്തെ ഫിലിം സ്റ്റുഡിയൊ എന്നറിയപ്പെടുന്ന പ്രസ്തുത സ്ഥാപനത്തെ "ബ്ളാക്കു മേരിയ" (Block Maria) എന്നാണു ആളുകൾ വിളിച്ചുവന്നിരുന്നതു. കറക്കുമേശയുടെ തത്വമനുസരിച്ചു പ്രവത്തിക്കുന്ന ഒരു പ്ലാററ്ഫാറത്തിൽ കയററിവയ്ക്കപ്പെട്ട ഒരു ഷെഡ്ഡായിരുന്നു പ്രസ്തുത സ്റ്റുഡിയോ. അതു നല്ല കറുത്ത പെയിൻറുകൊണ്ടു നല്ലപോലെ പെയിൻറു ചെയ്യപ്പെട്ടിരുന്നതുകൊണ്ടാണു 'Black Maria' എന്നു അതിനു പേരു ലഭിച്ചതു. ഫോട്ടോകൾ പിടിച്ചിരുന്നതു സൂര്യപ്രകാശത്തിൻെറ സഹായത്തിലായിരുന്നു. സ്റ്റുഡിയോ കയററിയിരുന്ന പ്ലാററു

ഫാറത്തെ ചുററിച്ച് സൂര്യപ്രകാശത്തിനഭിമുഖമായി വരുത്താൻ സാധിക്കത്തക്കവിധത്തിലായിരുന്നു അതു് ക്രമീകരിക്കപ്പെട്ടിരുന്നതു്. ഈ സ്റ്റുഡിയോയുടെ അകത്തുകൊണ്ടു വന്നിരുന്ന രംഗസംവിധാനങ്ങൾ മാത്രമേ, ഫിലിമിൽ പകർത്തപ്പെട്ടിട്ടുള്ളു. സ്റ്റുഡിയോയ്ക്കു് വെളിയിലുള്ള സംഭവങ്ങളേയോ, സീനറികളേയോ എഡിസൻ ഫിലിമിൽ പകർത്തിയിരുന്നില്ല.

1894-ൻെറ അന്ത്യഘട്ടമായപ്പോഴേയ്ക്കും, ചലച്ചിത്രത്തെ പെട്ടിക്കകത്തുനിന്നും പുറത്തു കൊണ്ടുവരുന്നതിനുള്ള പരിപാടികളെപ്പററി അമേരിക്കയിലെ ഗവേഷകന്മാർ ചിന്തിച്ചു തുടങ്ങി. എഡിസൻെറ കൈനട്ടോസ്കോപ്പു മാത്രമായിരുന്നു അവക്കു് മാർഗ്ഗദർശനം നൽകിയിരുന്നതു്. ഗ്രീനിൻെറ കണ്ടുപിടിത്തത്തിൻെറ പ്രാരംഭംമുതൽതന്നെ ചിത്രം സ്ക്രീനിൽ പതിപ്പിച്ചിരുന്ന വിവരം ഈ ശാഖയിൽ പ്രവർത്തിച്ചിരുന്ന ആരും അറിഞ്ഞിരുന്നില്ല. ഗ്രീനാണെങ്കിൽ, ചലച്ചിത്ര നിർമ്മാണ രംഗത്തു് എങ്ങുമേ കാണപ്പെട്ടിരുന്നുമില്ല. മുൻപറഞ്ഞ ആവശ്യത്തിൻെറ നിറവേററലിനു വേണ്ടിയുള്ള പരിശ്രമങ്ങളിൽ നിന്നാണു്, ഇന്നറിയപ്പെടുന്ന പ്രൊജക്റ്റർ സമ്പ്രദായം ജന്മമെടുത്തതു്. ഗ്രീൻ ഒരു ലെൻസിൻെറ സഹായത്താൽ ചിത്രങ്ങളെ വലുതാക്കി സ്ക്രീനിൽ കാണിച്ചുവെന്നല്ലാതെ നവീനാശയമനുസരിച്ചുള്ള പ്രൊജക്റ്റർ അദ്ദേഹം സംവിധാനം ചെയ്തില്ല. അതിനു മുമ്പുതന്നെ സിനിമാരംഗം

അദ്ദേഹം ഉപേക്ഷിക്കുകയാണു ചെയ്തതു്. പ്രൊജക്റ്റർ കണ്ടുപിടിക്കുന്നതിനു് എഡിസൻ ചില പരീക്ഷണങ്ങൾ നടത്തി. നിർഭാഗ്യവശാൽ, ഒരു പ്രത്യേക ചിന്താഗതിയാൽ പ്രേരിതനായി അദ്ദേഹം ആ വഴിക്കുള്ള ശ്രമങ്ങൾ ഉപേക്ഷിക്കയാണു ചെയ്തതു്. സമൂഹങ്ങൾക്കു് ഒന്നിച്ചു് ചലനചിത്രം പ്രദർശിപ്പിച്ചാൽ ആ പ്രസ്ഥാനത്തിന്റെ പുതുമതന്നെ നശിച്ചുപോകുമെന്ന വിചിത്രമായ ചിന്താഗതിയിലാണു് അദ്ദേഹം എത്തിച്ചേർന്നതു്.

"വുഡ്‌വിൽ ലാതാം" (Woodvill Latham) എന്നു പേരായ ഒരു പെൻഷൻ പററിയ സൈനികഉദ്യോഗസ്ഥൻ കൈനട്ടോസ്കോപ്പും പ്രൊജക്റ്ററുമായി സംഘടിപ്പിച്ചു്, കൗതുകകരമായ ഒരു യന്ത്രം 1895 ഫെബ്രുവരി 22-ാം നു- ന്യൂയോർക്കിൽ വച്ചു് പത്രപ്രതിനിധികളുടെ ഒരു സമ്മേളനത്തിൽ പ്രദർശിപ്പിച്ചു് ചലച്ചിത്രത്തെ യന്ത്രത്തിനു വെളിയിലുള്ള സ്ക്രീനിൽ അവതരിപ്പിച്ചു. അതിനെ അദ്ദേഹം "പാൻറോപ്ടിക്കോൺ" (Pantoptikon) എന്നാണു് വിളിച്ചതു്. അക്കൊല്ലം മേയ് മാസം 20-ാംനു- ഈ യന്ത്രത്തിന്റെ പ്രയോഗം പൊതുജനങ്ങളുടെ മുമ്പിലും അവതരിപ്പിക്കപ്പെട്ടു.

## 39. ഫ്രാൻസിലെ അവതരണം.

പാൻറോപ്ടിക്കോൺ, ന്യൂയോർക്കിൽ പത്രപ്രതിനിധികളുടെ സമ്മേളനത്തിൽ പ്രദർശിപ്പിക്ക

ട്ടപ്പോരം, ആ സമ്മേളനത്തിൽ പങ്കുകൊണ്ടിരുന്ന "അഗസ്റ്റി ലൂമറി" (Auguste Lumere) എന്ന ഒരു ഫ്രഞ്ചുകാരൻ അതിൽ അത്യന്തം ആകൃഷ്ടനായി. നാട്ടിൽ മടങ്ങിയെത്തിയ ശേഷം, അദ്ദേഹത്തിൻെറ സഹപ്രവത്തകനായിരുന്ന "ലോ" (Lows) എന്ന ഒരാളിൻെറ സഹായത്തോടുകൂടി, ലൂമറി, കൂടുതൽ പൂണ്ണതയെത്തിയ ഒരു യന്ത്രം സംവിധാനം ചെയ്തു. ലൂമറിയും ലോവും, ലയോൺസ് നഗരത്തിൽ പ്രസിദ്ധിയാജ്ജിച്ച ഫോട്ടോഗ്രാഫിക് ഉല്പാദകന്മാരായിരുന്നു. അവരുടെ നൂതനയന്ത്രത്തിനു് അവർ 1895-ൽ ഒരു പേററൻറു് രജിസ്റ്റർ ചെയ്തു് പാരീസിലും, ലയോൺസ് നഗരത്തിലും വിജയകരമായി പ്രദശിപ്പിക്കുകയും ചെയ്തു. അവരുടെ നൂതന യന്ത്രത്തിനു് "സിനിമാട്ടോഗ്രാഫ്" (Cinimatograph) എന്നായിരുന്നു അവർ പേരിട്ടതു്. പാരീസിലെ ഒരു സുപ്രസിദ്ധ വിശ്രമമന്ദിരമായ "കഫേ ഡി പാരീസ്" (Cefe de Paris) എന്ന സ്ഥാപനത്തിൻെറ താഴത്തെ നിലയിൽ അവർ ഒരു പ്രദശനശാല സംഘടിപ്പിക്കുകയും, അവിടെ ദിനംപ്രതി അനേകായിരം സന്ദശകരെ ആകഷിക്കത്തക്ക വിധത്തിൽ വളരെ ആദായകരമായി ചിത്രപ്രദർശനം നടത്തുകയും ചെയ്തു.

## 40. തിയേറേറാഗ്രാഫ്

ഇന്നത്തെ മാതൃകയിലുള്ള പ്രൊജക്ടറിൻെറ അടിസ്ഥാന തത്വം ഉൾക്കൊള്ളുന്ന പ്രൊജക്ടർ ആദ്യമായി നിമ്മിച്ചതു് "തോമസ് അർമാത്തു്" (Thomas

Armat) എന്ന ഒരു വാഷിംഗ്ടൻ സ്വദേശി ആയിരുന്നു. ഫിലിമിലെ ഓരോ ചിത്രങ്ങളും, പ്രദശ്ന ദീപത്തിനഭിമുഖമായി വരുമ്പോൾ അല്പസമയം വിശ്രമിക്കുന്നതിനും, അങ്ങനെ മാറിമാറി വരുന്ന ചിത്രങ്ങൾക്ക് ഏററവും ഫലപ്രദമായ വിധത്തിലുള്ള വെളിച്ചത്തിൻെറ നിയന്ത്രണം നൽകുന്നതിനും ഉള്ള സമ്പ്രദായങ്ങൾ ഇതിൽ ഉണ്ടായിരുന്നു. 1895 സെപ്റ്റമ്പർ മാസത്തിൽ കാട്ടൺ സ്റ്റേറസ് എക്സിബിഷ (Cotton states Exhibition) നിലാണ് ഇതു് ആദ്യമായി പ്രദശിപ്പിക്കപ്പെട്ടതു്. "വൈററാസ്കോപ്പ്" (Vita scope) എന്നായിരുന്നു ഇതിന് പേരിടപ്പെട്ടതു്.

ഈ ശാഖയിലെ വിജ്ഞാനശകലങ്ങളെ സശ്രദ്ധം പഠിച്ചുകൊണ്ടിരുന്ന ഒരു ശാസ്ത്രോപകരണ ഉല്പാദകൻ ലണ്ടനിലുണ്ടായിരുന്നു. "റോബർട്ട് പോൾ" (Robart W. Paul) എന്നായിരുന്നു അദ്ദേഹത്തിൻെറ പേർ. അന്നുവരെയുണ്ടായ വികാസങ്ങളെയെല്ലാം കോർത്തിണക്കിക്കൊണ്ട്, നാടകശാലകളിൽ പ്രദർശിപ്പിക്കത്തക്കവണ്ണമുള്ള ഒരു പ്രൊജക്റ്റർ സമ്പ്രദായം അദ്ദേഹം നിർമ്മിക്കുകയും, 1896 ഫെബ്രുവരിയിൽ, അതിനെ വിജയകരമായും, വ്യവസായരീതിയിലും പ്രദർശിപ്പിക്കുകയും ചെയ്തു. ഇതിന് തിയേറേറാഗ്രാഫ് (Theatograph) എന്നാണ് അദ്ദേഹം നാമകരണം ചെയ്തതു്. അനേകം 'തിയേറോഗ്രാഫ്' യന്ത്രങ്ങൾ അദ്ദേഹം നിർമ്മിച്ച് ഇംഗ്ലണ്ടിൻെറ പല പട്ടണങ്ങളിലും പ്രദർശനത്തിന് വില്ക്കുകയും ചെയ്തു.

## 41. വ്യാവസായികാടിസ്ഥാനം.

ചലച്ചിത്രത്തെപ്പററി യൂറോപ്പിലും അമേരിക്കയിലും ഉള്ള ജനങ്ങൾക്ക് വലിയ താല്പര്യമായി. ഈ താല്പര്യത്തെ വ്യാവസായികാടിസ്ഥാനത്തിൽ മുതൽക്കൂട്ടുവാൻ ശ്രമങ്ങളും നടന്നുവന്നിരുന്നു. വൈററാസ്കോപ്പിൻെറ സംവിധായകനായിരുന്ന 'അർമാത്തു്' എന്ന ദേഹമാണ് അമേരിക്കയിൽ ഈ മത്സരയോട്ടത്തിൽ മുൻപന്തിയിൽ വന്നതു്. അദ്ദേഹത്തിൻെറ വൈററാസ്കോപ്പിൻെറ വിശദാംശങ്ങളെ സാരമായി പരിഷ്കരിച്ചും, അഭിവൃദ്ധിപ്പെടുത്തിയും, നവീനമാതൃകയിലുള്ള പ്രൊജക്ടറോടുകൂടി 1895 ഏപ്രിൽ മാസം 23-ാംനു ന്യൂയോർക്കിലെ 'കോസ്റ്റർ' സംഗീതശാലയിൽ അദ്ദേഹം ചലച്ചിത്ര പ്രദർശനം നടത്തി. ആദ്യത്തെ ചിത്രത്തിൻെറ ഫിലിമിനു് 300 അടിയില്പരം നീളമുണ്ടായിരുന്നു. ഏതാനും ആഴ്ചകൾക്കകം തന്നെ, ആയിരം അടി നീളമുള്ള ഫിലിം അദ്ദേഹം നിമ്മിച്ചെടുത്തു. ആയിരം അടി നീളമുള്ള ഫിലിമിനു് "ഒരു റീൽ" എന്നു് അദ്ദേഹം കണക്കുകൂട്ടി നാമകരണം ചെയ്യുകയും ചെയ്തു. ഇന്നും, 'ഒരു റീലിനു് ആയിരം അടി' എന്നതു് യൂണിററു് അളവായി ഗണിക്കപ്പെട്ടുപോരുന്നു.

സിനിമാട്ടോഗ്രാഫിൻെറ ഉടമസ്ഥരായിരുന്ന "ലൂമറി", "ലോ" എന്നിവരും, വലിയ പരിഷ്കാരങ്ങൾ ഏർപ്പെടുത്തി. അവർ നിമ്മിച്ച ക്യാമറാ

കൊണ്ടു് വിശാലമായ സീനറികളും മററും വിജയപ്രദമായി ഫിലിമിൽ പിടിക്കാൻ സാദ്ധ്യമായിരുന്നു. അവരുടെ പരിഷ്കരിച്ച പ്രൊജക്ടർ, അനേകം അടി അകലത്തിലുള്ള സ്ക്രീനിൽ ചിത്രങ്ങളുടെ ഛായ വ്യക്തമായി പതിപ്പിക്കാൻ സഹായിച്ചു. സെക്കൻറിൽ 48 പടങ്ങൾ പ്രദർശിപ്പിക്കുന്ന എഡിസൻ സമ്പ്രദായത്തെ അവർ പരിഷ്കരിച്ചു്, സെക്കൻറിൽ 16 ചിത്രങ്ങൾ എന്ന നിരക്കിൽ കൊണ്ടുവന്നു. ഇതാണിന്നും നിലവിലുള്ള നിരക്കു്.

ലൂമറിയും, ലോവും, അനേകം യന്ത്രങ്ങൾ നിർമ്മിച്ചു. അവയിലൂടെ പ്രദശിപ്പിക്കാൻ അനേകം ചിത്രങ്ങളും അവർ സംവിധാനം ചെയ്തു. അത്യന്തം കൗതുകകരമായ ഈ കാഴ്ചയെ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി, പ്രദർശനസമ്പ്രദായത്തിൽ പ്രത്യേക പരിചയം നൽകപ്പെട്ട നിരവധി ദൗത്യസംഘങ്ങളെ അവർ ലോകത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കും നിയോഗിച്ചു. ഫ്രാൻസിൻെറ ദേശീയ പശ്ചാത്തലത്തിൽ നിർമ്മിക്കപ്പെട്ട ചിത്രങ്ങളെ അന്യദേശങ്ങളിൽ പ്രദശിപ്പിക്കുന്നതിനു പുറമേ, വിവിധ രാജ്യങ്ങളിൽനിന്നും ഉള്ള സീനറികളും, ജീവിത ചിത്രീകരണങ്ങളും ഫിലിമിൽ പകർത്തി എടുക്കുന്ന പരിപാടികളും ഈ സഞ്ചാര പ്രതിനിധികളിൽ ചുമത്തപ്പെട്ടിരുന്നു. അമേരിക്കയിൽ, ഈനോക് റക്ടർ" (Enoch J. Rector) എന്ന ഒരു സുപ്രസിദ്ധ ഫോട്ടോസ്റ്റുഡിയോ ഉടമസ്ഥൻ

1897–ൽ പതിനേഴായിരം അടി നീളമുള്ള ഫിലിമിൽ, "The Corbet Fitzsi mimon's fight at Carson-city" എന്ന ഒരു സുപ്രധാന സംഭവം പകർത്തിയെടുത്തു് പ്രദർശിപ്പിച്ചു.

## 42. ട്രെയിനിലെ കൊള്ള.

ഏതാണ്ടു് സമകാലീനമായി അമേരിക്കയിലും ഫ്രാൻസിലും, സിനിമയ്ക്കു് ഉണ്ടായിവന്ന അഭിവൃദ്ധി, ഏതാണ്ടു് ഒരേ കാലഘട്ടത്തിൽതന്നെ, ഈ രണ്ടു രാജ്യങ്ങളിലും നേരിട്ട ചില പ്രത്യേക സംഭവവികാസങ്ങളാൽ താല്ക്കാലികമായി നിലച്ചുപോകേണ്ടിവന്നു. 1897 മേയ്മാസം 4–ാംതീയതി, പാരീസിലെ ചാരിട്ടിബസാർ തെരുവിൽ (Charity Bazaar Street) ഭയങ്കരമായ ഒരു തീ പിടിത്തമുണ്ടായി. അനേകം കോടി ഫ്രാങ്കു വില പിടിപ്പുള്ള കെട്ടിടങ്ങളേയും സാധനങ്ങളേയും നശിപ്പിച്ച പ്രസ്തുത തീപിടിത്തത്തിൽ 180 ആളുകൾ അഗ്നിക്കിരയായി മൃതിയടഞ്ഞു. തീ പിടിത്തത്തിന്റെ ഉത്ഭവം അവിടെയുണ്ടായിരുന്ന ഒരു ഫിലിം നിർമ്മാണ ഫാക്ടറിയിലായിരുന്നുവെന്നു അന്വേഷണത്തിൽ തെളിഞ്ഞു. ഫിലിം വ്യവസായം ഒരു പരീക്ഷണഘട്ടത്തിലൂടെ കടന്നുപോകുന്നയവസരത്തിൽ, അതിന്റെ പേരിൽ ഉണ്ടായ അത്യാഹിതം യൂറോപ്പു് ഒട്ടാകെ, ഫിലിം നിർമ്മാണവികസനത്തിനു് ഒരു തടസ്സമായി വന്നു. അതേകൊല്ലംതന്നെ, അമേരിക്കയിലെ ഫിലിം വ്യവസായത്തെ സംബന്ധിച്ചു് എഡിസന്റെ അനു

യായികൾ ഒരു വശത്തും, അവരുടെ എതിരാളികൾ മറുവശത്തുമായി, സിനിമയുടെ "ട്രെയിഡ് മാർക്കി"ൻെറ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് കോടതിയിൽ ഒരു വ്യവഹാരം ഉത്ഭവിച്ചു. കോടതിനിരോധനങ്ങളും, എതിർ നിരോധനങ്ങളുംകൊണ്ടു് ഫിലിംവ്യവസായത്തിൻെറ സ്വാഭാവികമായ പുരോഗതി സാരമായി തടയപ്പെട്ടു. ഈ വ്യവഹാരം അനേകവർഷങ്ങൾ നീണ്ടുനിൽക്കുകയും ചെയ്തു. ഈ വ്യവഹാരത്തിൽ എഡിസൻെറ പക്ഷക്കാരാണു് അവസാനം തോററു പോയതു്.

ഈ പ്രതിസന്ധിഘട്ടത്തിനു് അമേരിക്കയിൽ ഒരു വ്യതിയാനം വന്നതു് 1903ൽ മാത്രമായിരുന്നു. എഡിസൻെറ ആരാധകനും, ചലച്ചിത്രനിർമ്മാണത്തിൽ സാങ്കേതികപരിജ്ഞാനം ലഭിച്ചയാളുമായ "എഡ്വിൻ പോർട്ടർ" (Edwin Porter) എന്നു പേരായ മഹാൻ, അന്നുവരെയുണ്ടായിട്ടുള്ള പുരോഗതികളേയും സാങ്കേതിക ജ്ഞാനങ്ങളേയും കണക്കിലെടുത്തുകൊണ്ടും, ഏററവും അസ്വാദ്യകരമായ ചിലരംഗങ്ങളെ ഫിലിമിൽ പകർത്തിക്കൊണ്ടും, ഒരു ചിത്രം നിമ്മിച്ചു. "The Life of an American fireman" എന്നായിരുന്നു ചിത്രത്തിൻെറ പേരു്. ഈ ചിത്രം പ്രതീക്ഷയിലേറെ വിജയിച്ചു. അതിൽനിന്നും ലഭിച്ച ഭാരിച്ച ലാഭത്തിൻെറ ഒരു വിഹിതം ചെലവഴിച്ചു് അദ്ദേഹം "The Great Train Robbery" (ട്രെയിനിലെ

കൊള്ള) എന്ന പേരിൽ ഒരു ചിത്രം നിർമ്മിച്ചു. അക്കാലത്തു് അമേരിക്കയിൽ ധാരാളം വിററഴിഞ്ഞു കൊണ്ടിരുന്ന, വിലകുറഞ്ഞ ഒരു ചെറിയ നോവലിന്റെ കഥയായിരുന്നു അതിലെ പ്രതിപാദ്യവിഷയം. ഈ ചിത്രത്തിനു് പന്ത്രണ്ടു മിനിട്ടുനേരത്തെ പ്രദർശനദൈർഘ്യമുണ്ടായിരുന്നു. തുടർച്ചയായ സംഭവങ്ങളെ ഉൾക്കൊള്ളുന്ന ഒരു കഥാരചന ഫിലിംചിത്രത്തിൽ പകർത്തപ്പെട്ടതിനു് ആദ്യത്തെ ഉദാഹരണം ഈ ഫിലിം ചിത്രമായിരുന്നു.

"ട്രെയിനിലെ കൊള്ള" എന്ന ചലച്ചിത്രത്തിന്റെ പകർപ്പുകൾ ലോകത്തിൽ സിനിമ അറിയപ്പെട്ടിരുന്ന എല്ലാ ദേശങ്ങളിലേയ്ക്കും അയയ്ക്കപ്പെട്ടു. ലണ്ടനിലും ഒരു പതിപ്പു് വന്നുചേന്നു. അക്കൊല്ലം ഫെബ്രുവരി മാസത്തിൽ, റീജൻറു സ്ട്രീററിലുള്ള ഒരു വലിയ തിയേററിൽ ചരിത്രപ്രസിദ്ധമായ പ്രാധാന്യത്തോടെ അതു പ്രദർശിപ്പിക്കപ്പെട്ടു.

ഒരു വഞ്ചി പാറയിൽ മുട്ടി തകരുന്ന സംഭവവും, വീട്ടിലെ വേലക്കാർ തമ്മിൽ നടക്കുന്ന ശണ്ഠകളും, സമരങ്ങളും, കുഢുംബാംഗങ്ങൾ ഒരുമിച്ചു കൂടി ഇരുന്നു പ്രാതൽ കഴിക്കുന്ന രംഗവുമൊക്കെ, സന്ദർഭത്തിനൊത്തു് ആ ഫിലിമിൽ ചിത്രീകരിക്കപ്പെട്ടിരുന്നു. ഈ ഫിലിം പ്രദർശിപ്പിക്കപ്പെട്ടപ്പോൾ കാണികൾ അത്ഭുതസ്തബ്ധരായി. അതിലെല്ലാം ഉപരിയായി, അതിവേഗത്തിൽ ഓടിവരുന്ന ഒരു തീവണ്ടി

റയിൽവേസ്റ്റേഷനിൽവന്നു നില്ക്കുന്നതും, അവിടെയുള്ള തിക്കും തിരക്കും, ആളുകൾ ട്രെയിനിൽ കയറുന്നതും ഇറങ്ങുന്നതുമെല്ലാം, സ്വാഭാവികതയോടുകൂടി സ്ക്രീനിൽ പ്രദശിപ്പിച്ചതു കണ്ടപ്പോൾ, ഒരു തിയേററിലല്ല, തങ്ങൾ ഇരിക്കുന്നതെന്നുള്ള സംശയംപോലും കാണികളിലുണ്ടായി. ട്രെയിനിൻെറ വേഗതയിലുള്ള വരവു്, സീററുകളിൽ ഇരിക്കുന്നവരുടെ മദ്ധ്യത്തിലേക്കാണെന്നു സംശയിച്ചു്, പലരും വാതലിൽകൂടി പുറത്തു ചാടി. ഓരോ പ്രദശ്നത്തിലും അനേകംസ്ത്രീജനങ്ങൾ ബോധരഹിതരായി വീണിരുന്നു. അങ്ങനെയുള്ള സ്ത്രീകൾക്കു് പ്രഥമശുശ്രൂഷ നൽകുന്നതിനു് മൂന്നാമത്തെ പ്രദശ്നം മുതൽ രണ്ടു നേഴ്സുമാരെ തിയേററിൽ ഔഷധസജ്ജീകരണങ്ങളോടെ ഡ്യൂട്ടിയിൽ നിറുത്തി. ഈ പ്രദർശനം ലണ്ടനിൽ നടക്കുമ്പോൾ കടബാദ്ധ്യതയ്ക്കുള്ള വിധിപ്രകാരം ഗ്രീൻ ജയിലിൽ പാക്കുകയായിരുന്നു.

ക്യാമറാകളെ ഉപേക്ഷിക്കാതെ ഗ്രീൻ തൻെറ ശ്രമങ്ങളെ അനുസ്യൂതമായി മുന്നോട്ടു കൊണ്ടുപോയിരുന്നുവെങ്കിൽ ഇത്രയുമോ, ഇതിലേറയോ വിജയകരമായ പ്രദശ്നം അദ്ദേഹത്തിനു 1890–ാമാണ്ടിടയ്ക്കുതന്നെ സംഘടിപ്പിക്കാമായിരുന്നതാണു്. ആദ്യത്തെ ഫിലിംചിത്രസംവിധാനത്തിൻെറ അന്തസ്സ്, ഇംഗ്ളണ്ടിനു സമ്പാദിക്കുകയും ചെയ്യാമായിരുന്നു. ഗ്രീൻ ഇക്കാലമത്രയും താൻ കണ്ടുപിടിച്ച മഷി കൂടാതെ

യുള്ള അച്ചടിസമ്പ്രദായത്തിൽനിന്നും തനിക്കു സിദ്ധിച്ച സമ്പാദ്യവും അതിലുപരി കടം വാങ്ങിയ തുകകളും മുടക്കി, കള്ളർഫിലിം നിർമ്മാണത്തിൽ ഗവേഷണം ചെയ്തു് ഋണബാദ്ധ്യതയിൽ മുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. സിനിമയുടെ അടിസ്ഥാനപ്രമാണം നടപ്പിൽ വരുത്തിയതു് ഗ്രീനായിരുന്നുവെങ്കിലും, വ്യവസായമെന്ന നിലയിൽ അതിനെ പ്രചാരത്തിൽ കൊണ്ടുവരുന്നതിനുള്ള നേതൃത്വം നൽകിയതു് അമേരിക്കയായിരുന്നു. ഗ്രീനിൻെറ കണ്ടുപിടിത്തത്തിൽ നിന്നു സ്വതന്ത്രമായി എഡിസൻെറ കൈനട്ടോസ് കോപ്പിൻെറ സ്ഥാപനമാണു്, അമേരിക്കയിലെ ഫിലിംവ്യവസായത്തിൻെറ ഉറവയുടെ ആരംഭമായി ഭവിച്ചതെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അമേരിക്കയിൽനിന്നാണു് ഫിലിം വ്യവസായം മററു ദേശങ്ങളിലേയ്ക്കു പടർന്നുപിടിച്ചതെന്നു പറയുന്നതിലും വലിയ തെററു കാണുകയില്ല.

## 43. വീണ്ടും കാരാഗൃഹം.

ബത്തൽ (Mr Bethel) എന്ന ഒരാളിനോടു് ഗ്രീൻ 250 പവൻ കടം വാങ്ങി ഗവേഷണത്തിനു ചെലവാക്കിയിരുന്നു. തുക തിരിയെ കൊടുക്കുന്നതിനുള്ള അവധികൾ കേട്ടു സഹികെട്ട ബത്തൽ, ഗ്രീനിനെ പ്രതിയാക്കി കേസു കൊടുത്തു. കോടതിയിൽ വിസ്തരിച്ചതിനിടയിൽ രസകരമായ ചില സംഗതി

കരം വെളിവായി. ഗ്രീനിൻെറ ഇൻഷ്വറൻസ് പാളിസി അനുസരിച്ചുള്ള 20 പവൻ അടയ്ക്കാതെ മുടങ്ങി കിടക്കുമ്പോഴും, 60 പവൻ അദ്ദേഹം ഒരു കൂട്ടുകാരന് വായ്പ കൊടുത്തിരുന്നു. "എന്തിനാണ് ഇത്ര നിരുത്തരവാദപരമായി നിങ്ങൾ പെരുമാറിയതു്?" എന്ന ചോദ്യത്തിനു് "അയാൾക്കു് അത്രയും തുക ആവശ്യമായിരുന്നു" എന്നു മാത്രമായിരുന്നു ഗ്രീനിൻെറ മറുപടി. തൻെറ പരാധീനതയെ വകവയ്ക്കാതെ, അദ്ദേഹം പലക്കും നല്ല തുകകൾ സംഭാവനയായും പാരിതോഷികമായും കൊടുത്തിരുന്നു. ഒരു ധനികനായ ബിസിനസുകാരൻ അയാളുടെ സഹോദരനു് ഒരു ഗവേഷണത്തിനുവേണ്ടി കുറെ തുക ആവശ്യപ്പെട്ടതു കൊടുത്തില്ല. ആ സഹോദരൻ ഗ്രീനിനെ സമീപിച്ചു. ഗ്രീൻ ആ ബിസിനസുകാരനിൽനിന്നും 200 പവൻ കടം വാങ്ങി, ബിസിനസ്കാരൻെറ സഹോദരനു് ഗവേഷണത്തിനായി സംഭാവന ചെയ്തു. ആ തുകയ്ക്കും ഇതിനിടെ കേസു വന്നിരുന്നു. ഏതായാലും, കോടതിച്ചെലവുസഹിതം നിരവധി കേസുകൾ ഗ്രീനിനെതിരായി വിധിക്കപ്പെട്ടു. ഒരു കാശുപോലും കൊടുത്തു തീർക്കാൻ ഗ്രീനിൻെറ കൈയിൽ ഇല്ലാതെയും വന്നു.

നിയമത്തിൻെറ ദൃഷ്ടിയിൽ ഗ്രീൻ ഒരു കുററം കൂടി ചെയ്തിരുന്നു. സാങ്കേതികമായി 'നിർദ്ധന'നെന്നു (Bankrupt) കോടതി അദ്ദേഹത്തെ മുൻപു വിധിച്ചി

രുന്നതാണ്. ആ വിധി റദ്ദ്ചെയ്യപ്പെട്ടിരുന്നില്ല. ആ വിവരം വെളിപ്പെടുത്താതെ വീണ്ടും കടം വാങ്ങാൻ പാടില്ലെന്നാണ് നിയമം. ഈ നിയമം ഗ്രീൻ ലംഘിച്ചാണ് അതിനുശേഷമുള്ള തുകകൾ വായ്പ വാങ്ങിയതു്. ഈ കുററം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടു. അതിനുവേണ്ടി രണ്ടുമാസത്തെ തടവിനു് അദ്ദേഹം ശിക്ഷിക്കപ്പെടുകയും ആ തടവുശിക്ഷ അദ്ദേഹം അനുഭവിക്കുകയും ചെയ്തു. ട്രെയിനിലെ കൊള്ള എന്ന ഫിലിംചിത്രം ചരിത്രപ്രധാനമായ ഗാംഭീര്യത്തോടെ ലണ്ടനിൽ പ്രദർശനം നടത്തപ്പെട്ടതു് ഗ്രീൻ ജയിലിലായിരുന്നപ്പോഴാണ്. ആ ചിത്രം അദ്ദേഹത്തിനു കാണാൻ സാധിച്ചില്ല.

## 44. ജയിൽവാസത്തിനുശേഷം.

ഇത്തവണ കാലാവധി തീരുന്നതിനുമുമ്പ്, ജയിലിൽനിന്നും അദ്ദേഹത്തെ മോചിപ്പിക്കുവാൻ ആരും ശ്രദ്ധിച്ചില്ല. നിർദ്ധനയായ അദ്ദേഹത്തിൻെറ ഭാര്യയും നിസ്സഹായയായി നോക്കിനിന്നു. "ഡോർ കോട്ടിൽ" അവർ സമ്പാദിച്ചിരുന്ന കെട്ടിടവും പറമ്പും വളരെ നേരത്തേ വിൽക്കപ്പെട്ടിരുന്നു. ഗ്രീനിൻെറ ബന്ധുവായ കാട്ടറുടെ ലണ്ടനിലുള്ള വീട്ടിലേയ്ക്കു ആ സ്ത്രീ താമസം മാററി. ജയിലിൽനിന്നും പുറത്തിറങ്ങിയ ശേഷം ഗ്രീൻ സ്വന്തനിലയിൽ ഒരു ചെറിയ ഫോട്ടോസ്റ്റുഡിയോ തുടങ്ങി. ഒരു ഷില്ലിംഗിനു് ഒരു ഫോട്ടോ എടുക്കുന്ന സമ്പ്രദായം കണ്ടുപിടിച്ചു് അതനുസരിച്ചു്

കുറെ ബിസിനസ്സ നടത്തി. കുറെ പണം കയ്യിൽവന്ന തോടെ കള്ളർഫിലിം നിമ്മാണത്തിനുള്ള ശ്രമം പിന്നെയും ആരംഭിച്ചു. ഇത്തവണത്തെ ശ്രമം ഒരു പരിധിവരെ വിജയിക്കുകയും, അതിനു് ഒരു മാതൃക (Patent) രജിസ്റ്റർ ചെയ്യുകയും ചെയ്തു.

ഈ മാതൃകയെ പുരോഗമിപ്പിക്കുന്നതിനുവേണ്ടി ഒരു കമ്പനി ആരംഭിച്ചു. മൂലധനം മുടക്കുന്നതിനും, ആ കമ്പനിയിൽനിന്നും നല്ല പാരിതോഷികം നൽകുന്നതിനും ചിലർ മുമ്പോട്ടുവന്നു്, കമ്പനി തുടങ്ങി. ഈ കമ്പനി ഒരുവിധം മുമ്പോട്ടു പോയതോടുകൂടി ഗ്രീനിൻെറ ശ്രദ്ധ മററു ചില കാര്യങ്ങളിലേയ്ക്കു തിരിഞ്ഞു. റയിൽവേകളിൽ വണ്ടികരം തമ്മിൽ കൂട്ടിമുട്ടുന്നതു് അക്കാലത്തു സാധാരണമായിരുന്നു. അത്തരം കൂട്ടിമുട്ടലുകരം ഒഴിവാക്കുന്നതിനു ഉപകരിക്കുന്ന ഒരു സമ്പ്രദായം അദ്ദേഹം ആവിഷ്കരിക്കുകയും, അതിനു് രജിസ്ട്രേഷൻമൂലം അംഗീകാരം സമ്പാദിക്കുകയും ചെയ്തു. കള്ളർചിത്രനിമ്മാണത്തിനുവേണ്ടി രൂപീകരിച്ച കമ്പനി ഇതിനിടയിൽ തകൻുപോകുകയും ഗ്രീൻ വീണ്ടും കടക്കാരനാവുകയും ചെയ്തു. 1910–ൽ അദ്ദേഹത്തിൻെറ വീട്ടിൽ കിടന്ന ഫർണിച്ചർ സാധനങ്ങരം ഒരു കടത്തിനുവേണ്ടി കോടതിയിൽ ജപ്തി ചെയ്തു കൊണ്ടുപോകപ്പെട്ടു. അദ്ദേഹത്തിൻെറ ഭാര്യ അന്നു് ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ജപ്തിസമയത്തു് ഭാര്യയ്ക്കു് പ്രസവവേദനയായിരുന്നു.

## 45. അമേരിക്കൻ യാത്ര.

എഡിസനുമായി കത്തിടപാടു നടത്തിയ കാലം മുതൽതന്നെ, പരിഷ്കാരത്തിലും, ശാസ്ത്രീയ ജ്ഞാനത്തിലും മുന്നണിയിൽ വന്നിരുന്ന അമേരിക്കൻ നാട്ട് സന്ദർശിക്കണമെന്ന് ഗ്രീനിനു് ആഗ്രഹമുണ്ടായിരുന്നതാണ്. അതിനുള്ള അവസരം അദ്ദേഹത്തിനു പിൽക്കാലത്തു ലഭിച്ചു. ന്യൂയോർക്കിൽ "മൂവിംഗ് പിക്ചർ ന്യൂസ്" (Moving Picture News) എന്ന പേരിൽ വളരെ പ്രചാരം സിദ്ധിച്ച ഒരു വാരിക ഉണ്ടായിരുന്നു. അതിൻെറ എഡിററർ ഒരു കേസിൽ തെളിവു കൊടുക്കുന്നതിനുവേണ്ടി ഗ്രീനിനു് അമേരിക്കയിൽ പോകാമോ, എന്നു അദ്ദേഹത്തോടു എഴുതി ചോദിച്ചു. ഗ്രീൻ 1889-ൽ രജിസ്റ്റർ ചെയ്തിരുന്ന മാതൃകയെപ്പററിയുള്ള തെളിവു കൊടുക്കുക എന്നതായിരുന്നു ആവശ്യം. അദ്ദേഹത്തിൻെറ യാത്രയെ സംബന്ധിക്കുന്ന സകല ചെലവുകളും കൊടുക്കുന്നതിനു പുറമെ, ആയിരം പവൻ പാരിതോഷികമായി കൊടുക്കുകയും ചെയ്യാമെന്ന് വ്യവസ്ഥ ചെയ്താണ് അദ്ദേഹത്തെ വാരികയുടെ പ്രസാധകൻ ക്ഷണിച്ചിരുന്നതു്.

അമേരിക്കയിൽ ഏതാനും ആളുകൾ ചേൎന്നു ഒരു ട്രസ്റ്റു രൂപീകരിച്ചു് എഡിസൻെറ മാതൃകകളുടെ പകർപ്പവകാശം വിലയ്ക്കു വാങ്ങിയിരുന്നു. ക്യാമറായോ പ്രൊജക്റ്ററോ ഉപയോഗിച്ചിരുന്ന എല്ലാവ

രില്ലംനിന്നു് വലിയ തുകകൾ ലൈസൻസു ഫീസായി ട്രസ്റ്റം ഈടാക്കിയിരുന്നു. അവരുടെ ഈ നികുതി ചുമത്തൽ അസഹനീയമായിത്തീൎന്നു. ഇപ്രകാരം ഒരു നികുതി ചുമത്തുവാൻ ട്രസ്റ്റിന്നു് യാതൊരവകാശവുമില്ലെന്നും, അതിൽനിന്നും തങ്ങളെ ഒഴിവാക്കണമെന്നും കാണിച്ചു്, ഫിലിംപ്രദൎശനവ്യവസായികൾ മുൻപറഞ്ഞ വാരിക പ്രസാധകൻെറ നേതൃത്വത്തിൽ സംഘടിച്ചു് വ്യവഹാരം ബോധിപ്പിച്ചു. "കാറൽ ലെംലി" (Carl Leammle) എന്ന ഒരു ഫിലിം പ്രദൎശന കമ്പനി ഉടമസ്ഥനാണു്, എല്ലാവൎക്കുംവേണ്ടി വ്യവഹാരം ബോധിപ്പിച്ചതു്, ഇംഗ്ലണ്ടിലാണു് സിനിമാനിൎമ്മാണത്തിൻെറ ആദ്യത്തെ മാതൃക (Patent) രജിസ്റ്റർ ചെയ്യപ്പെട്ടതു് എന്ന വസ്തുത തെളിയിക്കുക എന്നതു് മാത്രമായിരുന്നു ഈ വ്യവഹാരത്തിൽ അവൎക്കു് വിജയിക്കാൻ മുന്നിൽ കണ്ട ഏകമാൎഗ്ഗം. ഈ തെളിവു് യഥാവിധി ലഭിക്കാതിരുന്നാൽ അമേരിക്കയിലെ ട്രസ്റ്റിന്നു് സിനിമാപ്രസ്ഥാനത്തിൽ കുത്തകാവകാശം നിയമപ്രകാരം ലഭിക്കുമായിരുന്നു. ഈ സംരംഭത്തിൽ കേസിലെ വാദികൾക്കു് നേതൃത്വം നൽകിയിരുന്ന മുൻപറഞ്ഞ വാരികയുടെ പ്രസാധകൻ വിജയത്തിനുവേണ്ടി സകല തെളിവുകളും ശേഖരിക്കുകയായിരുന്നു. തൻെറ മാസികയുടെ പല വാല്യങ്ങളിൽ ഗ്രീനിൻെറ കണ്ടുപിടിത്തത്തേയും മററും പററി ലേഖനങ്ങളുണ്ടായിരുന്നതു് അദ്ദേഹം ഓൎത്തു. അവയിൽ

നിന്നും ഗ്രീനിൻെറ വിലാസം കണ്ടുപിടിച്ച് ഗ്രീനിനു അദ്ദേഹം എഴുതുകയാണുണ്ടായത്.

തൻെറ കണ്ടുപിടിത്തമാണു എഡിസൻെറ കണ്ടുപിടിത്തത്തെക്കാളും നേരത്തേയുള്ളതെന്നു ലോകം അംഗീകരിക്കുകയും, അതിനുള്ള തെളിവു കൊടുക്കുന്നതിനു വലിയ പാരിതോഷികം തനിക്കു ലഭിക്കുകയും ചെയ്യുകയെന്ന അപൂർവ്വമായ അവസരത്തെ ഗ്രീൻ അങ്ങേയററം സ്വാഗതംചെയ്തു. ഈ കേസ് ന്യൂയാക്ക് തെക്കേ ഡിസ്ട്രിക്റ്റിലുള്ള ഒരു കോടതിയിലായിരുന്നു നടന്നുവന്നിരുന്നത്. തെളിവു പൂർത്തിയാകാതെ കേസ് വളരെനാൾ നീണ്ടുനിന്നു. അതിപ്രധാനനായ സാക്ഷിയുടെ സുഖസൗകര്യങ്ങളിൽ അങ്ങേയററം ശ്രദ്ധ പതിയ്ക്കുവാൻ അദ്ദേഹത്തെ ക്ഷണിച്ചവർ പ്രത്യേകം ഏർപ്പാടുകൾ അവിടെ ചെയ്തിരുന്നു. ഒരു ദിവസം രാത്രി, അദ്ദേഹം ഒരു തെരുവിലൂടെ നടക്കുമ്പോൾ അദ്ദേഹത്തിൻെറ എതിരാളികൾ ശട്ടംകെട്ടിയിരുന്ന ഏതാനും തസ്കരന്മാർ ഒരു പാലത്തിൽ കാത്തുനിന്ന് അദ്ദേഹത്തെ ഉപദ്രവിക്കാൻവേണ്ടി ഓടിയടുത്തു. തൻെറ ആതിഥേയന്മാർ ഏർപ്പാടു ചെയ്തിരുന്ന അംഗരക്ഷകന്മാരുടെ സഹായത്താൽ ഗ്രീൻ യാതൊരു പകടവും കൂടാതെ രക്ഷപ്പെട്ടു.

ഗ്രീൻ യഥാവിധി കോടതിയിൽ ഹാജരാക്കിയ തെളിവുകൾ കോടതി സ്വീകരിച്ചു. അതനുസരിച്ചു അവയെ സ്ഥാപിച്ചു കേസു വിധിച്ചു. ഇക്കാലത്തി

നിടയ്ക്കു് അമേരിക്കയിൽ വലിയൊരു വ്യവസായമായി മാറിയിരുന്ന സിനിമാ പ്രദൎശനരംഗത്തു് ഈ വ്യവഹാരത്തിൻെറ തീൎച്ചയ്ക്കു് വലിയ പ്രാധാന്യം വന്നു. കേസിൽ തോററ ട്രസ്റ്റ് ചുരുങ്ങിയ കാലത്തിനുള്ളിൽ അമേരിക്കയിലെ സിനിമാരംഗത്തുനിന്നും തിരോധാനം ചെയ്തു.

ഈ സംഭവം ഗ്രീനിനു് അഖിലലോകപ്രശസ്തി കൈവരുത്തിക്കൊടുത്തു. അമേരിക്കയിൽനിന്നും മടങ്ങി ഇംഗ്ലണ്ടിൽ എത്തിയപ്പോൾ അദ്ദേഹത്തിനു കിട്ടിയിരുന്ന ആയിരം പവൻ കയ്യിലുണ്ടായിരുന്നു. ഇംഗ്ലണ്ടു് അദ്ദേഹത്തോടു അൎഹതപ്പെട്ട കൂറു കാണിച്ചില്ല. കുറഞ്ഞ വിലയ്ക്കു ഫോട്ടോകൾ എടുത്തുകൊടുക്കുന്ന ഒരു സാധാരണ ഫോട്ടോഗ്രാഫറായി ഗ്രീൻ വീണ്ടും ജീവിതം ആരംഭിച്ചു. അദ്ദേഹം നിരവധി പരീക്ഷണങ്ങൾ നടത്തുകയും നൂതനമായ പലേ മാതൃകകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. ഇടയ്ക്കിടെ വലിയ തുകകൾ അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്നു. അത്രയും തുകകളും അതിനു പുറമെ കടം വാങ്ങിയ തുകകളുമെല്ലാം ചെലവാക്കി, അദ്ദേഹം ഗവേഷണം തുടൎന്നുവന്നതേയുള്ളു. അദ്ദേഹം ആകെ 70 പേറൻറുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

അമേരിക്കയിൽനിന്നും ഗ്രീൻ മടങ്ങിവന്ന സംഭവം പത്രങ്ങളിൽ മുഖ്യവാൎത്തകളായി പ്രസിദ്ധീകരിക്കപ്പെട്ടെങ്കിലും, അതിൽ കവിഞ്ഞു് ദേശീയമായ അടി

സ്ഥാനത്തിൽ അദ്ദേഹത്തിൻെറ ബുദ്ധിശക്തിയെ പ്രയോജനപ്പെടുത്തുവാൻ രാഷ്ട്രം മുന്നോട്ടു വന്നില്ല. വനാന്തരത്തിൽ വികസിച്ച്, പ്രയോജനരഹിതമായി സൗരഭ്യം വിതറിക്കൊണ്ടു് വാടിവീഴുന്ന പുഷ്പം പോലെ, ഗ്രീൻ ഇംഗ്ലണ്ടിൽ മാനിക്കപ്പെടാത്ത വ്യക്തിയായി കഴിഞ്ഞുകൂടി. ഇപ്രകാരമുള്ള സ്വീകരണത്തിൽ അദ്ദേഹം കുണ്ഠിതപ്പെട്ടില്ല. എന്തെങ്കിലും തുക കൈവശം കിട്ടിയാൽ അതിനെ നൂതനമായി എന്തെങ്കിലും കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തിൽ അദ്ദേഹം വിനിയോഗിക്കുകയും, ശോചനീയമായ ദാരിദ്ര്യത്തിൽ വീണ്ടും ആണ്ടുപോവുകയും ചെയ്യുകയായിരുന്നു പതിവ്. അമേരിക്കയിൽനിന്നും കൊണ്ടുവന്നിരുന്ന ആയിരം പവനും അദ്ദേഹം മൂന്നു മാസത്തിനകം തീർത്തുകഴിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ കുടുംബജീവിതം, പണത്തിൻെറ ബുദ്ധിമുട്ടുകൊണ്ടു് അത്യന്തം ക്ലേശകരമാവുകയും ചെയ്തു.

## 46. സക്കാരുദ്യോഗം.

ഗ്രീനിൻെറ ഈ വിധമുള്ള ജീവിതദുർഘടം പലരിലും അനുകമ്പ ഉളവാക്കി. എത്രയേറെ സമ്പത്തു കൈവശമായാലും അതെല്ലാം ഞൊടിയിടയിൽ തീർത്തു ദീപാളി കുളിയ്ക്കുന്ന ഒരു പ്രകൃതക്കാരനായി അദ്ദേഹം അറിയപ്പെട്ടു. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾക്കാണു് ഈ തുകകളെല്ലാം വിനിയോഗിച്ചുകൊണ്ടിരുന്നതെന്ന

കാരണത്താൽ ഗ്രീനിനെ കുററം പറയാനും അവക്ക വഴിയില്ലാതായി. ഇംഗ്ലണ്ടിൽ ഫിലിം നിമ്മാണത്തെ വലിയൊരു വ്യവസായമായി ഉയത്തികൊണ്ടു വരണമെന്നു അമേരിക്കയിൽനിന്നു മടങ്ങിവന്ന നാം മുതൽ ഗ്രീൻ പറയാറുണ്ടായിരുന്നു. അതിനുവേണ്ടി പ്രചരണം നടത്തുവാൻ തുടങ്ങിയ കാലഘട്ടത്തിൽ ഒന്നാംലോകമഹായുദ്ധം പൊട്ടി പുറപ്പെട്ടു. ചെറിയ തോതിൽ ഇംഗ്ലണ്ടിൽ നടന്നുകൊണ്ടിരുന്ന ഫിലിം നിമ്മാണപ്രവത്തനങ്ങൾപോലും അതോടെ പാടെ ഉപേക്ഷിക്കപ്പെട്ടു. രാഷ്ട്രത്തിൻെറ മുഴുവൻ ശ്രദ്ധയും യുദ്ധസജ്ജീകരണങ്ങൾക്കും മററുമായി തിരിഞ്ഞു. അതോടുകൂടി ഗ്രീനിനു് അല്പമായിട്ടെങ്കിലും കിട്ടിക്കൊണ്ടിരുന്ന ആദായവും നിലച്ചു. അദ്ദേഹത്തിൻെറ ചില സ്നേഹിതന്മാർ അദ്ദേഹത്തിനു സംഭാവന ചെയ്യുവാൻ പണപ്പിരിവുകൾ നടത്തിയ അവസരങ്ങൾപോലും ഉണ്ടായി. ഗവണ്മെൻറിൽ സ്വാധീനമുണ്ടായിരുന്ന അദ്ദേഹത്തിൻെറ ഒരഭ്യുദയകാംക്ഷി അദ്ദേഹത്തിനു നല്ല ശമ്പളമുള്ള ഒരു ഗവണ്മെൻറുദ്യോഗം "നാഷനൽ ലാബട്ടറിയിൽ സമ്പാദിച്ചുകൊടുത്തു. കുറെനാൾ ജോലി ചെയ്തപ്പോൾ ക്ലിപ്തതയുള്ള ഒരു ദിനചര്യയിൽ പററിപ്പിടിച്ചിരിക്കുവാൻ തനിയ്ക്കു കെല്പില്ലെന്നു ഗ്രീൻ വെളിപ്പെടുത്തി. അദ്ദേഹം നിയമപ്രകാരമുള്ള നോട്ടീസു കൊടുത്തു് ഉദ്യോഗം രാജിവയ്ക്കുകയും കള്ളർ ഫിലിം നിമ്മിയ്ക്കുന്ന ഒരു ഫോട്ടോഗ്രാഫറുടെകൂടെ ജോലി നോക്കുന്നതിനു പോവുകയും ചെയ്തു.

ഈ രാജി അദ്ദേഹത്തിൻെറ ഭാര്യയ്ക്കു സഹി ച്ചില്ല. ദീർഘനാളത്തെ ക്ലേശത്തിനുശേഷം പ്രതി മാസം നിശ്ചിതമായ വരവുള്ള ഒരു ചുററുപാടു വന്ന പ്പോൾ ഒരുവിധം സമാധാനത്തോടുകൂടി അവർ നൂത നമായ ഒരു ഭവനസംവിധാനം തുടങ്ങിയതാണു്. കാര്യങ്ങൾ ഏതാണ്ടു നേരെയായപ്പോൾ ഭർത്താവു് ജോലിയെ വലിച്ചെറിഞ്ഞു് വീണ്ടും ദാരിദ്ര്യത്തിലേയ്ക്കു മടങ്ങിയിരിക്കുന്നു. ലണ്ടനിൽചെന്നു് അവിടെ ഒരു ഹോട്ടലിൽ ജോലി ചെയ്തു്, തനിക്കു ജീവിക്കുവാനെ ങ്കിലും മതിയാവുന്ന വേതനം സമ്പാദിക്കുവാൻ താൻ നിർബ്ബന്ധിതയായിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടു് അവർ അദ്ദേഹത്തെ വിട്ടുപിരിഞ്ഞു പോവുകയും ചെയ്തു. അതോടെ ഗ്രീൻ ഏകനായി. ഇതു സംഭവി ച്ചതു് 1916-ൽ ആയിരുന്നു.

## 47. വ്യവസായികളുടെ അലംഭാവം.

1918-ൽ ലോകമഹായുദ്ധം അവസാനിച്ചു. അമേരിക്ക, ലോകമഹായുദ്ധത്തിൻെറ കെടുതികൾ അനുഭവിച്ചിരുന്നില്ല. സിനിമാവ്യവസായം അവിടെ വലിയ തോതിൽ അഭിവൃദ്ധിപ്പെട്ടു കഴിഞ്ഞിരുന്നു. ഹോളിവുഡ്ഡിലും മററുമായി നിരവധി ഫിലിം ചിത്രങ്ങൾ വലിയ മൂലധനം മുടക്കി നിർമ്മിക്കുകയും, അവ ധാരാളമായി യൂറോപ്പിലെ രാജ്യങ്ങളിൽ പ്രദ ർശനത്തിനു് അയയ്ക്കുകയും ചെയ്തുവന്നിരുന്നു. ആ

ദ്യകാലങ്ങളിൽ തിയേററുകളിലെ അരികിലുള്ള ചെറിയ കൂടാരങ്ങളിലും കമ്പോളങ്ങളുടെ സമീപ ത്തുള്ള താല്ക്കാലിക വിനോദശാലകളിലും മററും മാത്ര മായിരുന്നു സിനിമായ്ക്കു സ്ഥാനം ഉണ്ടായിരുന്നതു്. 1915നോടടുത്ത കാലങ്ങളിൽതന്നെ സിനിമയ്ക്കു വേണ്ടി ഏററവും വലിയ തിയേററുകൾ കൊട്ടാര സമാനമായ വിധത്തിൽ സ്ഥാപിക്കപ്പെട്ടുകൊണ്ടി രുന്നു. സിനിമാവ്യവസായത്തിന്റെ വിവിധരംഗങ്ങ ങ്ങളിൽ പ്രവർത്തിയെടുത്തു്, അനേകംപേർ വലിയ ധനികന്മാരുമായിത്തീർന്നിരുന്നു. പാശ്ചാത്യരാജ്യങ്ങ ളുടെ സാമ്പത്തിക ഘടനയിൽതന്നെ വിപ്ലവകരമായ പരിവർത്തനം വരുത്തിക്കൊണ്ടു്, ഒരു നൂതനവ്യവ സായം അങ്ങനെ വളർന്നുവന്നു.

ഗ്രീൻ ഇക്കാലങ്ങളിൽ ഇംഗ്ലണ്ടിൽ വേട്ടയാട പ്പെട്ട ഒരു വ്യക്തിയെപ്പോലെ കഴിയുകയായിരുന്നു. സിനിമയെ ഇംഗ്ലണ്ടിലും വലിയ വ്യവസായമായി ഉയർത്തണമെന്നു് യുദ്ധാനന്തരകാലഘട്ടത്തിൽഅദ്ദേഹം ശക്തിയായി വാദിച്ചുതുടങ്ങി. പക്ഷെ, അന്യനാട്ടുക ളിൽനിന്നും ഇറക്കുമതി ചെയ്ത ഫിലിമുകൾ പ്രദർശി പ്പിച്ചുതന്നെ ധാരാളം പണം സമ്പാദിച്ചിരുന്ന വ്യാവ സായികൾ, ഇംഗ്ലണ്ടിൽതന്നെ ഫിലിം നിർമ്മിക്കു ന്നതിൽ യാതൊരു ശ്രദ്ധയും കാണിച്ചില്ല. സിനി മയുടെ ആദ്യത്തെ ചരിത്രത്തെപ്പററി വലിയ അറി വൊന്നും ഇല്ലാതിരുന്ന ആ വ്യവസായികൾ ഗ്രീനിനെ

പ്പുശ്ചിക്കുകപോലും ചെയ്തിരുന്നു. യാതൊരു പ്രോത്സാഹനവും ആരിൽനിന്നും കിട്ടാതെ അദ്ദേഹം വളരെ സങ്കടപ്പെട്ടു. അദ്ദേഹത്തിന്റെ സാമ്പത്തികപരാധീനതയുടെ പശ്ചാത്തലത്തിൽ അവർ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ ഒരു ഭ്രാന്തന്റെ ആശയങ്ങളോടുപമിച്ചു. അദ്ദേഹം ഇംഗ്ലണ്ടിൽ പൊങ്ങിവരരുതെന്നു മനഃപൂർവ്വമായ ഉദ്ദേശം ഉണ്ടായിരുന്ന ചില അസൂയാലുക്കൾ ഈ വിധമുള്ള വ്യവസായികളെ ബോധപൂർവ്വം തെററിദ്ധരിപ്പിച്ചുകൊണ്ടുമിരുന്നു. ഫിലിം വ്യവസായികളെ വിമർശിച്ചുകൊണ്ടു ഗ്രീൻ പുറപ്പെടുവിച്ചിരുന്ന അവകാശവാദങ്ങളും ഉന്നയിച്ചിരുന്ന ആരോപണങ്ങളും അവരെ അദ്ദേഹത്തിൽനിന്നും വളരെ അകററിക്കളെയുകയും ചെയ്തു.

## 48. ഫിലിം വ്യവസായ സമ്മേളനം – 1921.

അമേരിക്കൻ ഐക്യനാടുകളിൽ നിർമ്മിച്ചിരുന്ന ഫിലിമുകളാണ് ഇംഗ്ലണ്ടിൽ പ്രദർശിപ്പിച്ചുകൊണ്ടിരുന്നത്. ഹോളിവുഡ്ഡിലെ ചലച്ചിത്രങ്ങൾ ഇംഗ്ലണ്ടിലെ സിനിമാ കാഴ്ചക്കാർക്ക് അത്യന്തം തൃപ്തികരമായിരുന്നു. ഇംഗ്ലണ്ടിൽ അപൂർവ്വം ചില നിർമ്മാതാക്കൾ ഫിലിം പിടിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയകരമായിരുന്നുമില്ല. ഫിലിം ഉല്പാദനം എന്നതു് സാക്ഷാത്കരിക്കാവുന്ന ഒരു പരിപാടിയായി നടത്താമെന്നു് ഇംഗ്ലണ്ടിൽ ആരും വിശ്വസിച്ചില്ല. അമേരിക്ക

യിൽനിന്നും ഇറക്കുമതിചെയ്ത ഫിലിംചിത്രങ്ങളെ പ്രദർശിപ്പിച്ച് അവർ തൃപ്തിയടഞ്ഞതേയുള്ളു. ഈ നില തുടൻപോകുന്നതു് ആശാസ്യമല്ലെന്ന് ഗ്രീൻനിരന്തരം പ്രചാരണം നടത്തിവന്നിരുന്നു. അദ്ദേഹത്തിൻെറ ഉദ്ദേശശുദ്ധിയെപ്പററി ബോദ്ധ്യമുണ്ടായിരുന്ന ചിലർ, അദ്ദേഹത്തിനു നല്ല പ്രോത്സാഹനവും കൊടുത്തുകൊണ്ടിരുന്നു. ഇങ്ങനെ ദീർഘകാലംകൊണ്ടു ഗ്രീൻ നടത്തിയ പ്രചാരണത്തിൻെറ ഫലമായി 1921-ൽ ഇംഗ്ലണ്ടിൽ ഫിലിംവ്യവസായികളുടെ ഒരു സമ്മേളനം ലണ്ടനിൽ ചേക്കപ്പെട്ടു. ചലച്ചിത്രനിർമ്മാണപ്രവർത്തനങ്ങൾ ഇംഗ്ലണ്ടിൽ സംഘടിപ്പിക്കുന്നതിനുള്ള ആരംഭമെങ്കിലും ഈ സമ്മേളനത്തിൽ നടത്തണമെന്നുള്ളതായിരുന്നു മുഖ്യമായ ഉദ്ദേശം. സമ്മേളനത്തിൻെറ തീയതി നിശ്ചയിക്കപ്പെട്ടു കഴിഞ്ഞതോടുകൂടി, അതുവരെ ഗ്രീനിനെ കുററം പറഞ്ഞുകൊണ്ടിരുന്ന നിരവധിയാളുകൾ സമ്മേളനം സംഘടിപ്പിക്കുവാൻ ഓടിയെത്തി. സമ്മേളനത്തിൻെറ വിജയം തങ്ങളുടെ സാമർത്ഥ്യംകൊണ്ടാണെന്നു വരുത്തി കൂട്ടുവാനായിരുന്നു അവരുടെ ശ്രമം. ഗ്രീൻ അവരെ പൊളിച്ചുകാട്ടുവാൻ ശ്രമിച്ചില്ല. എങ്ങനെയെങ്കിലും കാൺഫറൻസു നടക്കട്ടെയെന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം.

1921 മേയ് 5-ാംതീയതിയായിരുന്നു കാൺഫറൻസ് ".ബീവർ ബ്രൂക്കപ്രഭു" (Lord Beaver-

Brook) ആയിരുന്നു സമ്മേളനത്തിൻെറ അദ്ധ്യക്ഷൻ. ഗ്രീനിന്ന് പരിചയമുള്ളവരും ഇല്ലാത്തവരുമായി നിരവധി ഫിലിംവ്യവസായികളും തിയേററർ ഉടമസ്ഥന്മാരും സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനത്തിലെ പ്രസംഗങ്ങളിൽ ആക്കും ആവേശക്കുറവുണ്ടായിരുന്നില്ല. അഭിപ്രായവ്യത്യാസവും ആക്കും ഉണ്ടായിരുന്നില്ല. ഇംഗ്ലണ്ടിൽ ഫിലിം വ്യവസായം അഭിവൃദ്ധിപ്പെടുത്തേണ്ട മാർഗ്ഗങ്ങളെപ്പററി ചർച്ച ചെയ്യണമെന്നു തന്നെയായിരുന്നു എല്ലാവരുടേയും ആഗ്രഹം.

അങ്ങനെയിരിക്കേ, ഒരു വൃദ്ധൻ സീററിൽനിന്നും ചാടിയെണീററു് സംസാരിക്കാൻ തുടങ്ങി. അപൂർവ്വം ചിലക്ക് മാത്രമെ അതാരാണെന്നു് അറിയാമായിരുന്നുള്ളു. അതു് ഗ്രീനായിരുന്നു. അദ്ദേഹത്തിന്നു് അന്നു് 66 വയസ്സ് പ്രായമുണ്ടായിരുന്നു. ക്ലേശപൂർണ്ണമായ ജീവിതത്തിൻെറ അടയാളമായ അദ്ദേഹത്തിൻെറ ശരീരം, ചടച്ചു് ക്ഷീണിതമായിരുന്നു. തലമുടിയും നീണ്ട താടിമീശയും നല്ലപോലെ നരച്ചതുമായിരുന്നു.

## 49. അവസാനം.

തറയ്ക്കുന്ന ശൈലികളോടുകൂടി ആ വന്ദ്യവയോധികനിൽനിന്നും ഊക്കോടെ പ്രവഹിച്ച വാക്ധോരണി അന്നത്തെ സമ്മേളനത്തിൻെറ ഗൗരവത്തെ നിമിഷങ്ങൾക്കുള്ളിൽ വാനോളം ഉയത്തി. വലുതായ

സാമ്പത്തിക താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നവരും, വിദ്യാസമ്പന്നരുമായ ആയിരക്കണക്കിനാളുകളെക്കൊണ്ടു നിറഞ്ഞിരുന്ന ആ സദസ്സ് ഗ്രീനിൻെറ വ്യക്തിപ്രഭാവത്തിൻെറ മുമ്പിൽ മായാവിദ്യയാലെന്നപോലെ, നിഷ്പ്രഭമായിത്തീൻ. ആരാണ് ഈ സംസാരിക്കുന്നതെന്ന്, സമീപത്തിരിയ്ക്കുന്നവരോടു ചോദിക്കുവാൻ ആഗ്രഹിച്ചവർപോലും, നാവനക്കാതേയും, കണ്ണിമയ്ക്കാതേയും, നിവന്നിരുന്ന് ഗ്രീനിൻെറ പ്രസംഗം ശ്രദ്ധിച്ചതേയുള്ളു. ഫിലിംവ്യവസായത്തിൽ ലോകത്തിനുതന്നെ നേതൃത്വം കൊടുക്കുവാൻ കെൽപുള്ള തൻെറ നാട്, അതിനുള്ള അവസരത്തെ നിഷ്കരുണം ചവിട്ടിത്തേച്ചു വലിച്ചെറിഞ്ഞതിനെ ഉഗ്രമായ ഭാഷയിൽ അദ്ദേഹം അപലപിച്ചു. ഇങ്ങിനി വരാത്തവണ്ണം ആ ദേശീയസന്ദർഭം നഷ്ടപ്പെട്ടുപോയതു്, നിറയുന്ന കണ്ണുകളോടെ അദ്ദേഹം ചിത്രീകരിച്ചു. സിനിമാലോകത്തിൽ കഴിഞ്ഞ 30-ൽപരംകൊല്ലങ്ങളായി താൻ നടത്തിയിട്ടുള്ള പ്രവത്തനങ്ങളേയും, ഓരോ ഘട്ടങ്ങളിൽ തനിയ്ക്കു കിട്ടിയിട്ടുള്ള തണുത്ത സ്വീകരണങ്ങളേയും, നിഷേധാത്മകം മാത്രമായ പ്രോത്സാഹനങ്ങളേയും, അദ്ദേഹം എണ്ണിയെണ്ണി വിവരിച്ചു. വികാരത്തള്ളൽകൊണ്ടു് അദ്ദേഹം തേങ്ങിത്തേങ്ങി കരഞ്ഞുതുടങ്ങി. കരച്ചിലിനിടയിൽ വാക്കുകൾ തടയപ്പെട്ടു. അത്രയും സമയംകൊണ്ടുതന്നെ, ഇംഗ്ലണ്ടിൻെറ സാമ്പത്തികഘടനയിൽ അന്നുമുതൽ സാരമായ പ്രത്യാഘാ

ത്തങ്ങളുണ്ടാക്കാൻ പര്യാപ്തമായ ഒരു പ്രസംഗം അദ്ദേഹം ചെയ്തുകഴിഞ്ഞിരുന്നു.

സംസാരിക്കാനാവാതെ രണ്ടു കൈകൾകൊണ്ടും മുഖം പൊത്തിപ്പിടിച്ച് ഏങ്ങിയേങ്ങി കരഞ്ഞുകൊണ്ടു നിന്ന ആ വൃദ്ധനെ അദ്ധ്യക്ഷപീഠത്തിൽ ഇരിപ്പുറപ്പിച്ചിരുന്നവർ താങ്ങിപ്പിടിച്ച് അടുത്തു കിടന്ന കസേരയിൽ ഇരുത്തി. ആ ഇരുപ്പിൽ കുനിഞ്ഞിരുന്ന് ഏതാനും നിമിഷംകൂടി അദ്ദേഹം കരഞ്ഞു. പിന്നെ അദ്ദേഹം ശബ്ദിച്ചില്ല; അദ്ദേഹം മരിച്ചു കഴിഞ്ഞിരുന്നു. 5-5-1921.

അദ്ദേഹത്തിൻെറ കീശയിൽ ഒരു ഷില്ലിംഗും പത്തു പെനിയും മാത്രം ഉണ്ടായിരുന്നു. ആരുടെയറിവിലും, വേറെ യാതൊരു സമ്പാദ്യവും അദ്ദേഹത്തിനു ഈ ലോകത്തിൽ ശേഷിച്ചിരുന്നില്ല. അടുത്ത ദിവസം അദ്ദേഹത്തിൻെറ ആഹാരത്തിനുള്ള വഴിയെന്തായിരുന്നു എന്നും ആൎക്കും ഊഹിക്കുവാൻ കഴിയുമായിരുന്നില്ല.

ഫിലിം വ്യവസായം അദ്ദേഹത്തിന് അൎഹമായ തരത്തിൽ ഒരു ശവസംസ്കാരം നൽകി. സിനിമാനിൎമ്മാണരംഗത്ത് അദ്ദേഹത്തിൻെറ അതുല്യമായ സ്ഥാനത്തെ അത്രയും വൈകിയ വേളയിൽ അവർ ആദരിച്ചതു്, അതിമനോഹരമായ ഒരു ശവകുടീരം "ഹൈഗേററ് സിമിത്തേരി"യിൽ (High Gate

Cemetery) നിർമ്മിച്ചുകൊണ്ടാണ്. അതിൽ ഇപ്രകാരം മുദ്രണം ചെയ്യപ്പെട്ടു. "വില്യം ഫ്രീസ് ഗ്രീൻ — സിനിമാട്ടോഗ്രാഫിയുടെ കണ്ടുപിടിത്തക്കാരൻ" (WILLIAM FRAISE-GREENE—THE INVENTOR OF KINEMATOGRAPHY).

ഇന്നും നമുക്കതു കാണാം. ഇന്ന് ഫിലിംവ്യവസായം ഇംഗ്ലണ്ടിന്റെ സാമ്പത്തികഘടനയിൽ സാരമായ സ്വാധീനം ചെലുത്തുന്ന പ്രസ്ഥാനമായി ഉയൎന്നുകഴിഞ്ഞിട്ടുണ്ട്.

50. <u>സമാപനം.</u>

ഗ്രീനിന്റെ ജീവിതകഥ, വിദ്യാൎത്ഥികൾ, വ്യവസായികൾ, ശാസ്ത്രജ്ഞന്മാർ, ഭരണകൎത്താക്കൾ മുതലായി വിവിധ ജീവിതാന്തസ്സുകളിൽ പ്രവൃത്തിയെടുക്കുന്നവരെ, ഇരുത്തിച്ചിന്തിപ്പിക്കുന്ന അനേകം ഗുണപാഠങ്ങൾ ഉൾക്കൊള്ളുന്നു. എന്തൊക്കെയാണ്, ആ ഗുണപാഠങ്ങൾ എന്നതു്, ഈ ഗ്രന്ഥത്തിന്റെ പേജുകളിൽക്കൂടി കടന്നുപോന്നിട്ടുള്ള വായനക്കാരുടെ തീൎച്ച്യ്ക്കു വിടുകയാണ്.

~~1414~~ 14
884

# സിനിമയുടെ ജനനം

V. SMARAKA GRANDHASALA
THENNOORKONAM,
VIZHINJAM

GRANDHA SALA
THENNOORKONAM
VENGANOOR P. O.